നിയമസഭ: വൈദിക സാമാജികർ

THE MALANKARA SABHA

മലങ്കരസഭ

ഏപ്രിൽ 2016

The Official Media of Malankara Orthodox Syrian Church

Rs : 15

Pentekostē

Πεντηκοστή

SILENCE

മെത്രാൻ കായലും പഠിത്തവീടും...

പ്രസിദ്ധ തീർത്ഥാടന കേന്ദ്രമായ

മൈലപ്രാ വലിയപള്ളി

പെരുന്നാൾ

മെയ് 6,7

mylapra valiyapalli perunnal 2016

അനുഗ്രഹത്തിന്റെ
വറ്റാത്ത നീരുറവ

സത്യ വിശ്വാസത്തിന്റെയും മഹത്തായ പാരമ്പര്യത്തിന്റെയും ചരിത്രമുറങ്ങുന്നതും മലങ്കര സഭയിലെ അതിപുരാതനവും ദക്ഷിണ കേരളത്തിലെ പ്രസിദ്ധ തീർത്ഥാടന കേന്ദ്രവുമായ മൈലപ്രാ സെന്റ് ജോർജ്ജ് ഓർത്തഡോക്സ് വലിപള്ളിയുടെയും ദേശത്തിന്റെയും കാവൽ പിതാവും മദ്ധ്യസ്ഥനുമായ വിശുദ്ധ ഗീവർഗീസ് സഹദായുടെ ഓർമ്മപെരുന്നാൾ 2016 ഏപ്രിൽ 24 മുതൽ മെയ് 7 വരെ തീയതികളിൽ വിപുലമായ പരിപാടികളോടുകൂടി ആചരിക്കുന്നു. പെരുന്നാളിൽ സംബന്ധിച്ച് അനുഗ്രഹം പ്രാപിക്കുവാൻ ഏവരെയും കർത്തൃ നാമത്തിൽ സ്വാഗതം ചെയ്യുന്നു

മൈലപ്രാ വലിയപള്ളിക്കുവേണ്ടി,

ഫാ. ജോൺ ഫിലിപ്പോസ്
(വികാരി)

പ്രോഗ്രാം

2016 ഏപ്രിൽ 30

8.00 am : വി.കുർബ്ബാന
അഭി.ഡോ.ജോസഫ് മാർ ദിവന്നാസിയോസ് തിരുമനസ്സുകൊണ്ട്

2016 മെയ് 1

8.00 am : വി.കുർബ്ബാന
പരിശുദ്ധ കാതോലിക്ക ബാവാ തിരുമനസ്സുകൊണ്ട്
10.00 am : ജോർജ്ജിയൻ അവാർഡ് ഫോർ എക്സലൻസ് സമർപ്പണം
11.00 am : ചെമ്പിൽ അരിയിടിൽ കർമ്മം

2016 മെയ് 5

06.30 pm : കുടുംബസംഗമം
മുഖ്യസന്ദേശം : ഫാ. മാത്യു ചൊല്ലാനി

2016 മെയ് 6

8.00 am : സമൂഹ ബലി
5.00 pm : പദയാത്രികർക്ക് സ്വീകരണം
6.00 pm : സന്ധ്യാനമസ്കാരം
8.00 pm : ഭക്തി നിർഭരമായ റാസ
10.00 pm : വാഴ്‌വ്

2016 മെയ് 7

8.00 am : വി. മൂന്നിന്മേൽ കുർബ്ബാന
അഭി.ഡോ.യൂഹാനോൻ മാർ ദീയസ്ക്കോറോസിന്റെ മുഖ്യ കാർമികത്വത്തിൽ
11.00 am : പകൽ റാസ
12.00 pm : നേർച്ച സദ്യ
01.00 pm : ചരിത്ര പ്രസിദ്ധമായ മൈലപ്രാ ചെമ്പെടുപ്പ്
02.00 pm : കൊടിയിറക്ക്

സെന്റ് ജോർജ്ജ് ഓർത്തഡോക്സ് വലിയപള്ളി
മൈലപ്രാ ടൗൺ പി. ഒ, പത്തനംതിട്ട
www.mylapravaliyapalli.com
Ph: 0468-2223219,+918547823219 (Mob)

PERUNNAL LIVE TELECAST ON
www.malankaraorthodox.tv
www.mylapravaliyapalli.com



മലങ്കരസഭ

ഏറ്റവും പ്രചാരമുള്ള സഭാ പ്രസിദ്ധീകരണം

www.malankarasabhaonline.in
malankarasabha1946@gmail.com
sabhamasika@yahoo.com

ലക്കം 4, പുസ്തകം 70, ഏപ്രിൽ 2016

5 മഹാപുരോഹിത സന്ദേശം

6 എഡിറ്റോറിയൽ
ഋഷിയും പ്രതിഭയും
- ഫാ.ഡോ.ജോൺ തോമസ് കരിങ്ങാട്ടിൽ

8 മൗനത്തിന്റെ സൗന്ദര്യം
പഠനം
- ഡോ. യൂഹാനോൻ മാർ പോളികാർപ്പോസ്

12 നിയമസഭ: വൈദിക സാമാജികർ
ഗവേഷണം
- വർഗീസ് ജോൺ തോട്ടപ്പുഴ

16 വാസ്തു വിദ്യ
പഠനം
- ഫാ. തോമസ് ജോർജ്, തിരുവനന്തപുരം

20 ജീവിത സായാഹ്നത്തിൽ...
ആത്മ രേഖ
- ഫാ. ഡോ. റ്റി. ജെ. ജോഷ്വ

25 നന്ദിയോടെ ഞാൻ...
പഠനം
- അഡ്വ. വർഗീസ് പി. തോമസ്

28 പുറപ്പാടു പുസ്തകം
ബൈബിൾ
- ഫാ. കെ. വി. എലിയാസ്

32 മെത്രാൻ കായലും...
ചരിത്രം
- ഡോ. എം. കുര്യൻ തോമസ്

44 അമ്മ...
മാതൃദിനം
- ഫാ. ദീപു ഫിലിപ്പ് എള്ളാലയിൽ



പരിശുദ്ധ ബസേലിയോസ് പൗലോസ് പ്രഥമൻ കാതോലിക്കാ ബാവായുടെ
103-ാം ഓർമ്മ പാമ്പാക്കുട ചെറിയ പള്ളിയിൽ

President
Dr. Zacharias Mar Aprem
Chief Editor
Fr. Dr. John Thomas Karingattil

Printed and Published by
Fr. Deepu Philip for Orthodox Viswasa Paripalana Samithy, Kottayam.
Sub Editor
Fr. Shalu Lukose Thirumangalam

Printed at
Catholicate press, Devalokam Kottayam-04;

Malankara Sabha
For Subscription queries
sabhamasika@yahoo.com
For Editorial queries
malankarasabha1946@gmail.com

www.malankarasabhaonline.in

Devalokam Kottayam-04;
Ph:0481-2573234

Rs. 15/-

BRIEFLY

ഡൽഹി ഭദ്രാസനത്തിൽ പ്രവർത്തിച്ച് ഇപ്പോൾ കേരളത്തിൽ വിശ്രമ ജീവിതം നയിക്കുന്ന വൈദിക-അത്മായരുടെ സംഗമം ജൂൺ 14-ന് കോട്ടയം പഴയ സെമിനാരിയിൽ നടത്തും. ഡൽഹി ഭദ്രാസന തലമുറ സംഗമത്തിൽ പങ്കെടുക്കുവൻ ആഗ്രഹിക്കുന്നവർ മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യണം. ഫോൺ: 98104227740, 9999815348.

അഖില മലങ്കര മർത്തമറിയം വനിതാ സമാജം വാർഷിക ക്യാമ്പ് ഏപ്രിൽ 27-29 പാമ്പാടി മാർ കുറിയാക്കോസ് ദയറായിൽ നടത്തും. രജിസ്ട്രേഷൻ ഫീസ് 1000 രൂപ. ഏപ്രിൽ 15-നു മുമ്പായി പങ്കെടുക്കുന്നവർ കേന്ദ്ര ഓഫീസിൽ പേര് നൽകണം.

അഖില മലങ്കര പ്രാർത്ഥനാ യോഗം വാർഷിക സമ്മേളനം ഏപ്രിൽ 16-ന് ശനിയാഴ്ച പാമ്പാടി പൊത്തൻപുറം മാർ കുറിയാക്കോസ് ദയറായിൽ നടത്തും. പ. കാതോലിക്കാ ബാവ സമ്മേളനം ഉദ്ഘാടനം ചെയ്യും. ഫാ. ഡോ. റ്റി. ജെ. ജോഷ്വാ ധ്യാനം നയിക്കും.

യുവജന പ്രസ്ഥാനം അഖില മലങ്കര വാർഷിക കോൺഫ്രൻസ് സെപ്റ്റം. 30 മുതൽ ഒക്ടോ. 2 വരെ അഹമ്മദ്ബാദിൽ നടത്തും.

'മലങ്കരസഭാ വാർത്തകൾ' സഭയുടെ ഔദ്യോഗിക വെബ്സൈറ്റായ കാതോലിക്കേറ്റ് ന്യൂസിലേക്ക് അയച്ചു തരണം.
വിലാസം :
www.catholicatenews.in

www.facebook.com/malankarasabha
(മലങ്കരസഭ മാസികയുടെ ഫെയ്സ് ബുക്ക് അക്കൗണ്ട്)

വായിക്കുക പ്രചരിപ്പിക്കുക വരിക്കാരാവുക
മലങ്കരസഭ മാസിക
70 വർഷത്തെ അക്ഷര വെളിച്ചം
www.malankarasabhaonline.in

മലങ്കരസഭ

10 ഏപ്രിൽ 2016

എല്ലാ മാസവും മലങ്കരസഭയുടെ അക്ഷര പ്രകാശം

EDITORIAL BOARD

പ്രസിഡന്റ്
ഡോ. സഖറിയാസ് മാർ അപ്രേം
മെത്രാപ്പോലീത്താ
Phone: 0481-2578500, 2578499

ചീഫ് എഡിറ്റർ
ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ
Phone: 9447141639

മാനേജിംഗ് എഡിറ്റർ
ഫാ. ദീപു ഫിലിപ്പ്
Mob:- 9446996224

സബ് എഡിറ്റർ
ഫാ.ഷാലു ലൂക്കോസ്,തിരുമംഗലം
Mob:- 9446707276

സർക്കുലേഷൻ മാനേജർ
കെ. എ. ജോൺ
Mob:- 9744648617

അംഗങ്ങൾ
ഫാ. ഡോ. റ്റി. ജെ. ജോഷ്വ
ഫാ. എബ്രഹാം തോമസ് കടക്കാമണ്ണിൽ
ഫാ. സഖറിയ നൈനാൻ
ഡോ. ജോർജ് ജോസഫ്
പ്രൊഫ. തോമസ് കുരുവിള
ജിജി ജോൺസൺ

Cover & Graphic Designing:-
Jinto Kurichy at
Malankara Sabha

www.malankarasabhaonline.in

വരിസംഖ്യ

ഇന്ത്യയിൽ
ഒറ്റപ്രതി:15 രൂപ
ഒരുവർഷം: 180 രൂപ
2 വർഷം : 360 രൂപ
4 വർഷം: 700 രൂപ
6 വർഷം: 1000 രൂപ

വിദേശത്തേക്ക്
ഒരു വർഷം : 2000 രൂപ

വിലാസം:
മലങ്കരസഭ മാസിക,
ദേവലോകം അരമന,
ദേവലോകം പി.ഒ., മുട്ടമ്പലം (via),
കോട്ടയം-686004

www.facebook.com:
malankarasabha

ഗുരുമൊഴി



കുറിയാക്കോസ് മാർ ക്ലീമ്മീസ് മെത്രാപ്പോലീത്താ

സഭാ കവി സി. പി. ചാണ്ടിസാറുമൊത്ത് 1958 മുതൽ ബേസിൽ ദയറായിൽ താമസിക്കുവാൻ എനിക്കു ഭാഗ്യം ലഭിച്ചിട്ടുണ്ട്. പത്തനംതിട്ട കാതോലിക്കേറ്റ് ഹൈസ്ക്കൂളിൽ ഒന്നിച്ചു പഠിക്കുവാൻ ലഭിച്ച സന്ദർഭം എന്നും സ്മരിക്കുവാൻ സാധിക്കും. ഒരു മാതൃകാദ്ധ്യാപകനായ അദ്ദേഹം സഹപ്രവർത്തകരിലും ശിഷ്യഗണങ്ങളിലും എന്നും ജീവിക്കുമെന്നതിന് സംശയമില്ല. ഒരിക്കലും മറക്കാത്ത ഫലിതങ്ങൾ, ഭാഷാശൈലി, വേഷവിധാനം-എല്ലാം ഓർമ്മയിൽ തെളിഞ്ഞു നിൽക്കും.

നമ്മുടെ സഭയിൽ ആരാധന നിലനിൽക്കുന്നിടത്തോളം കാലം അദ്ദേഹം രചിച്ചിട്ടുള്ള സ്വർഗ്ഗീയഗാനങ്ങളും അതിന്റെ മാധുര്യവും പരിമളം പരത്തുമെന്ന് നമുക്ക് പ്രത്യാശിക്കാം. അദ്ദേഹത്തിന്റെ ജീവചരിത്രത്തിന് നൽകിയിരിക്കുന്ന പേര് 'സ്വർഗ്ഗീയ കിന്നരം' എന്നത് എത്ര അന്വർത്ഥമായിരിക്കുന്നു.

ഗാനരചനയിലും പരിഭാഷയിലും അദ്ദേഹത്തിനുള്ള കഴിവ് അതുല്യമാണ്. ആഴമായ വേദശാസ്ത്ര സത്യങ്ങൾക്ക് കോട്ടംകൂടാതെയും ആരാധനയുടെ ലയങ്ങൾക്ക് മാറ്റം വരാതെയും കവിത എഴുതുന്നതിൽ അദ്ദേഹം പൂർണ്ണമായി വിജയിച്ചിട്ടുണ്ട്. ക്രിസ്തു ശാസ്ത്രത്തിൽ അഗ്രഗണ്യനായ റവ.ഡോ.വി.സി. ശാമുവേൽ, ചാണ്ടിസാറിന്റെ ഈ കഴിവിനെ ശ്ലാഘിക്കുന്നതിന് ഉദ്ധരിക്കുന്ന ആരാധനാഭാഗം ഞാൻ ഈ അവസരത്തിൽ എടുത്തു പറയുകയാണ്. നമ്മുടെ ഞായറാഴ്ചത്തെ പ്രഭാത നമസ്ക്കാരത്തിൽ കർത്താവിന്റെ മനുഷ്യാവതാരത്തെ വിവരിക്കുന്ന

നിർമ്മലാ-മുദരേ നിർമ്മലമായ്/ വന്നു വസിച്ചോരു നിർമ്മലനാം/ആത്മജനെ-പ്രേഷിപ്പിച്ചവനാം/നിർമ്മലതാതൻ സംസ്തുത്യൻ/തൻ സാമ്യം നാം പൂണ്ടിടുവാൻ/നമ്മുടെ സാമ്യമവൻ പൂണ്ടു/നമ്മേ തൻ പിതൃസുതരാക്കി/പാവനറൂഹായോടു ചേർപ്പാൻ/മാനവരൂപം സ്വയമേറ്റാൻ എന്ന ഗാനം എത്ര മനോഹരമാണ്. ഇതിൽ പ്രാസവും, ഭാഷയും വേദശാസ്ത്രവും എല്ലാം എത്ര ശ്രേഷ്ഠമായി സമന്വയിച്ചിരിക്കുന്നു.

കവിതയിൽ നല്ല പ്രാവീണ്യവും സുന്ദരമായ തമാശയും അവതരിപ്പിക്കുന്നതിൽ വളരെ നിപുണൻ. ലളിതമായ ഭാഷയാണ് സി.പി. ചാണ്ടിയുടേത്. ആരാധന മലയാളത്തിലാക്കി മലങ്കര സഭാംഗങ്ങളെ സന്തുഷ്ടരാക്കിത്തീർത്തു. മലയാളത്തിലേക്ക് ആരാധനാഗാനങ്ങൾ പരിഭാഷപ്പെടുത്തുന്നതിൽ അതീവ ജാഗ്രത പുലർത്തി. ഹൃദ്യവും മനോഹരവുമായ ഭാഷയിൽ ആരാധനയെ സമ്പുഷ്ടമാക്കിയ സി.പി. ചാണ്ടിയുടെ സേവനത്തെ സഭ നന്ദിപൂർവ്വം ഓർക്കുന്നു. ആരാധനാഗാനങ്ങൾ ആലപിക്കുമ്പോൾ ഭക്തിപൂർവ്വം ചൊല്ലുമ്പോൾ, സി.പി. ചാണ്ടി സാറിനെയും പ്രാർത്ഥനയിൽ ഉൾക്കൊള്ളുന്നു.

പ്രിയപ്പെട്ട ചാണ്ടിസാർ വിശ്രമജീവിതം നയിച്ച ഭവനം ഞാൻ പലപ്പോഴും സന്ദർശിക്കാറുണ്ട്. പഴയ ചിട്ടയും രീതിയുമെല്ലാം എപ്പോഴും പെരുമാറ്റത്തിൽ ദർശിക്കാം. ആദ്യമൊക്കെ കൂടുതൽ സംസാരിക്കുമായിരുന്നു. അവസാനം കണ്ടപ്പോൾ കുശലം വളരെ കുറച്ചേ പറഞ്ഞുള്ളു. രണ്ടു വാക്കുകളിൽ മാത്രം ഒതുക്കി നിർത്തി-അതിപ്രകാരമായിരുന്നു. 'ഇപ്പോൾ വായിക്കുന്നില്ല, എഴുതുന്നില്ല'. അതിൽ എല്ലാം ഉൾക്കൊണ്ടിട്ടുണ്ട്.

അദ്ദേഹത്തിന്റെ ഗാനങ്ങൾ പാടുമ്പോഴും-പ്രാർത്ഥിക്കുമ്പോഴും-ചാണ്ടി സാറിനെ ഓർക്കാതിരിക്കാൻ നമ്മുടെ സഭയ്ക്ക് സാധിക്കയില്ല. സഭയുടെ ആത്മീയജീവിത പ്രധാനമായ ആരാധനാഗാന രചനകളെ സംബന്ധിച്ചിടത്തോളം ഇത്രയധികം മികച്ച സേവനം ചെയ്ത മറ്റൊരു വ്യക്തിയെ ഈ സഭയ്ക്ക് ദർശിക്കുവാൻ കഴിയില്ല. ■

മഹാപുരോഹിത സന്ദേശം

കർത്താവിൽ പ്രിയരേ,

നമ്മുടെ പരുമല ഇന്റർ നാഷണൽ കാൻസർ കെയർ സെന്ററിന്റെ നിർമ്മാണപ്രവർത്തനങ്ങൾ അതിവേഗം പുരോഗമിക്കുന്നു. ഇതിനോടകം 85 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി. 2016 നവംബർ 1-ാം തീയതിയോടെ കാൻസർ സെന്റർ ഉത്ഘാടനം ചെയ്ത് പ്രവർത്തനം ആരംഭിക്കണമെന്ന് ആഗ്രഹിക്കുന്നു. ഇതിലേക്ക് ഉടനടി 50 കോടി രൂപാ കൂടി ആവശ്യമുണ്ട്. സഭാ മക്കളിൽ ഗണ്യമായ ഒരു വിഭാഗം ഇതിനോടകം സഹായിച്ചുകഴിഞ്ഞു. പണം ലഭിക്കുന്നതിന് ഇനിയും ഏതെങ്കിലും കാരണത്താൽ തടസ്സം നേരിട്ടാൽ കാൻസർ കെയർ സെന്ററിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നിലച്ചുപോകും എന്ന് നമുക്ക് വലിയ ആശങ്കയുണ്ട്.

2016 ഫെബ്രുവരി മാസത്തിൽ കൂടിയ പ. എപ്പിസ്കോപ്പൽ സുന്നഹദോസ് നിശ്ചയപ്രകാരം വ്യക്തികളിൽ നിന്നും സാമ്പത്തിക ഭദ്രതയുള്ള ഇടവകകളിൽ നിന്നും ഒരു ലക്ഷം രൂപയോ അതിന്റെ ഗുണിതങ്ങളോ അഞ്ചുവർഷ കാലയളവിലേക്ക് ലോൺ ലഭ്യമാക്കി നിർമ്മാണപ്രവർത്തനങ്ങൾക്കുള്ള തുക കണ്ടെത്തുവാൻ പരിശ്രമിക്കുകയാണ്. ലോൺ തുക പലിശരഹിതമായോ, ആണ്ടിൽ 7% പലിശ അതല്ലെങ്കിൽ ഒരു ലക്ഷം രൂപയ്ക്ക് ആണ്ടിൽ 9000/- രൂപപ്രകാരം ലോൺ തിരിച്ചടയ്ക്കുന്നതുവരെയുള്ള കാലയളവിൽ സൗജന്യ ചികിത്സ - ഇവയിൽ ഏതെങ്കിലും ഒരു വ്യവസ്ഥയിൻ പ്രകാരമോ സ്വീകരിക്കുന്നതാണ്. പരിശുദ്ധ സഭയുടെ എപ്പിസ്കോപ്പൽ സുന്നഹദോസ് നിശ്ചയമനുസരിച്ച് സമാരംഭിക്കുന്ന ഈ പദ്ധതിയിൽ സ്വീകരിക്കുന്ന ലോണുകൾ മേൽ പ്രസ്താവിച്ച വ്യവസ്ഥകൾ പ്രകാരം പ. സഭയുടെ പരിപൂർണ്ണമായ ഉത്തരവാദിത്തത്തിൽ തിരികെ നൽകുന്നതാണ്. ലോൺ നൽകുന്നവർക്ക് നമ്മുടെ കൈയൊപ്പോടുകൂടിയ ബോണ്ടുകൾ നൽകത്തക്കവണ്ണം ക്രമീകരിച്ചിട്ടുണ്ട്.

വീണ്ടും പ്രിയരേ,

കോട്ടയം മെത്രാസനത്തെ ദൈവാശ്രയത്തോടും പ്രാർത്ഥനാപൂർവ്വമുള്ള കരുതലോടും കൂടെ വികസനത്തിന്റെ പാതയിൽ ദൈവോന്മുഖമായി നയിച്ച ഭാഗ്യസ്മരണാർഹനായ ഗീവർഗീസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ ദേഹവിയോഗത്തെ തുടർന്ന് പ. സഭയുടെ ഭരണഘടന 95-ാം വകുപ്പ് പ്രകാരം, നമ്മുടെ 2013 ഏപ്രിൽ മാസം 12-ാം തീയതിയിലെ 99/2013-ാം നമ്പർ കൽപനയിലൂടെ ആ മെത്രാസനം നാം ഏറ്റെടുത്ത് ഭരണം നിർവ്വഹിച്ചുവരികയാണല്ലോ.

പ. സഭയുടെ പ്രധാന മേലദ്ധ്യക്ഷൻ എന്ന നിലയിലുള്ള നമ്മുടെ ഭാരിച്ച ചുമതലകൾ നിമിത്തം കോട്ടയം മെത്രാസനഭരണത്തിൽ നമ്മുടെ പൂർണ്ണ ശ്രദ്ധപതിപ്പിക്കുവാൻ സാധിക്കാതെ വരുന്ന സാഹചര്യത്തിൽ ആ മെത്രാസന ഭരണത്തിൽ നമ്മെ സഹായിക്കേണ്ടതിന് കോട്ടയം മെത്രാസന സഹായമെത്രാപ്പോലീത്തായായി നമ്മുടെ മദ്രാസ് മെത്രാസനത്തിന്റെ അഭിവന്ദ്യ ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ് മെത്രാപ്പോലീത്തായെ നിയമിച്ചിരിക്കുന്ന വിവരം ഈ കൽപനയിലൂടെ നാം നിങ്ങളെ അറിയിക്കുന്നു. കോട്ടയം മെത്രാസനത്തിന്റെ സഹായ മെത്രാപ്പോലീത്താ എന്ന നിലയിൽ മെത്രാസന കേന്ദ്രമായ പാമ്പാടി മാർ കുറിയാക്കോസ് ദയറാ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന അഭിവന്ദ്യ ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ് മെത്രാപ്പോലീത്തായിൽ നിന്നുള്ള കൽപനകളും നിർദ്ദേശങ്ങളും നിങ്ങൾ ഏവരും അനുസരിക്കുകയും, നമ്മെയെന്നപോലെ അദ്ദേഹത്തെ ബഹുമാനിച്ചാദരിച്ച് നടന്നുകൊള്ളുകയും വേണം. ദൈവം അനുഗ്രഹിക്കട്ടെ.

ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ

EDITORIAL

C.P. CHANDY

ഋഷിയും പ്രതിഭയും



Life and Witness of SABHA KAVI CP CHANDY

2016 : സഭാ കവി സി. പി. ചാണ്ടിയുടെ ജന്മശതാബ്ദി

2005 മെയ് 4-ന് അന്തരിച്ചു

സഭയുടെ കാതലായ ആരാധനകളും നമസ്ക്കാര ക്രമങ്ങളും എല്ലാം സുറിയാനിയിൽ നിന്നും ലളിത സുന്ദരവും കാവ്യാത്മകവുമായ മലയാള ഗീതങ്ങളായി വിവർത്തനം ചെയ്ത സി.പി. ചാണ്ടിയുടെ മഹത്തായ സേവനം മലങ്കര സഭയ്ക്ക് ഒരിക്കലും വിസ്മരിക്കാനാവില്ല.

-പ. മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവ

* * *

മലയാള സാഹിത്യത്തിലെ കീർത്തന ശാഖയിലാണ് സി.പി. ചാണ്ടിയുടെ സ്ഥാനം. കീർത്തനങ്ങൾ ഈശ്വര സ്തുതികളാണ്. ഭക്തനായ കവിയുടെ മനസു നിറയെ ഈശ്വരൻ നിറഞ്ഞു നിൽക്കുന്നു. ചാണ്ടി സാറിന്റെ ജീവിതത്തിൽ ദൈവപുത്രനായ യേശുവാണ് വഴിയും സത്യവും വെളിച്ചവുമായി നിന്നത്. അതിനാൽ ദൈവത്തെക്കുറിച്ച് പാടി പാടി ആത്മ നിർവൃതിയടഞ്ഞു.

- ഡോ. സാമുവേൽ ചന്ദനപ്പള്ളി

* * *

സഭയ്ക്കുവേണ്ടി സമർപ്പിക്കപ്പെട്ട ജീവിതമാണ് സി.പി. ചാണ്ടിയുടേത്. ഗൃഹസ്ഥാശ്രമം പോലും വേണ്ടെന്നു വച്ചു സഭയുടെ ആരാധനാ ഗീതങ്ങൾ രചിക്കുന്നതിൽ ചാരിതാർത്ഥ്യം കണ്ടെത്തി മുന്നോട്ടു പോയ അദ്ദേഹം സഭയ്ക്ക് ചെയ്ത മഹനീയ സേവനത്തിനു തക്ക സമീപനം ലഭിച്ചോ എന്നു സംശയമുണ്ട്.

- ചെമ്മനം ചാക്കോ

മലങ്കര സഭയിൽ സുറിയാനി ആരാധനയ്ക്ക് മലയാളത്തിന്റെ മധുരം പകർന്ന അനുഗ്രഹീത കവിയാണ് സഭാ കവി വെണ്ണിക്കുളം സി.പി. ചാണ്ടി (1916-2005). മലങ്കര സഭയിലെ ആരാധന സ്വർഗീയമാണ്. മധുരമായ രാഗങ്ങളും താളങ്ങളും ആരാധനയെ സജീവമാക്കുന്നു. യാമപ്രാർത്ഥനകളും ആരാധനാ ഗീതങ്ങളും ഭക്തിസാന്ദ്രവും വേദാധിഷ്ഠിതവുമാണ്. അതിനാൽ മലങ്കരസഭയിലെ ആരാധനാ ഗാനങ്ങൾക്ക് വിശ്വാസ സമൂഹത്തിൽ പ്രമുഖ സ്ഥാനമുണ്ട്. പാശ്ചാത്യ സുറിയാനി ആരാധന ക്രമങ്ങൾ മലയാള ഗാനങ്ങളാക്കി ചിട്ടപ്പെടുത്തിയത്, വിശ്വാസ സമൂഹത്തിന് പുതിയ അനുഭവം പ്രദാനം ചെയ്തു. ബൈബിൾ-ആരാധന ക്രമങ്ങളുടെ മലയാള വിവർത്തനത്തിന് രണ്ട് നൂറ്റാണ്ടിന്റെ ചരിത്രം ഉണ്ടെങ്കിലും ആരാധന ക്രമങ്ങൾ ശുദ്ധവും സുന്ദരവുമായി മലയാള ഗീതത്തിലേക്ക് മൊഴിമാറ്റം ചെയ്തത് ഇരുപതാം നൂറ്റാണ്ടിന്റെ മദ്ധ്യത്തിലാണ്.

മലങ്കര സഭയിലെ മലയാള ആരാധനാ ഗാനങ്ങൾക്ക് കാവ്യാത്മകതയും താളാത്മകതയും നൽകി ആരാധനാ സാഹിത്യത്തെ സമ്പുഷ്ടമാക്കിയ മഹാപ്രതിഭയാണ് വെണ്ണിക്കുളം സി.പി. ചാണ്ടി. അനിതര സാധാരണമായ കാവ്യസിദ്ധിയും സർഗ്ഗാത്മകതയും ബഹുഭാഷാ നിപുണതയും സമന്വയിച്ച പ്രതിഭാശാലിയായ അദ്ദേഹത്തിന് ആശയങ്ങൾ സുലളിത പദവിന്യാസങ്ങളോടെ കോർത്തിണക്കുവാൻ അതീവ പ്രാഗൽഭ്യം ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ കർമ്മ നിരതവും ഉജ്ജ്വലവുമായ തപസ്യയാൽ സുറിയാനി ആദ്ധ്യാത്മീകത, സംഗീതാത്മകവും താളാത്മകവുമായി ഭക്തഹൃദയങ്ങളിൽ ലളിത സുന്ദരമായി നിറയ്ക്കുവാൻ സാധിക്കുന്നു. ആത്മജ്ഞാനിയായ മിസ്റ്റിക്ക് പ്രതിഭയ്ക്കു മാത്രമേ ഇത്രയും ഭാവദീപ്തമായി ആരാധനാ ഗീതങ്ങൾ അതിസമർത്ഥമായി ആവിഷ്ക്കരിക്കുവാൻ കഴിയൂ.

വെണ്ണിക്കുളത്ത് ചക്കാലക്കുന്നേൽ ഫീലിപ്പോസ് ഉപദേശിയുടെയും അക്കാമ്മയുടെയും മകനായി 1916 ഫെബ്രുവരി 25-ന് ജനിച്ചു. ഹൈസ്ക്കൂൾ പഠനത്തിന് ശേഷം ആലുവാ അദ്വൈതാശ്രമത്തിൽ നിന്നും *സംസ്കൃത ശാസ്ത്രിയും* 1945-ൽ തിരുവിതാംകൂർ സർവ്വകലാശാലയിൽ നിന്നും *സാഹിത്യവിശാരദും* കരസ്ഥമാക്കി. മലയാളം, ഹിന്ദി, ഇംഗ്ലീഷ്, സംസ്കൃതം, സുറിയാനി, തമിഴ് ഭാഷകളിൽ അതീവ പ്രാവീണ്യം നേടി. 26-ാം വയസിൽ സ്ലീബാ ദാസ പ്രവർത്തനങ്ങളിൽ (1942-44) വ്യാപൃതനായി.

ഭാഷയിലും സാഹിത്യത്തിലും അതീവ വ്യുൽപ്പത്തി നേടിയ സി. പി. ചാണ്ടിയുടെ സർഗ്ഗശേഷി തിരിച്ചറിഞ്ഞ പ. ഗീവർഗീസ് ദ്വിതീയൻ ബാവ, സുറിയാനി ആരാധനാ ഗാനങ്ങൾ മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തുവാനുള്ള ഉത്തരവാദിത്വം നൽകി. 1945 മുതൽ കോട്ടയം പഴയ സെമിനാരിയിൽ താമസിച്ച് ആരാധനക്രമങ്ങളുടെ മൊഴിമാറ്റ പ്രക്രിയക്ക് തുടക്കം കുറിച്ചു. സുറിയാനി മല്പാനായ വട്ടക്കുന്നേൽ ഫാ. വി.കെ. മാത്യൂസ് (പ. മാത്യൂസ് പ്രഥ



EDITORIAL

മൻ ബാവാ) ഭാഷാന്തരം ചെയ്യുന്ന ആരാധനാ ഗദ്യം മലയാളത്തിലേക്ക് കവിതയായി സി.പി. ചാണ്ടി മൊഴിമാറ്റം നടത്തി. ഒരു മേശയുടെ ഇരുവശങ്ങളിലിരുന്ന് അവർ തർജ്ജമ നിർവ്വഹിച്ചു. ആരാധന ക്രമങ്ങൾ തർജ്ജമ ചെയ്തപ്പോൾ സുറിയാനിയിലെ അലങ്കാര ഭംഗി നഷ്ടപ്പെടാതെ ശ്രദ്ധിക്കുകയും മലയാള പരിഭാഷയിൽ വൃത്തഭംഗി, അർത്ഥശുദ്ധി, താളം, ലയം എന്നിവ കാത്തു സൂക്ഷിക്കുകയും ചെയ്തു.

മലയാള ആരാധനാ ഗാനങ്ങളുടെ ശാസ്ത്രീയമായ ചിട്ടപ്പെടുത്തലുകളുടെ പ്രാരംഭഘട്ടം മൂന്നു വർഷത്തിനകം പൂർത്തിയാക്കി. ആറുമാസത്തിനുള്ളിൽ കുർബ്ബാനക്രമത്തിലെ പാട്ടുകൾ ചിട്ടപ്പെടുത്തിയെങ്കിലും അച്ചടിക്കാതെ കുറേനാൾ വെച്ചിരുന്നു. ആദ്യസംരംഭമായി ഹൂത്തോമ്മോ (1947), ദുഃഖവെള്ളി സ്ലീബാ വന്ദനവിന്റെ ഗീതങ്ങൾ (1948), സ്ലീബാ മുതൽ കൃംതാ വരെയുള്ള ഞായറാഴ്ച നമസ്ക്കാരം (1949) എന്നിവ പൂർത്തീകരിച്ചു. മലങ്കര സഭയിൽ 1947 മുതൽ പ്രസിദ്ധീകരിച്ചിട്ടുള്ള ആരാധന ക്രമങ്ങളുടെ ആദ്യ ഭാഗത്ത് രേഖപ്പെടുത്തിയിരിക്കുന്ന അനശ്വര വരികളാണ്: *പരിഭാഷകൻ: വെണ്ണിക്കുളം സി.പി. ചാണ്ടി* എന്നത്.

മലയാള ഭാഷയിലും സാഹിത്യത്തിലും അതീവ പാണ്ഡിത്യം നേടിയതിനാൽ ആരാധന ഭാഷയിൽ ശ്രദ്ധിക്കണമെന്ന് നിർദ്ദേശിച്ച പുത്തൻകാവിൽ ഗീവർഗീസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്തായുടെ ശിഷ്യത്വം സ്വീകരിച്ച് സി. പി. ചാണ്ടി 1947 മുതൽ പത്തനംതിട്ട ബേസിൽ ദയറായിൽ അംഗമായി. ആദ്യം പുത്തൻ കാവിലും പിന്നീട് പത്തനംതിട്ട കാതോലിക്കേറ്റ് ഹൈസ്ക്കൂളിലും അദ്ധ്യാപകനായി, മൂന്നു പതിറ്റാണ്ടോളം പ്രവർത്തിച്ചു. ഇതിനിടയിൽ പാമ്പാക്കുടയിലും പാത്താമുട്ടത്തും പരുമലയിലും പഴയ സെമിനാരിയിലും താമസിച്ച് ആരാധന ക്രമങ്ങൾ തർജ്ജമ ചെയ്ത് ഗാനരൂപത്തിലാക്കി. കോനാട്ട് എബ്രഹാം മല്പാൻ (1908–1987), പാത്താമുട്ടം എം.സി. കുര്യാക്കോസ് റമ്പാൻ (1901–1958), യൂഹാനോൻ മാർ സേവേറിയോസ് (1920–1990) എന്നിവരുടെ സഹകരണം ആരാധന ക്രമ മൊഴിമാറ്റത്തിന് അതിവേഗത ലഭ്യമായി. ആരാധന ക്രമങ്ങൾ പൂർണ്ണമായും മലയാളത്തിലാക്കണമെന്ന് നിഷ്കർഷിച്ച പ. മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവായുടെ കാലഘട്ടത്തിൽ (1907–1996) മുഴുവൻ ആരാധന ക്രമങ്ങളും ഭാഷാന്തരപ്പെടുത്തി ഗാനരൂപത്തിലാക്കുവാൻ സാധിച്ചു.

സി.പി. ചാണ്ടിയുടെ നിരന്തരമായ തപസ്യയും കഠിനാദ്ധ്വാനവും കൊണ്ട് 45 വർഷത്തെ പ്രയത്നഫലമായി മലങ്കരയിലെ ആരാധന ക്രമങ്ങൾ മലയാളത്തിലേക്ക് ഭാഷാന്തരപ്പെടുത്തി പ്രസിദ്ധീകരിച്ചു. അവയിൽ പ്രധാനപ്പെട്ടവയാണ്: *വി. കുർബ്ബാന ക്രമം, കൂദാശ ക്രമങ്ങൾ, നോമ്പിലെ നമസ്ക്കാരം, ശ്ഹീമ നമസ്ക്കാരം, ആണ്ടു തക്സ, ദൈവമാതാവിന്റെയും പരുമല തിരുമേനിയുടെയും പെങ്കീസാ നമസ്ക്കാരങ്ങൾ, ഹാശാ ഗീതങ്ങൾ, പെരുന്നാൾ ശുശ്രൂഷാ ക്രമങ്ങൾ, ശവസംസ്ക്കാര ശുശ്രൂഷാ ക്രമം, വൈദിക ശവസംസ്ക്കാരക്രമം എന്നിവ.* ആരാധനാക്രമങ്ങൾ തർജ്ജമ ചെയ്യുന്നതിൽ പൂർണ്ണസമയം ശ്രദ്ധിച്ചതിനാൽ മലയാള സാഹിത്യരംഗത്ത് അധികമൊന്നും സംഭാവന നല്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല. സി.പി. ചാണ്ടി പറയുന്നു: *മലങ്കരസഭയിലെ ആരാധനാഗീതങ്ങൾ സാഹിത്യമധുരമാക്കിത്തീർക്കുവാൻ കഴിഞ്ഞതിൽ ചാരിതാർത്ഥ്യമുണ്ട്. ഇതിൽ സർഗ്ഗാത്മകതയില്ലെന്നു പറയുവാൻ പറ്റുമോ? മലങ്കരസഭയോടുള്ള സ്നേഹവും സമർപ്പണവുമാണു ഇതു സാദ്ധ്യമാക്കിയത്.*

സുറിയാനിയിലുള്ള ആരാധനയെ താളലയങ്ങൾക്കു വ്യത്യാസം വരുത്താതെ മലയാളത്തിലേക്കു പരിഭാഷപ്പെടുത്തിയപ്പോൾ പങ്കാളിത്തം കുറെക്കൂടി സജീവമായി. സുറിയാനിയിൽ ഒരു ഗീതം എട്ടു 'രാഗ'ത്തിൽ (നിറം) പാടുവാൻ കഴിയുന്നതുപോലെ മലയാളത്തിലാക്കിയ ഗാനങ്ങളും എട്ടു രാഗത്തിൽ പാടുവാൻ കഴിയുന്നു. സുറിയാനി ഗാനങ്ങൾ മലയാളീകരിച്ചപ്പോൾ അർത്ഥഗാംഭീര്യവും പ്രാസശൈലിയും ഹൃദയാവർജ്ജകമായ രീതിയിൽ ക്രമീകരിച്ചതാണു സി.പി. ചാണ്ടിയുടെ തർജ്ജമയുടെ മാഹാത്മ്യം. വിവിധ *മാത്ര*കളിൽ എഴുതിയിട്ടുള്ള വരികൾ അതേ *മാത്ര*യിൽ ഭാഷാന്തരപ്പെടുത്തുവാൻ അദ്ദേഹത്തിന് കഴിഞ്ഞു. ഭാഷാപാണ്ഡിത്യവും പ്രയോഗപാടവവും, നൈസർഗ്ഗിക സിദ്ധിയും ഇത്തരം ഭാഷാന്തരത്തിന് അനിവാര്യമാണ്.

കണ്ടത്തിൽ വർഗ്ഗീസ് മാപ്പിളയും, കൊട്ടരത്തിൽ ശങ്കുണ്ണിയും ആരാധന ക്രമത്തിലെ ചില പാട്ടുകൾ പരിഭാഷപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ബാക്കിയുള്ള എല്ലാ ഗാനങ്ങളും പരിഭാഷപ്പെടുത്തിയത് വെണ്ണിക്കുളം സി. പി. ചാണ്ടിയാണ്. ആശയ ഭദ്രതയും, സാഹിത്യഭംഗിയും തർജ്ജമയിൽ പ്രഫുല്ലമാക്കുവാൻ ബോധപൂർവ്വം ശ്രമിച്ചിട്ടുണ്ട്. കാവ്യരചനയിൽ സി. പി. ചാണ്ടി ബഹുമുഖ പ്രതിഭയാണ്. സ്വതസിദ്ധമായ രചനാതന്ത്രങ്ങളാണ് സ്വീകരിച്ചിരിക്കുന്നത്. ആദ്ധ്യാത്മികതയുടെ വിശുദ്ധിയും യോഗാത്മകതയിൽ നിന്നുള്ള കരുത്തും ഉൾക്കൊണ്ട് 'ജീവിതത്തിന്റെ അകവും പുറവും വെണ്മ നിറഞ്ഞ' മനസ്സുമായി കാവ്യലോകത്ത് ഏകനായി ദീർഘനാൾ സഞ്ചരിച്ചു.

" വ്രത വിശുദ്ധ ജീവിതത്താൽ അക്ഷരങ്ങളെ സ്നേഹിച്ച ക്രാന്തദർശിയും സർഗ്ഗപ്രതിഭയുമായിരുന്നു സഭാകവി വെണ്ണിക്കുളം സി.പി. ചാണ്ടി. സുറിയാനി ആരാധനാ ക്രമങ്ങൾ മലയാളത്തിൽ കാവ്യഭംഗിയോടെ താളാത്മകവും സംഗീതാത്മകവുമായി അവതരിപ്പിച്ച ഈ പ്രതിഭാശാലിയെ മലങ്കരസഭയ്ക്ക് വിസ്മരിക്കുവാൻ കഴിയുമോ? "

ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ
ചീഫ് എഡിറ്റർ
karingattilachan@gmail.com



മൗനത്തിന്റെ സൗന്ദര്യം

■ ഡോ. യൂഹാനോൻ മാർ പോളികാർപ്പോസ് മെത്രാപ്പോലീത്താ

സങ്കീർത്തനം 46-ന്റെ 10-ൽ "മിണ്ടാതിരുന്ന് ഞാൻ ദൈവമെന്ന് അറിഞ്ഞുകൊൾവിൻ" എന്ന വാക്യമാണ് 2016 ലെ യുവജന പ്രസ്ഥാനത്തിന്റെ മുഖ്യചിന്താവിഷയത്തിന്റെ അടിസ്ഥാന ശില.

1. ചരിത്ര പശ്ചാത്തലം :

ബി.സി. 701 നോട് അടുത്ത് അസീറിയൻ രാജാവായ സെൻഹരീബ് യഹൂദ രാജ്യത്തെ ആക്രമിക്കുകയും, അവരെ കീഴ്പ്പെടുത്തുകയും ചെയ്യുന്നു. ഹിസ്ക്യാവ് രാജാവ് സെഹരീബുമായി ഒത്തുതീർപ്പിൽ എത്തുകയും കപ്പം കൊടുത്തുകൊള്ളാമെന്ന് നിശ്ചയിക്കുകയും ചെയ്തു. എന്നാൽ പിൽക്കാലത്ത് ഹിസ്ക്യാവ് ആ പതിവ് നിർത്തലാക്കുന്നു, ആയതിൽ ക്രുദ്ധനായ സെൻഹരീബ് വലിയൊരു സൈന്യവുമായി യഹൂദയെ ആക്രമിക്കുവാൻ വരുന്നു. അവന്റെ വെല്ലുവിളി യഹൂദരാജാവ് ആശ്രയിക്കുവാൻ സാദ്ധ്യതയുള്ള രാജ്യങ്ങളേയും, അതിലുപരിയായി യഹോവയാം ദൈവത്തെ കളിയാക്കി കൊണ്ടായിരുന്നു. ഈ വിഷയമറിഞ്ഞ് ഹിസ്ക്യാവ് രാജാവ് ദൈവാലയത്തിൽ ചെന്ന് കണ്ണീരോടും, ഹൃദയ വേദനയോടും ദൈവത്തോട് പ്രാർത്ഥിക്കുന്നു. അന്ന് മഹത്വമുള്ളവനായ യെശയ്യായുടെ ആത്മീയ നേതൃത്വത്തിൻ കീഴിലായിരുന്നു. ഈ വിവരണങ്ങളെല്ലാം യെശയ്യാ പ്രവചന പുസ്തകം 36, 37 അദ്ധ്യായങ്ങളിൽ കാണാം. പ്രവാചകൻ യഹൂദ രാജാവായ ഹിസ്ക്യാവിനെ ദേവാലയത്തിൽ ചെന്ന് കാണുകയും, ദൈവീക വെളിപാട് അറിയിക്കുകയും ചെയ്യുന്നു. 'നീ ഭയപ്പെടേണ്ടാ, അവർക്ക് ഒരു വിഭ്രമം ഞാൻ വരുത്തും' ഈ വിഷയത്തോട് ബന്ധപ്പെട്ട് ചിന്തിക്കുമ്പോൾ ടിപ്പു സുൽത്താന്റെ പടയോട്ട കാലത്ത് കുന്നംകുളത്തെ ആക്രമിച്ച് നമ്മുടെ പുരോഹിതരിൽ ഒരാളെ വധിക്കുകയും, ദൈവാലയത്തിന് തീ ഇടുവാൻ ശ്രമിക്കുകയും ചെയ്തു. എങ്കിലും, അയാളുടെ മാതൃ ദേശത്ത് എന്തോ പ്രശ്നമുണ്ടായപ്പോൾ തിരിച്ച് പോകേണ്ടി വന്നു എന്നതിനെ ഓർമ്മപ്പെടുത്തുന്നു. മുൻപറഞ്ഞ പശ്ചാത്തലത്തിൽ കോരഹ്പുത്രന്മാർ കവനം ചെയ്ത കവിതയുടെ അഥവാ സങ്കീർത്തനത്തിന്റെ അവസാന ഭാഗത്ത് നിന്നാണ്. 'മിണ്ടാതിരുന്ന് ഞാൻ ദൈവമെന്ന് അറിഞ്ഞു കൊൾവീൻ' എന്നുള്ളത്. അതിൽ നിന്നാണ് മൗനത്തിന്റെ സൗന്ദര്യം ഉത്ഭൂതമായിരിക്കുന്നത്.

2. മൗനത്തിന്റെ സൗന്ദര്യം

ഒരു കവി ഇപ്രകാരം പാടുന്നു :

'മൗനത്തിൻ ത്രിവേണി
സ്നാനം ചെയ്ത്-
അഴലിൻ ആഴി കടന്നു ഞാൻ'

മൗനമായിരിക്കുന്ന വ്യക്തി ഉള്ളിലേക്ക് ഒതുങ്ങുകയല്ലാ, ദൈവത്തിൽ ആശ്രയിച്ച് പുതുക്കപ്പെട്ട തീരുമാനം എടുക്കുകയാണ് ചെയ്യുന്നത്. വാക്കുകളുടെ ബഹളത്തിലല്ല, മൗനത്തിന്റെ ഏകാന്തതയുടെ ആഴത്തിലാണ് പുതിയ കാര്യങ്ങൾ തീരുമാനമെടുക്കുവാൻ കഴിയുക. ഒരു ചിത്രശലഭവും കുഞ്ഞുമായുള്ള സംഭാഷണം ഒരു കവി കാവ്യഭാവേന ചിത്രീകരിക്കുന്നത് കാണുക. കുഞ്ഞ് ചോദിക്കുന്നു, 'നീ ഇത്ര സുന്ദരിയായതെപ്പോൾ ? ചിത്രശലഭം പറയുന്നു ; ഞാൻ നിന്റെ തേൻമാവിലെ ഇലകൾ ചവച്ചു തുപ്പി, നിന്റെ തേൻമാവും നിന്റെ മുറ്റവും വൃത്തികേടാക്കിയിരുന്നു. അതിനുശേഷം ഞാൻ കുറെനാൾ മൗനതയിൽ ആയിരുന്നു, അതിൽ നിന്ന് ഞാൻ രൂപാന്തരം പ്രാപിച്ച് ഈ മനോഹര അവസ്ഥയിലായി. കവി പാടി നിർത്തുന്നു.

"പാറിപ്പറന്നങ്ങ് ഉയർന്നു പോയ്
പാരിനെ സൃഷ്ടിച്ച ഈശ്വരന്റെ.
പാദങ്ങൾ തൊട്ടുവണങ്ങി വന്നു
ഭാരമാകില്ല ഭൂമിക്ക് മേലിൽ"

മൗനത്തിന്റെ സൗന്ദര്യം അത്രക്ക് മനോഹരവും, മനോജ്ഞവും, വിവരണാതീതവുമാണ്.

3. മോശയുടെ മൗനം

ആവർത്തനം 34 : 12 - 'യഹോവ അഭിമുഖമായി അറിഞ്ഞ മോശയപ്പോലെ ഒരു പ്രവാചകൻ ഇസ്രായേലിൽ പിന്നെ ഉണ്ടായിട്ടില്ല'. വേറൊരു ഭാഗത്ത് പറയുന്നു മോശയെപ്പോലെ സൗമ്യനായി വേറൊരാളെ കണ്ടിട്ടില്ലായെന്ന്. അടിമ വീടായ മിസ്രേമിൽ നിന്ന് വാഗ്ദത്ത വീടായ ഇസ്രായിലേക്ക് ജനത്തെ കൊണ്ടു വരുമ്പോൾ

കടൽക്കരയിൽ ജനം എത്തിയപ്പോൾ പിന്നാലെ മിസ്രേം സൈന്യം വരുന്നത് കണ്ടിട്ട്, കടലിനും, സൈന്യത്തിനും ഇടയിലായ ജനം നിലവിളി കൂട്ടുമ്പോൾ സൗമ്യനായ മോശ ശാന്തതയോടെ പറയുന്നു.

"നിങ്ങൾ മിണ്ടാതിരിക്കുക" (പുറപ്പാട് 14:14). സീനായ് മലയുടെ താഴ്‌വാരത്തിൽ ജനത്തെ നിർത്തിയിട്ട് അഹറോനെ ജനത്തിന്റെ മേൽനോട്ടം ഏൽപ്പിച്ചിട്ട് സീനായ് മലയിൽ ദൈവത്തെ മുഖാമുഖം കാണുവാൻ മോശ കയറിച്ചെല്ലുന്നു. നാൽപത് ദിവസം ദൈവത്തിൽ നിന്ന് കേട്ടവനായ മോശ ദൈവം എഴുതിയ പത്ത് കല്പനകളുമായി ഇറങ്ങി വരുമ്പോൾ താഴ്‌വാരത്തിൽ ആർപ്പു വിളിയും ജയഭേരിയും മുഴങ്ങിയിരുന്നു. കൂടെയുണ്ടായിരുന്നതായ ദൈവം മോശയോട് ചോദിക്കുന്നു, ഞാൻ ഇറങ്ങി വന്ന് ഇവരെ നശിപ്പിക്കട്ടെ എന്ന്. അവിടെയും സൗമ്യനായ മോശ ജനത്തിനും ദൈവത്തിനുമിടയിൽ മദ്ധ്യസ്ഥനായി നിന്ന് ദൈവ കോപത്തെ തടയുന്നു. ജനത്തിനാവശ്യം അഹറോന്റെ കാളക്കുട്ടിയും, അഹരോന്റെ ബഹളവുമാണ്. എന്നാൽ മോശയുടെ സൗമ്യതയും, അച്ചടക്കവുമാണ്, ദൈവത്തിന് ഹിതകരമായിത്തീർന്നത്. ഈ അവസരത്തിൽ നാം ഓർത്തിരിക്കേണ്ട ഒരു കാര്യമുണ്ട്. ശരീരത്തിൽ വസിക്കുന്നവരും, ശരീരം വിട്ട് ദൈവസന്നിധിയിൽ ആയിരിക്കുന്നതുമായ മദ്ധ്യസ്ഥന്മാർക്ക് പോലും കഴിയാത്ത സന്ദർഭങ്ങൾ ഉണ്ടായേക്കാം. ആ അവസ്ഥയിലേക്ക് നാമും, സമൂഹവും, സഭയും എത്താതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. അതിനുദാഹരണമാണ് സോദോംഗോമൊറായെ നശിപ്പിക്കുന്നതിന് മുമ്പ് ദൈവ മുമ്പാകെ മദ്ധ്യസ്ഥതയുമായി നിൽക്കുന്ന അബ്രഹാം പിതാവ്. അവസാന നിമിഷം വരെയും സോദോംഗോമോറായുടെ രക്ഷയ്ക്ക് വേണ്ടി അബ്രഹാം പിതാവ് യാചിക്കുന്നു.

4. നമ്മുടെ കർത്താവിന്റെ മൗനം

മൗനത്തിന്റെ സൗന്ദര്യം ശരിക്കും നമുക്ക് ദർശിക്കുവാൻ കഴിയുന്നത് നമ്മുടെ കർത്താവിലാണ്. പാപിനിയായ സ്ത്രീയെ കല്ലെറിയുവാൻ സദാചാരപാലകർ എന്ന് നടിക്കുന്ന ചിലർ കൂട്ടിക്കൊണ്ടു വരുന്നു. നമ്മുടെ കർത്താവ് യാതൊന്നും മിണ്ടുന്നില്ല. (വി.യോഹ. 8) അവസാനമായി നിങ്ങളിൽ പാപം ഇല്ലാത്തവർ കല്ലെറിയട്ടെ എന്ന് മാത്രമേ പറയുന്നുള്ളൂ. ഏറ്റവും പ്രാധാന്യം അർഹിക്കുന്നത് നമ്മുടെ കർത്താവിന്റെ ക്രൂശാരോഹണ സമയത്തെ മൗനവും, വിസ്താര സമയത്തെ മൗനവുമാണ്. വളരെ ദീർഘമായ മൗനം നമുക്ക് ഇവിടെ ദർശിക്കാൻ സാധിക്കും. രാത്രി 2 മണി മുതൽ പകൽ 10 മണി വരെയുള്ള 8 മണിക്കൂർ, ആറ് വിചാരണകൾ നടന്നതായിട്ട് രേഖപ്പെടുത്തിയിരിക്കുന്നു, ഹന്നാവിന്റെ മുമ്പാകെ (യോഹന്നാൻ 18 : 12-14) കയ്യാഫാവിന്റെ അടുക്കൽ (മത്തായി 26 : 57-68), സന്നിദ്രി സംഘം (മത്തായി 27 : 1-2), ലൂക്കോസ് 22 : 63 -71), പീലാത്തോസും, ഹേരോദോസും മൂന്നെണ്ണം. അവസാനം അവർ അവനെ കുറ്റവിമുക്തരാക്കുകയും ചെയ്യുന്നു. ഇവിടെയെല്ലാം, മഹത്വമുള്ളവനായ യെശയ്യാ പ്രവചിക്കുന്നതുപോലെ 'അറുക്കുവാനുള്ള അടിനെപ്പോലെ അവൻ കൂട്ടിക്കൊണ്ടുപോകപ്പെട്ടും, രോമം കത്രിക്കുന്നവന്റെ മുമ്പാകെ പെണ്ണാടുപോലെ അവൻ മൗനമായിരുന്നു' (യെശയ്യാ 53-7-8). വളരെ ചുരുങ്ങിയ വാക്കുകൾ മാത്രമേ അവിടെ നാം കാണുന്നുള്ളു. അതിനെക്കാൾ പ്രാധാന്യം അർഹിക്കുന്നത് ക്രൂശാരോഹണ സമയത്തെ മൗനമാണ്. ആറു മണിക്കൂറുകൾക്കുള്ളിൽ ഏഴ് മൊഴികൾ മാത്രമെ നാം കാണുന്നുള്ളൂ. വേദപണ്ഡിതന്മാർ പറയുന്നു, ഒരു മിനിറ്റ് കൊണ്ട് (ഗ്രീക്ക് ഭാഷയിൽ) പറഞ്ഞ് തീർക്കാവുന്ന നാൽപ്പത്തിയൊന്ന് വാക്കുകൾ മാത്രമേ ഉള്ളൂ എന്ന്. ഏഴ് മൊഴികൾക്കും അർത്ഥവും വ്യാപ്തിയും, വളരെയേറെയാണ്. തന്റെ സുന്ദരമായ മൗനത്തിലൂടെ വാചാലനാകുന്ന ക്രിസ്തുവിനെയാണ് നാം ഇവിടെയെല്ലാം ദർശിക്കുന്നത്.

5. മൗനത്തിൽ വിരിയുന്ന ധ്യാനവും, ധ്യാനത്തിൽ നിന്ന് ഉത്ഭൂതമാകുന്ന സൗന്ദര്യവും

മൗനത്തിന്റെ ഉന്നതമായ തലങ്ങളിലേക്ക് എത്തിച്ചേരാനുള്ള മാർഗ്ഗങ്ങളിൽ ഒന്നാണ് ഹൃദയത്തിന്റെ അഗാധങ്ങളിൽ നിന്ന് ഉരുത്തിരിയുന്ന ധ്യാനാത്മകമായ ഭാവം. നാം പാടുന്ന സുവിശേഷ ഗാനങ്ങളിൽ 'രക്ഷിതാവിനെ കാൺക പാപി നിന്റെ പേർക്കല്ലോ ക്രൂശിൻമേൽ തൂങ്ങുന്നു' എന്ന് തുടങ്ങുന്ന സുവിശേഷ ഗാനത്തിലെ പ്രസക്തമായ രണ്ട് വരികൾ ചൂണ്ടിക്കാണിക്കട്ടെ.

'ധ്യാനപീഠമതിൽ കയറി
ഉള്ളിലെ കണ്ണുകൾ കൊണ്ട്
കാണുക'

കവി പാടുന്നത് ദൈവീക ജ്ഞാനം മനസ്സിലാകണമെങ്കിൽ ധ്യാനപീഠ

ഓർത്തോമീറ്റ് 2016 സോപാന അക്കാദമിയിൽ

പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ അനുഗ്രഹാശിസ്സുകളോടെ, കോട്ടയം ഓർത്തഡോക്സ് വൈദിക സെമിനാരി, നാഗ്പൂർ സെന്റ് തോമസ് ഓർത്തഡോക്സ് സെമിനാരി എന്നിവയുടെ സഹകരണത്തിൽ ഞാലിയാകുഴി മാർ ബസേലിയോസ് ദയറായോട് അനുബന്ധിച്ചുള്ള സോപാന ഓർത്തഡോക്സ് അക്കാദമിയിൽ, *മലങ്കര ഓർത്തഡോക്സ് സഭയുടെ ശുശ്രൂഷയും ദൗത്യവും അതിരുകൾക്കപ്പുറത്തേക്ക്* (Orthodox Ministry and Mission beyond the borders) എന്ന വിഷയം ആധാരമാക്കി ദ്വിദിന കോൺഫറൻസ് (Orthomeet 2016) മെയ് 24, 25 തീയതികളിൽ നടത്തും.

പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ സമ്മേളനം ഉദ്ഘാടനം ചെയ്യും. അഭിവന്ദ്യ തിരുമേനിമാരും, സെമിനാരി അദ്ധ്യാപകരും, വിദ്യാർത്ഥികളും, ആത്മീയ സംഘടനാ പ്രവർത്തകരും സംബന്ധിക്കും.

ഇതിൽ പൂർണ്ണ സമയം പങ്കെടുക്കാനാഗ്രഹിക്കുന്ന ഏതാനും പേർക്ക് കൂടി പ്രവേശനം നൽകുന്നതായിരിക്കും. താൽപര്യമുള്ളവർ മുൻകൂട്ടി വിവരം അറിയിക്കണം.

കൂടുതൽ വിവരങ്ങൾക്ക്:
ഡി. അലക്സ് തോമസ് : 9744062726
അനൂപ് എബ്രഹാം: 8289838745

For Favours Received



Jacob George
Ettuparayil
Chengannur



Dr. Mathew
Varghese
Edavattom

ത്തിൽ കയറണമെന്നാണ്. ധ്യാനത്തിൽ ഇരുന്നുകൊണ്ട് ഉള്ളിലെ കണ്ണുകൊണ്ട് നാം കാണണം, നമ്മുടെ രക്ഷിതാവിനെയും, രക്ഷിതാവിന്റെ രക്ഷ്യണ്യ പ്രവർത്തനങ്ങളെയും. ബഹളങ്ങൾക്ക് ഇവിടെ സ്ഥാനമില്ല. പലരും അവനവന്റെ താത്ക്കാലിക സുഖാനുഭൂതികളിലാണ് ലക്ഷ്യമിടുന്നത്, അതിലൂടെ അവർക്ക് പലതും നേടുവാനുണ്ട്.

മോശയുടേയും, നമ്മുടെ കർത്താവിന്റെയും സുന്ദരമായ മൗനത്തേക്കാൾ അഹറോന്റെ കാളക്കുട്ടിയും, ഹാലിളക്കത്തോടുകൂടിയ തുള്ളിച്ചാട്ടവും, മറിച്ചിടലും, കൂക്കുവിളിയും, സാമ്പത്തിക ലാഭത്തിലുമാണ് ഇന്ന് പലരുടേയും ശ്രദ്ധ. ആയതിനാൽ നമുക്ക് ധ്യാനപീഠത്തിൽ കയറി സങ്കീർത്തനക്കാരൻ 119-ന്റെ 18-ൽ പറയുന്ന പ്രകാരം "നിന്റെ ന്യായപ്രമാണത്തിലെ അത്ഭുതങ്ങളെ കാണേണ്ടതിന് എന്റെ കണ്ണുകളെ തുറക്കണമേ" എന്ന് പ്രാർത്ഥിക്കാം. ധ്യാനത്തിലൂടെ മൗനത്തിലേക്ക് പ്രവേശിക്കാം.

6. പ്രാർത്ഥനയും മൗനവും

വിശുദ്ധ അൻപത് നോമ്പിൽ ഓരോ ഞായറാഴ്ചയിലെയും വായനകളും, ധ്യാനങ്ങളും വിവിധ വിഷയങ്ങൾ കോർത്തിണക്കി ഉള്ളതാണ്, അതിലൊന്നാണ് പ്രാർത്ഥനയുടെ വിവിധ വശങ്ങൾ. ഒന്നാമത്തെ ആഴ്ചയിൽ മദ്ധ്യസ്ഥതയുടെ പ്രാധാന്യം നാം കാണുന്നു. മാതാവിന്റെ വാക്കുകൾക്ക് ചെവികൊടുക്കുന്ന പുത്രൻ തമ്പുരാൻ ആ ദരിദ്ര കുടുംബത്തെ അനുഗ്രഹിക്കുന്നു. അമ്മ മദ്ധ്യസ്ഥത പറയുന്നു എങ്കിലും ഇന്ന് പലരും ചെയ്യുന്നതുപോലെ പേരിനുവേണ്ടി ഒന്നും ചെയ്യുന്നില്ല. രണ്ടാമത്തെ ഞായറാഴ്ച നേരിട്ട് അപേക്ഷിക്കുന്നതിന്റെ പ്രാധാന്യം കുഷ്ഠരോഗി, 'നിനക്ക് മനസ്സുണ്ടെങ്കിൽ എന്നെ ശുദ്ധമാക്കുവാൻ കഴിയും' എന്ന അപേക്ഷയിലൂടെ നമുക്ക് കാട്ടി തരുന്നു. (3) ഒരു സമൂഹത്തിന്റെ കൂട്ടായ പ്രാർത്ഥനയ്ക്ക് ഫലമുണ്ടെന്നുള്ളത് തളർവാതരോഗിയെ നാല് പേർ ചുമന്നുകൊണ്ട് വന്നത് കണ്ടിട്ട് നമ്മുടെ കർത്താവ് സൗഖ്യമാക്കുന്നതിലൂടെ കാണുവാൻ കഴിയും. (4) മുട്ടി വിളിക്കുന്നതിന്റെ പ്രാധാന്യമാണ് നാലാമത്തെ ഞായറാഴ്ചയിൽ കാണുന്നത്. ഏലിയാവിന്റെ മുട്ടിവിളിക്ക് സ്വർഗ്ഗത്തിൽ നിന്ന് തീ ഇറങ്ങുന്നത് പൊടുന്നനവെയാണ്. (5) എന്നും ദൈവീകസന്നിധാനത്തിൽ ആയിരിക്കുക എന്നതൊഴിച്ച് പ്രത്യേകമായ ഒരപേക്ഷയും നടത്താത്ത ഒരു വ്യക്തിയെ കൂനിയായ സ്ത്രീയിൽ കാണുന്നു, അവളെ നമ്മുടെ കർത്താവ് അങ്ങോട്ട് ചെന്ന് സൗഖ്യമാകുന്നു. (6) 'എല്ലാം അങ്ങേ മഹത്വത്തിനായ്, എല്ലാം അങ്ങേ പുകഴ്ചക്കുമായി തീർന്നിടണമേ ......' എന്ന കവിയുടെ പ്രാർത്ഥനാശകലമാണ് ആറാം ഞായറാഴ്ച ഓർമ്മപ്പെടുത്തുന്നത്. നമ്മുടെ കർത്താവ് തന്നെ കല്പിച്ചരുളി ചെയ്യുന്നു, അവൻ കുരുടനായി പിറന്നത് ദൈവനാമഹത്വത്തിനാണെന്ന്. ഇവിടങ്ങളിൽ ഒന്നും തന്നെ ബഹളങ്ങൾ നാം കാണുന്നില്ല. പ്രത്യുത ദൈവനാമ മഹത്വത്തിന് പ്രാധാന്യം കൊടുക്കുന്നതും ശാന്ത ഗംഭീരവുമാണ്. നമ്മുടെ പ്രാർത്ഥനകളുടെ അളവ് കോൽ മനസ്സിലാക്കണമെങ്കിൽ നമ്മുടെ കർത്താവ് നമ്മോട് പ്രാർത്ഥിക്കുവാൻ പറഞ്ഞ പ്രാർത്ഥനയും, നമ്മുടെ രക്ഷകൻ ക്രൂശ് മരണത്തിനു മുൻപ് പ്രാർത്ഥിച്ച മഹാപുരോഹിത പ്രാർത്ഥനയും ശ്രദ്ധയോടെ പഠിക്കുകയും, ധ്യാനിക്കുകയും ചെയ്യണം. ഇവയിലൊന്നും പ്രത്യേകമായി ആരെയെങ്കിലും പ്രീതിപ്പെടുത്തുവാനോ, കാര്യസാധ്യത്തിനുവേണ്ടിയോ ഉള്ള വാക്കുകളോ കാണുന്നില്ല.

എത്യോപ്യ സന്ദർശിച്ചിട്ടുള്ള ആളുകൾ പറയുന്നത്, എത്യോപ്യയുടെ വനാന്തരങ്ങളിൽ കാട്ടുമൃഗങ്ങൾ ജീവിക്കുന്ന സ്ഥലങ്ങളിൽ ഏകാഗ്രമായി ധ്യാനത്തിലിരിക്കുന്ന ആയിരക്കണക്കിന് സന്യാസിമാരെ കാണുവാൻ കഴിയുമെന്നാണ്. അവർ ഏകാഗ്രമായി ദൈവത്തോട് സംസാരിക്കുകയും തങ്ങളുടെ അടുക്കൽ വരുന്നവരോട് മിതമായ ചില വാക്കുകൾ മാത്രം പറഞ്ഞ് അവരെ അനുഗ്രഹിക്കുകയും ചെയ്യുന്നു. അവരെ സന്ദർശിച്ച് മടങ്ങുമ്പോൾ അനിർവ്വചനാതീതമായ മാനസിക സുഖം മറ്റുള്ളവർ ലഭിക്കുന്നതായും പറയുന്നു. വാക്കുകളുടെ ബഹുലതയെക്കാൾ ഉൾക്കണ്ണിൽ നിന്നുള്ള ജ്ഞാന ദൃഷ്ടിക്കാണ് പ്രാധാന്യം. അവിടെ നിന്ന് പൊഴിഞ്ഞ് വീഴുന്ന വാക്കുകൾക്ക് വിലയേറിയ മുത്തുകളെക്കാൾ പ്രാധാന്യമുണ്ട്. നമുക്ക് ബഹളങ്ങളും, ബാഹ്യമായ ആഘോഷങ്ങളും മാത്രമാകാതെ ധ്യാനപീഠത്തിൽ കയറി മൗനത്തിന്റെ സൗന്ദര്യം ദർശിച്ച് ദൈവവുമായി സംഭാഷിക്കാം. അതത്രെ യഥാർത്ഥ പ്രാർത്ഥന.

7. ആഗനമ കാലഘട്ടവും മൗനത്തിന്റെ സൗന്ദര്യവും

ആരാധനാ കലണ്ടർ പ്രകാരം ഏഴ് കാലഘട്ടമായി ആരാധനാ വർഷത്തെ തിരിച്ചതിൽ ആഗമന കാലഘട്ടമാണ് മൗനത്തിനും ധ്യാനത്തിനും ഏറെ പ്രാധാന്യം നൽകുന്നത്. പ്രകൃതി പോലും ഏറ്റവും സൗന്ദര്യവതിയാകുന്ന കാലഘട്ടമാണത്. ചൂടിന്റെ ആധിക്യം പലയിടത്തും കുറവായിരിക്കും. മഞ്ഞ് വീഴുന്ന സ്ഥലങ്ങളിൽ വടവൃക്ഷങ്ങളുടെപോലും ഇലകൾ കൊഴിഞ്ഞിരിക്കും.

ആ വൃക്ഷങ്ങളിലും ഭൂമിയുടെ പ്രതലത്തിലുമെല്ലാം വീണ് കിടക്കുന്ന മഞ്ഞിന്റെ മുകളിൽ സൂര്യപ്രകാശം തട്ടുമ്പോൾ അതിന്റെ പ്രതിഫലനം വിവരണാതീതമാണ്. ഇലകൾ പൊഴിഞ്ഞ മരങ്ങൾ ഒരു പുതിയ തുടക്കത്തിന്റെ ആരംഭത്തിനായി മൗനത്തിലും ധ്യാനത്തിലുമായിരിക്കും.

സഭയുടെ കലണ്ടറിൽ വിശുദ്ധരെ ഓർക്കുവാൻ ആദ്യ ആഴ്ചകളിൽ പ്രാധാന്യം കൊടുക്കുകയും അതിന്റെ അവസാനത്തിങ്കൽ ലോകരക്ഷകൻ പിറക്കുകയും ചെയ്യുന്നു. നമ്മുടെ ധ്യാനത്തിലും മൗനത്തിലും ആത്മീയ സൗന്ദര്യമുണ്ടാവുകയും അനന്തരഫലമായി ലോക രക്ഷകൻ നമ്മിൽ ഉണ്ടാവുകയും ചെയ്യട്ടെ. ■

ആറാം മാർത്തോമ്മാ അവാർഡ്

ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായ്ക്ക്



ചെങ്ങന്നൂർ: പുത്തൻകാവ് സെന്റ് മേരീസ് കത്തീഡ്രൽ സ്ഥാപകൻ ആറാം മാർത്തോമ്മയായ വലിയ മാർ ദിവന്നാസിയോസിന്റെ സ്മരണയ്ക്കായി ഏർപ്പെടുത്തിയ 'ആറാം മാർത്തോമ്മാ അവാർഡ് ലഭിച്ച പ. സുന്നഹദോസ് സെക്രട്ടറി ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്ത.

ഓർത്തഡോക്സ് സെമിനാരി വൈസ് പ്രസിഡന്റും അധ്യാപകനും കണ്ടനാട് വെസ്റ്റ് ഭദ്രാസനാധിപനുമാണ്. വിവിധ സാമൂഹിക ക്ഷേമപ്രവർത്തനങ്ങൾ പരിഗണിച്ചാണ് അവാർഡ്. 25000 രൂപായും പ്രശസ്തി പത്രവും ഏപ്രിൽ 18-ന് പ. ബസേലിയോസ് പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ നൽകും.

കണ്ടനാട് വെസ്റ്റ് ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ വിവിധ ഭാഗങ്ങളിൽ നടത്തുന്ന 15 ലധികം സാമൂഹിക ക്ഷേമ പ്രവർത്തനങ്ങൾക്ക് ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ നേതൃത്വം നൽകുന്നു.

ഭിന്നശേഷിയുള്ള പെൺകുട്ടികൾക്കുള്ള *പ്രതീക്ഷ* ഭവൻ (കൂത്താട്ടുകുളം), നിർദ്ധനരോഗികളുടെ പാലിയേറ്റീവ് സെന്ററായ *പ്രശാന്തി* ഭവൻ (കടയിരിപ്പ്), ഭിന്നശേഷിക്കാരായ ആൺകുട്ടികൾക്കുള്ള *പ്രത്യാശ* (പ്രമാടം), തൊഴിലധിഷ്ഠിത പദ്ധതിയായ *പ്രതിഭ* (കുന്നയ്ക്കൽ, നെല്ലാട്), സൗജന്യ മരുന്ന് വിതരണ പദ്ധതിയായ *പ്രദാനം* (കോലഞ്ചേരി), വിവിധ ആശുപത്രികളിലായി 800 ലധികം നിർദ്ധനർക്ക് ഉച്ചഭക്ഷണം നൽകുന്ന *പ്രചോദനം*, മാനസിക ആരോഗ്യ കേന്ദ്രമായ *പ്രസന്നം*, അറുപതു കഴിഞ്ഞ നിർദ്ധന വൃദ്ധർക്കുള്ള പെൻഷൻ പദ്ധതിയായ *പ്രപാലനം*, നിർദ്ധനർക്കുള്ള സൗജന്യ കമ്പ്യൂട്ടർ പഠന പദ്ധതിയായ *പ്രഭാതം*, HIV/AIDS രോഗികൾക്കും ക്യാൻസർ രോഗികൾക്കുമുള്ള പാലിയേറ്റിവ് സെന്ററായ *പ്രശാന്തം*, പൊതു റഫറൻസ് ലൈബ്രറിയായ *പ്രബോധനം*, ഭവനിർമ്മാണം, വിദ്യാഭ്യാസ സഹായം എന്നിവയ്ക്കുള്ള *പ്രാപ്തി* തുടങ്ങിയ പദ്ധതികൾ പ്രവർത്തിക്കുന്നു. സൗജന്യ മെഡിക്കൽ സഹായത്തിനുള്ള *പ്രയോജന*, വൃക്കരോഗികൾക്കുള്ള സൗജന്യ ഡയാലിസിസ് നടത്തുന്ന *പ്രമുക്തി* തുടങ്ങിയ പദ്ധതികളും ഭംഗിയായി പ്രവർത്തിക്കുന്നു.

ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്ത ആവിഷ്ക്കരിക്കുന്ന എല്ലാ പദ്ധിതികളുടെയും പേര് *പ്ര* യിൽ തുടങ്ങുന്നതാണ്.

സാമൂഹിക ക്ഷേമ രംഗത്തെ നിസ്തുല പ്രവർത്തനങ്ങൾ വഴി കണ്ടനാട് വെസ്റ്റ് ഭദ്രാസനത്തെ മലങ്കര സഭയിലെ യഥാർത്ഥ മാതൃകാ ഭദ്രാസനമാക്കി തീർക്കുവാൻ കഴിഞ്ഞു. ഭദ്രാസനാധിപൻ ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ വിശാലമായ കാഴ്ചപ്പാടും സാമൂഹിക പ്രതിബദ്ധതയും മനുഷ്യസ്നേഹവുമാണ് ഇത്തരം പ്രവർത്തനങ്ങൾക്ക് മാർഗ്ഗം പകരുന്നത്.

ഓർത്തഡോക്സ് വേദശാസ്ത്ര ദർശനങ്ങളും സാമൂഹിക ക്ഷേമ പ്രവർത്തനങ്ങളും ഒരു ചരടിൽ കോർത്തിണക്കി സഭാ ശുശ്രൂഷയ്ക്ക് പുതിയ ദിശാബോധം നൽകുന്നു. ■

പരുമല സെമിനാരി

പരുമല: പരുമല സെമനാരിയിൽ നവീകരിച്ച ഓഫീശിന്റെ കൂദാശ പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവ നിർവ്വഹിച്ചു.

തീർത്ഥാടകർക്ക് സൗകര്യ പ്രദമായ രീതിയിൽ വി. കുർബ്ബാനപ്പണം സ്വീകരിക്കുന്നതിന് പുതിയ ഓഫീസിൽ ഒന്നലധികം കൗണ്ടറുകളും ഇൻഫർമേഷൻ സെന്ററും (0479-2312202, 2312328) ആരംഭിച്ചു.

ധ്യാനമന്ദിരത്തിൽ താമസിക്കുവാൻ എത്തുന്നവർ (0479-2312226, 232226) നിർബന്ധമായും വികാരിയുടെ കത്തുമായി എത്തിച്ചേരണം.

പരുമല പള്ളിയിൽ എല്ലാ ദിവസവും വി. കുർബ്ബാന ഉണ്ടായിരിക്കും. ഞായറാഴ്ചകളിൽ 6.30 -ന് ചാപ്പലിലും 8.30 ന് പള്ളിയിലും വി. കുർബ്ബാന ആരംഭിക്കും. വെള്ളി, ശനി ദിവസങ്ങളിൽ 6.30 ന് ചാപ്പലിലും 7.30 ന് പള്ളിയിലും വിശുദ്ധ കുർബ്ബാന ആരംഭിക്കും. ബുധൻ, വെള്ളി ശനി ദിവസങ്ങളിൽ ഏഴരയ്ക്കും ബാക്കി ദിവസങ്ങളിൽ ഏഴുമണിക്കും പള്ളിയിൽ വി. കുർബ്ബാന ആരംഭിക്കും.

എല്ലാ ബുധനാഴ്ച രാവിലെ 10.30 മുതൽ പള്ളിയിൽ വിശ്വാസ പഠനക്ലാസ്സും വെള്ളിയാഴ്ച 10.30 മുതൽ ധ്യാനവും ഉണ്ടായിരിക്കും.

ഫാ. എം.സി. കുര്യാക്കോസ്,
പരുമല സെമിനാരി മാനേജർ, പരുമല, മാന്നാർ
0479-2310894, 9497112328, 9446606264

നിയമസഭ: വൈദിക സാമാജികർ

■ വർഗീസ് ജോൺ തോട്ടപ്പുഴ



ക്രൈസ്തവ വൈദികർ നിയമസഭാ സമാജികരായി പ്രവർത്തിച്ച ചരിത്രവും കേരളത്തിനുണ്ട്. തിരുവിതാംകൂർ-കൊച്ചി (1949), കേരളം (1956) സംസ്ഥാനങ്ങളുടെ രൂപീകരണത്തിനു മുമ്പുള്ള നിയമസഭകളിൽ വൈദികർ സാമാജികരായിരുന്നു. ഇരുപതിലധികം വൈദികർ 1904 - 1932 കാലഘട്ടത്തിൽ തിരുവിതാംകൂറിലെ നിയമസഭകളിൽ അംഗങ്ങളായിരുന്നു.

തിരുവിതാംകൂർ ലെജിസ്ലേറ്റീവ് കൗൺസിൽ

(Travancore Legislative Council 1888 - 1932)

ശ്രീമൂലം തിരുനാൾ രാമ വർമ മഹാരാജാവ് 1888ൽ രൂപീകരിച്ചതാണ് തിരുവിതാംകൂർ നിയമനിർമാണ സമിതി. പ്രാരംഭകാലത്ത് അംഗങ്ങളെ നാമനിർദേശം ചെയ്യുകയായിരുന്നു. കാലാവധി മൂന്നു വർഷം. അംഗസംഖ്യ ആദ്യം എട്ടും പിന്നീട് 15-ം ആയി. 1920ൽ തെരഞ്ഞെടുക്കപ്പെട്ട എട്ടു പേർ ഉൾപ്പെടെ അംഗസംഖ്യ 25 ആയി. 1922ൽ അംഗസംഖ്യ 50 ആയി വർദ്ധിപ്പിച്ചു. തെരഞ്ഞെടുക്കപ്പെട്ട 28 പേരും നാമനിർദേശം ചെയ്യപ്പെട്ട 15 ഉദ്യോഗസ്ഥരും ഏഴ് അനുദ്യോഗസ്ഥരും ഉണ്ടായിരുന്നു. വോട്ടവകാശത്തിനും അംഗത്വത്തിനുമുള്ള അർഹത നിശ്ചിത യോഗ്യതയുള്ളവർക്കു മാത്രമായിരുന്നു.

ഇതിൽ ഒരു ബിഷപ്പും ഒരു വൈദികനും അംഗമായിട്ടുണ്ട്. അനുദ്യോഗസ്ഥ അംഗമായി നിയമിക്കപ്പെട്ട കോട്ടയം രൂപതയുടെ ബിഷപ്പ് മാർ അലക്സാണ്ടർ ചൂളപ്പറമ്പിൽ (1877-1951) 1921 നവംബർ ഒമ്പതിന് ലെജിസ്ലേറ്റീവ് കൗൺസിലിൽ പങ്കെടുത്തു. തൊടുപുഴ - കുന്നത്തുനാട് സാമാന്യ നിയോജകമണ്ഡലത്തിന്റെ പ്രതിനിധിയായി ഫാ. കുരുവിള കുറിയാക്കോസ് വെട്ടിക്കാപ്പള്ളി പരിഷ്കരിച്ച ഒന്നാം കൗൺസിലിൽ (1922 - 1925) അംഗമായിരുന്നു.

കോനാട്ട് കോര മാത്തൻ മല്പാൻ

> ദേശീയ സംസ്ക്കാരത്തിലും നേതൃത്വത്തിലും ക്രൈസ്തവർ നിസ്തുല സംഭാവന നൽകിയിട്ടുണ്ട്.
>
> ക്രൈസ്തവ വൈദികർ ദേശീയ രാഷ്ട്രീയ ധാരയിൽ പ്രവർത്തിച്ച ചരിത്രമാണ് വെളിപ്പെടുന്നത്.

തിരുവിതാംകൂർ ശ്രീമൂലം പ്രജാസഭ

(Travancore Sri Mulam Popular Assembly 1904 - 1932)

ജനാഭിലാഷങ്ങൾ പ്രതിഫലിപ്പിക്കാനും അവരുടെ അടിയന്തിര പ്രശ്നങ്ങൾ അവതരിപ്പിക്കാനും അർത്ഥവത്തായ ചർച്ചകളിലൂടെ പരിഹാരമാർഗങ്ങൾ കണ്ടെത്താനുമുള്ള സുപ്രധാന വേദിയാണ് നിയമസഭ എന്ന വസ്തുത പരിഗണിച്ചാണ് ശ്രീമൂലം തിരുനാൾ രാമ വർമ മഹാരാജാവ് 1904 ൽ രണ്ടാമതൊരു നിയമസഭാവേദിക്കു - 'ശ്രീമൂലം പ്രജാസഭ' - രൂപം നൽകിയത്. നിയമ നിർമാണാധികാരമോ ഭരണപങ്കാളിത്തമോ ഇല്ലാത്ത പ്രജാസഭയെ ജനപ്രാതിനിധ്യ സ്വഭാവമുള്ള ജനകീയ നിയമസഭയായി കരുതാം. 1932 ൽ നിർത്തലാക്കുന്നതുവരെ 28 യോഗങ്ങൾ കൂടി.

1904 ഒക്ടോബർ 22നു കൂടിയ പ്രഥമ യോഗത്തിൽ നാമനിർദേശം ചെയ്യപ്പെട്ട 88 അംഗങ്ങൾ പങ്കെടുത്തു. അടുത്ത സമ്മേളനം



(1905 ഒക്ടോബർ) മുതൽ അംഗങ്ങളെ തെരഞ്ഞെടുക്കാനുള്ള അവകാശം ജനങ്ങൾക്കു ലഭിച്ചു. വോട്ടവകാശത്തിനും അംഗത്വത്തിനുമുള്ള അർഹത നിശ്ചിത യോഗ്യതയുള്ളവർക്കു മാത്രമായിരുന്നു. കേരളത്തിലെ ഒരു നിയമസഭാ തെരഞ്ഞെടുപ്പിൽ വോട്ടവകാശമുണ്ടാകുന്നത് (1905) ആദ്യമായിട്ടാണ്. അംഗസംഖ്യ പരമാവധി 100 ആയി നിജപ്പെടുത്തി. അംഗങ്ങളെ എല്ലാ മലയാള വർഷവും (കൊല്ലവർഷം) ചിങ്ങ (ഓഗസ്റ്റ്-സെപ്റ്റംബർ) മാസത്തിൽ തെരഞ്ഞെടുക്കുകയും തുലാം (ഒക്ടോബർ-നവംബർ) - മാസത്തിൽ സമ്മേളനം നടത്തുകയുമായിരുന്നു പ്രാരംഭകാലത്തെ രീതി. താലൂക്കു പ്രതിനിധികളായി 66 പേരും പട്ടണ പരിഷ്കരണ കമ്മറ്റികളുടെ പ്രതിനിധികളായി അഞ്ചു പേരും നാമനിർദേശം ചെയ്യപ്പെട്ട പത്തു പേരും വിവിധ അംഗീകൃത സംഘടനകളുടെ ആറു മുതൽ 19 വരെ പ്രതിനിധികളും രണ്ടാം സമ്മേളനം (1905) മുതൽ ആറാം സമ്മേളനം (1910) വരെ സംബന്ധിച്ചിരുന്നു. നാല് താലൂക്കുകളിൽ നിന്ന് മൂന്നും ശേഷിച്ച 27 താലൂക്കുകളിൽ നിന്ന് രണ്ടും അംഗങ്ങളെ തെരഞ്ഞെടുക്കാമായിരുന്നു.

വടക്കേടത്ത് ഗീവർഗീസ് കത്തനാർ

നിയമസഭ സമാജികരായ വൈദികരെക്കുറിച്ചുള്ള സമഗ്ര പഠനത്തിനുള്ള ഗവേഷണ മാർഗ്ഗമാണ് ഇവിടെ തുറന്നിടുന്നത്. കൂടുതൽ പഠനങ്ങൾ ചരിത്ര രേഖകളുടെ അടിസ്ഥാനത്തിൽ കണ്ടെത്തുവാൻ കഴിയണം.

1910ൽ വരുത്തിയ പരിഷ്കാരമനുസരിച്ച്, പത്താം സമ്മേളനം (1914) മുതൽ ആകെയുള്ള 100 അംഗങ്ങളിൽ താലൂക്കുകളുടെ പ്രതിനിധികൾ 43 പേരായിരുന്നു. പട്ടണപരിഷ്ക്കരണ കമ്മറ്റി / മുനിസിപ്പൽ കൗൺസിൽ (19), തോട്ടക്കാർ (4), കച്ചവടക്കാർ (7), ജന്മികൾ (4) തുടങ്ങിയവർക്കും പ്രതിനിധ്യമുണ്ടായിരുന്നു. 23 പേരെ നാമനിർദ്ദേശം ചെയ്തിരുന്നു. ഏഴ്, എട്ട്, ഒൻപത് സമ്മേളനങ്ങളുടെ (1911, 1912, 1913) ഘടന ഇതായിരുന്നെങ്കിലും അംഗസംഖ്യ യഥാക്രമം 70, 80, 90 എന്നായിരുന്നു. എല്ലാ മലയാള വർഷവും തുലാം (ഒക്ടോബർ-നവംബർ) മാസത്തിൽ തെരഞ്ഞെടുപ്പും കുംഭ (ഫെബ്രുവരി-മാർച്ച്) മാസത്തിൽ സമ്മേളനവും നടത്തിയിരുന്നു.

അൻപതു രൂപായിൽ കുറയാതെ കരം തീരുവയുള്ളവർക്കും, 2000 (പ്രാരംഭകാലത്ത് 3000) രൂപായിൽ കുറയാതെ വാർഷികവരുമാനമുള്ളവർക്കും, സർവകലാശാല ബിരുദധാരികൾക്കുമായിരുന്നു അതാതു താലൂക്കുകളുടെ പ്രതിനിധികളെ തെരഞ്ഞെടുക്കാൻ അവകാശം. അതാതു താലൂക്ക് ആസ്ഥാനങ്ങളിൽ തഹസിൽദാരുടെ അദ്ധ്യക്ഷതയിൽ കൂടുന്ന യോഗമാണ് തെരഞ്ഞെടുപ്പു നടത്തിയിരുന്നത്. രണ്ടു പ്രതിനിധികളെ തെരഞ്ഞെടുക്കേണ്ട താലൂക്കുകളിലെ പകുതികളെ രണ്ടു ഗ്രൂപ്പ് ആയി തിരിച്ചാണ് തെരഞ്ഞെടുപ്പു നടത്തിയത്. പട്ടണ പരിഷ്കരണ കമ്മറ്റികളിലെ (1920 മുതൽ മുനിസിപ്പൽ കൗൺസിൽ) അനുദ്യോഗസ്ഥ അംഗങ്ങൾക്ക് അവരിൽ നിന്ന് ഒരാളെ പ്രജാസഭയിലേക്ക് തെരഞ്ഞെടുക്കാമായിരുന്നു.

വൈദിക സാമാജികർ

ശ്രീമൂലം പ്രജാസഭയിൽ പലപ്പോഴായി ഇരുപതിൽ പരം വൈദികർ അംഗങ്ങളായിട്ടുണ്ട്. ഇവരിൽ ഒമ്പതു പേർ മലങ്കര (ഓർത്തഡോക്സ്/ യാക്കോബായ) സുറിയാനി സഭയിലെ വൈദികർ (*) ആയിരുന്നു. ഇവരെല്ലാം സമൂഹത്തിന്റെയും നാടിന്റെയും നന്മയ്ക്കുവേണ്ടി പല വിഷയങ്ങളും ശ്രീമൂലം പ്രജാസഭയിൽ ഉന്നയിക്കുകയും അതിൽ പലതും നടപ്പാക്കുന്നതിന് പ്രേരിപ്പിക്കുകയും ചെയ്തവരാണ്.

വൈദികർ, മിഷനറി, പാസ്റ്റർ തുടങ്ങിയവരുടെ പേരും അംഗത്വ വിവരവും നിയോജകമണ്ഡലവും സമ്മേളന വർഷവും ലഭ്യമായ മറ്റു വിവരങ്ങളും താഴെ ചേർക്കുന്നു.

1. * വറീത് മാത്തു കത്തനാർ, ഈരാളി, പറവൂർ (1848 – 1939) – ശ്രീമൂലം പ്രജാസഭയുടെ



പ്രഥമ സമ്മേളനം/നോമിനേറ്റഡ് മെമ്പർ (1904). പറവൂർ സുറിയാനി പള്ളി വികാരി. നിര്യാണം : 07.02.1939

2. ഐപ്പ് തോമാ കത്തനാർ, കോവൂർ (1842 - 1917) - 01, 02, 07, 10, 11 സമ്മേളനങ്ങൾ/തിരുവല്ലാ താലൂക്ക് (1905), തിരുവല്ലാ താലൂക്ക് ഒന്നാം ഗ്രൂപ്പ് (1911, 1914) പ്രതിനിധി, നോമിനേറ്റഡ് മെമ്പർ (1904, 1915). മാർതോമ്മാ സഭയുടെ പ്രഥമ വികാരി ജനറാൾ. നിര്യാണം : 27.01.1917

3. * ഗീവർഗീസ് കത്തനാർ, വടക്കേടത്ത്, ഓമല്ലൂർ (1875 - 1944) - 05, 13 സമ്മേളനങ്ങൾ/ചെങ്ങന്നൂർ താലൂക്ക് (1908), ചെങ്ങന്നൂർ താലൂക്ക് ഒന്നാം ഗ്രൂപ്പ് (1917) പ്രതിനിധി. 'ഗീവർഗീസ് കത്തനാർ ഗീവർഗീസ്', 'വർഗീസ് കത്തനാർ' എന്നിങ്ങനെയാണ് പേരു കാണുന്നത്. നിര്യാണം : 11.06.1944

4. റവ. പി.ജെ. ജോഷ്വാ - ഏഴാം സമ്മേളനം/കുന്നത്തൂർ താലൂക്ക് പ്രതിനിധി (1911). സിഎംഎസ് മിഷനറി, അടൂർ.

5. ഫാ. സിറിയക്കൂസ് (കുറിയാക്കോസ്) - ഒമ്പതാം സമ്മേളനം/ആലുവാ പട്ടണ പരിഷ്കരണ കമ്മറ്റി പ്രതിനിധി (1913).

6. * കോര മാത്തൻ മൽപാൻ, കോനാട്ട്, പാമ്പാക്കുട (1860 - 1927) - 10, 11 സമ്മേളനങ്ങൾ /മൂവാറ്റുപുഴ താലൂക്ക് രണ്ടാം ഗ്രൂപ്പ് പ്രതിനിധി (1914, 1915). വൈദിക ട്രസ്റ്റി, മലങ്കര മൽപാൻ, സുറിയാനി പണ്ഡിതൻ, 1926ൽ കോറെപ്പിസ്കോപ്പാ. നിര്യാണം : 08.11.1927

7. റവ. സാമുവേൽ സുമനം - 10, 11 സമ്മേളനങ്ങൾ/നെയ്യാറ്റിൻകര പട്ടണ പ്രതിനിധി (1914, 1915). എൽഎംഎസ് പാസ്റ്റർ.

8. ഫാ. ഫെർണാണ്ടസ് - പത്താം സമ്മേളനം/കുളച്ചൽ പട്ടണ പ്രതിനിധി (1914).

9. റവ. ഡബ്ല്യു.ഡി. ഓസ്ബോൺ - പത്താം സമ്മേളനം/ആറ്റിങ്ങൽ പട്ടണ പ്രതിനിധി (1914). യൂറോപ്യൻ മിഷനറി.

10. ജി. യേശുദാസൻ - പത്താം സമ്മേളനം/നോമിനേറ്റഡ് മെമ്പർ (1914). ലൂതറൻ മിഷ്യനറി, നാഗർകോവിൽ.

11. * ഫാ. എ.ജെ. മീഖായേൽ, ആലുംമൂട്ടിൽ (1879 - 1956) - 11, 13, 15, 21, 22 സമ്മേളനങ്ങൾ/കായംകുളം പട്ടണ പരിഷ്കരണ കമ്മറ്റി (മുനിസിപ്പൽ കൗൺസിൽ) പ്രതിനിധി (1915, 1917, 1919, 1925, 1926). 1926 ഒക്ടോബർ 24ന് മീഖായേൽ ദിവന്നാസിയോസ് മെത്രാപ്പോലീത്താ. 1956 ജനുവരി 18ന് കാലം ചെയ്തു.

12. ഫാ. പോൾ എ. ജോർജ് - 13-ാം സമ്മേളനം/പറവൂർ പട്ടണ പ്രതിനിധി (1917). പറവൂർ സുറിയാനി കത്തോലിക്കാ പള്ളി വികാരി.

13. ഫാ. തോമസ് എം. മുരിയ്ക്കൽ - 15-ാം സമ്മേളനം/ചങ്ങനാശേരി പട്ടണ പ്രതിനിധി (1919). സെന്റ് ബർക്മെൻസ് ഹയർ ഗ്രേഡ് ഇംഗ്ലീഷ് സ്കൂൾ കറസ്പോണ്ടന്റ്.

14. * ഫാ. പി.ജെ. ജോൺ, പുലയങ്കാട്ടിൽ, രാമമംഗലം (1886 - 1924) - 16, 20 സമ്മേളനങ്ങൾ/പറവൂർ പട്ടണ പ്രതിനിധി (1920), നോമിനേറ്റഡ് മെമ്പർ (1924). ക്നാനായ സമുദായ അംഗം. പറവൂർ സുറിയാനി പള്ളി വികാരി. റോമൻ കത്തോലിക്കാ സഭയിൽ ചേർന്നു. നിര്യാണം : 26.03.1924

15. ഫാ. ജോസഫ് പഞ്ഞിക്കാരൻ - 17-ാം സമ്മേളനം/ആലുവാ മുനിസിപ്പൽ കൗൺസിൽ പ്രതിനിധി (1921). ആലുവാ സെന്റ് മേരീസ് ഹൈസ്കൂൾ അസിസ്റ്റന്റ് ഹെഡ്മാസ്റ്റർ.

16. * ഫാ. കെ. ജെ. കുറിയാക്കോസ് (കോറെപ്പിസ്കോപ്പാ), കോടിയാട്ട്, തിരുവല്ലാ (1870 - 1935) - 18-ാം സമ്മേളനം/നോമിനേറ്റഡ് മെമ്പർ (1922). തിരുവല്ലാ കട്ടപ്പുറം പള്ളി വികാരി. നിര്യാണം : 30.08.1935

17. കെ. തോമസ് കത്തനാർ - 21, 25 സമ്മേളനങ്ങൾ/നോമിനേറ്റഡ് മെമ്പർ (1925, 1929). മാർതോമ്മാ സഭാ വൈദികൻ, കോഴഞ്ചേരി ഇംഗ്ലീഷ് ഹൈസ്കൂൾ മാനേജർ.

18. റവ. ക്രിംബെൽ ജോഷ്വാ - 22, 24 സമ്മേളനങ്ങൾ/ആറ്റിങ്ങൽ മുനിസിപ്പൽ കൗൺസിൽ

ബിഷപ്പ് മാർ അലക്സാണ്ടർ ചൂളപ്പറമ്പിൽ തിരുവിതാംകൂർ ലെജിസ്ലേറ്റീവ് കൗൺസിൽ അംഗം (1921)



കോവൂർ ഐപ്പ് തോമാ കത്തനാർ (ശ്രീമൂലം പ്രജാ സഭയിൽ 5 പ്രാവശ്യം)

ജോൺ റിച്ചാർഡ്സൺ : എംപിയായ ബിഷപ്പ്

ഇന്ത്യൻ പാർലമെന്റിൽ അംഗമായ ഏക ബിഷപ്പാണ് ജോൺ റിച്ചാർഡ്സൺ. ആൻഡമാൻ നിക്കോബാർ ദ്വീപുകളുടെ പ്രതിനിധിയായി രാഷ്ട്രപതി ഒന്നാം ലോക്സഭയിലേക്ക് (1952 - 1957) അദ്ദേഹത്തെ നോമിനേറ്റ് ചെയ്യുകയായിരുന്നു. 1896 ജൂൺ ആറിന് ജനിച്ചു. 1950ൽ കൽക്കട്ടായിലെ ആംഗ്ലിക്കൻ അസിസ്റ്റന്റ് ബിഷപ്പായി. മിഷൻ പ്രവർത്തനവും നടത്തി. പത്മശ്രീ, പത്മഭൂഷൺ ബഹുമതികൾ നേടി. 1978 ജൂൺ മൂന്നിന് അന്തരിച്ചു.

ആറാം ലോക്സഭയിൽ (1977 - 1979) ഒരു വൈദികൻ അംഗമായിരുന്നു - ബീഹാറിലെ രാജ്മഹൽ പട്ടികവർഗ സംവരണ മണ്ഡലത്തിൽ നിന്ന് ജനതാ പാർട്ടിക്കാരനായി വിജയിച്ച ഫാദർ അന്തോണി മുർമു. സന്താൾ വർഗക്കാരനായിരുന്നു. 1930 ഒക്ടോബർ 27നു ജനനം; 1985 ഏപ്രിൽ 19നു പോലീസ് വെടിവയ്പിൽ കൊല്ലപ്പെട്ടു.

ഈരാളി വറീത് മാത്തു കത്തനാർ (ശ്രീമൂലം പ്രജാ സഭയുടെ പ്രഥമ സമ്മേളനത്തിൽ പങ്കെടുത്തു)

ഫാ. എ. ജെ. മീഖായേൽ (5 പ്രാവശ്യം. പിന്നീട് മിഖായേൽ മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്താ).

പ്രതിനിധി (1926), നോമിനേറ്റഡ് മെമ്പർ (1928). എൽഎംഎസ് അസിസ്റ്റന്റ് മിഷനറി, ആറ്റിങ്ങൽ

19. * അവിരാ ഔസേഫ് (ജോസഫ്) കത്തനാർ, പുക്കുന്നേൽ, പുതുപ്പാടി (1868 - 1948) - 24-ാം സമ്മേളനം/മൂവാറ്റുപുഴ താലൂക്ക് പ്രതിനിധി (1928). യാക്കോബായ വിഭാഗം വൈദിക ട്രസ്റ്റി. നിര്യാണം : 02.01.1948

20. റവ. ജെ.ഇ. കേസരി - 25-ാം സമ്മേളനം / നോമിനേറ്റഡ് മെമ്പർ (1929). പ്രോട്ടസ്റ്റന്റ് സഭ, തിരുവനന്തപുരം.

21. * പൗലോസ് സ്കറിയാ കത്തനാർ, നെടുന്തള്ളിൽ, കോതമംഗലം (1880 - 1969) - 26-ാം സമ്മേളനം/മൂവാറ്റുപുഴ താലൂക്ക് പ്രതിനിധി (1930). 1950ൽ കോറെപ്പിസ്കോപ്പാ. കോതമംഗലം ചെറിയ പള്ളി വികാരി. നിര്യാണം : 11.10.1969

22. * പൈലി മാത്യു കത്തനാർ (ഫാ. എം.പി. മാത്യു), മരങ്ങാട്ട്, രായമംഗലം (1877 - 1934) - 27-ാം സമ്മേളനം/കുന്നത്തുനാട് താലൂക്ക് രണ്ടാം ഗ്രൂപ്പ് പ്രതിനിധി (1931). കുറുപ്പംപടി പള്ളി വികാരി. നിര്യാണം : 22.04.1934

പ്രജാസഭാ രേഖകളിൽ കാണുന്ന കുര്യൻ കത്തനാർ മാത്തൻ (രണ്ടാം സമ്മേളനം/ചങ്ങനാശേരി താലൂക്ക് 1905), ഗീവർഗീസ് കത്തനാർ തോമസ് (16, 25 സമ്മേളനങ്ങൾ/മാവേലിക്കര താലൂക്ക് 1920, 1929) എന്നിവർ വൈദികരല്ലെന്നും വൈദിക പുത്രന്മാരാണെന്നും അറിയാൻ കഴിഞ്ഞു.

ശ്രീമൂലം പ്രജാസഭയുടെ ഓരോ സമ്മേളനത്തിലും അംഗമായ വൈദികർ (വർഷം, സമ്മേളനം, എണ്ണം എന്ന ക്രമത്തിൽ):

1904 (01) - രണ്ട്; 1905 (02) - ഒന്ന്; 1908 (05) - ഒന്ന്; 1911 (07) - രണ്ട്; 1913 (09) - ഒന്ന്; 1914 (10) - ആറ്; 1915 (11) - നാല് ; 1917 (13) - മൂന്ന്; 1919 (15) - രണ്ട്; 1920 (16) - ഒന്ന്; 1921 (17) - ഒന്ന്; 1922 (18) - ഒന്ന്; 1924 (20) - ഒന്ന്; 1925 (21) - രണ്ട്; 1926 (22) - രണ്ട്; 1928 (24) - രണ്ട്; 1929 (25) - രണ്ട്; 1930 (26) - ഒന്ന്; 1931 (27) - ഒന്ന്.

ശ്രീ ചിത്തിര തിരുനാൾ മഹാരാജാവ് 1932ൽ നിയമനിർമാണ സമിതിയും ശ്രീമൂലം പ്രജാസഭയും നിർത്തലാക്കി ദ്വിമണ്ഡല സംവിധാനം

ഫാ. പി. ജെ. ജോൺ (2 പ്രാവശ്യം)

കോടിയാട്ട് കെ. ജെ. കുറിയാക്കോസ് കോറെപ്പിസ്ക്കോപ്പാ



പുക്കുന്നേൽ അവിരാ ജോസഫ് കത്തനാർ



നെടുന്തള്ളിൽ പൗലോസ് സ്കറിയാ കത്തനാർ

മരങ്ങാട്ട് പൈലി മാത്യു കത്തനാർ

ഏർപ്പെടുത്തി. 1933ൽ രൂപീകരിച്ച ശ്രീമൂലം സഭ (Sri Mulam Assembly), ശ്രീ ചിത്തിരാ സംസ്ഥാന സമിതി (Sri Chitra State Council) എന്നിവ 1947 വരെ നിലനിന്നു. 1947ൽ ഉത്തരവാദഭരണ പ്രഖ്യാപനം നടത്തിയതോടെ പ്രായപൂർത്തി വോട്ടവകാശം ഏർപ്പെടുത്തി. 1948ൽ തിരുവിതാംകൂർ പ്രതിനിധി സമിതിയും (Travancore Representative Body) തുടർന്ന് തിരുവിതാംകൂർ നിയമസഭയും (Travancore Legislative Assembly) രൂപീകരിച്ചു.

കൊച്ചിയിൽ നിയമനിർമാണ സമിതിയും (Cochin Legislative Council 1925 - 1948) നിയമസഭയും (Cochin Legislative Assembly 1948 - 1949) ഇതേ കാലത്തുണ്ടായിരുന്നു. തിരുവിതാംകൂർ-കൊച്ചി ലയനത്തോടെ ഇരു നിയമസഭകളും ചേർന്ന് 1949ൽ തിരു-കൊച്ചി നിയമസഭ (Travancore - Cochin Legislative Assembly 1949 - 1956) രൂപീകരിച്ചു. കേരള നിയമസഭ 1957ൽ നിലവിൽ വന്നു. ഇവയിലൊന്നും വൈദിക സാമാജികർ ഇല്ലായിരുന്നു.

കോനാട്ട് കോര മാത്തൻ മൽപാൻ, ഫാ. എ.ജെ. മീഖായേൽ എന്നിവർ ശ്രീമൂലം പ്രജാസഭയിൽ നടത്തിയ പ്രസംഗങ്ങൾ ഈ ലേഖകൻ ശേഖരിച്ചു നൽകിയത് *മലങ്കര മല്പാൻ കോനാട്ട് മാത്തൻ കോറെപ്പിസ്കോപ്പാ-വ്യക്തിയും കാലവും*, എഡിറ്റർ ഫാ. ജോൺസ് ഏബ്രഹാം കോനാട്ട്, 2006 (പേജ് 97 - 102), *പുണ്യശ്ലോകനായ മീഖായേൽ തിരുമേനി*, സി.വി.കെ. ചെമ്പോല, 2007, (പേജ് 33 - 39) എന്നീ ഗ്രന്ഥങ്ങളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

നിയമസഭാ രേഖകളും ചരിത്രഗ്രന്ഥങ്ങളും പരിശോധിച്ചാണ് വിവരങ്ങൾ ശേഖരിച്ചത്. ഈ വിഷയത്തിൽ പിന്നീട് കൂടുതൽ പഠനങ്ങൾ നടത്താനാഗ്രഹിക്കുന്നു. ആരുടെയെങ്കിലും പേരു വിട്ടുപോകുകയോ പിശകു സംഭവിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

(verghisjohn@gmail.com; 9446412907) ■

മലങ്കരയിലെ വാസ്തുവിദ്യ

ഫാ. തോമസ് ജോർജ്, തിരുവനന്തപുരം

മലങ്കര നസ്രാണികളുടെ പവിത്രതാ സങ്കല്പങ്ങൾക്ക് നൂറ്റാണ്ടുകളുടെ പഴക്കമുണ്ട്. ജീവിത ചൈതന്യത്തിന്റെ ഇരിപ്പിടം ശരീരമാകുന്നതു പോലെ, ദൈവചൈതന്യത്തിന്റെ ഇരിപ്പിടമാണ് ദേവാലയം. പള്ളിയോ, പ്രാർത്ഥനാമന്ദിരമോ ഇല്ലാതിരുന്ന ഒരു കാലം ക്രിസ്തീയ സഭയ്ക്കുണ്ടായിരുന്നു. വലിയ പീഡനങ്ങളുടെ കാലത്ത് ആരാധന രഹസ്യമായി ഭവനങ്ങളിൽ നടത്തിപോന്നു. എന്നാൽ 4-ാം നൂറ്റാണ്ടോടെ സഭയ്ക്ക് സ്വാതന്ത്ര്യവും, രാജകീയ പദവിയും ലഭിച്ച ശേഷം പടുകൂററൻ ദേവാലയങ്ങൾ ഉയർന്നു വന്നു. പാശ്ചാത്യ ലോകത്ത് പ്രാദേശികമായ ദേവാലയ ശില്പകല രൂപപ്പെട്ടു. ഓരോ പ്രദേശത്തും അവിടുത്തെ കാലാവസ്ഥയും, ദേവാലയ നിർമ്മാണത്തിനുള്ള സാമഗ്രികളുടെ ലഭ്യതയും അനുസരിച്ച് അവ രൂപപ്പെട്ടു.

ക്ഷേത്രങ്ങളും ദേവാലയങ്ങളും

മലങ്കരയിൽ ആദ്യ നൂറ്റാണ്ടുകളിൽ ദേവാലയങ്ങൾ ഉള്ളതിന്റെ വ്യക്തമായ തെളിവുകൽ ഇല്ലെങ്കിലും ചരിത്രപരമായി അനേകം സൂചനകൾ ഉണ്ട്. പോർച്ചുഗീസുകാരുടെ വരവിനു മുൻപുവരെ നമ്മുടെ ദേവാലയങ്ങളുടെ മാതൃകയെപ്പറ്റിയുള്ള രൂപം, ഇന്നു നിലനിൽക്കുന്ന അതിപുരാതനമായ ദേവാലയങ്ങളിൽ നിന്നും നമുക്കു മനസ്സിലാകും.

പാശ്ചാത്യ ദേവാലയ ശില്പകലയൊന്നും ഈ നാടിനും, മലങ്കരസഭയ്ക്കും അറിവില്ലായിരുന്നു. ഇതുകൊണ്ടുതന്നെ ദേവാലയങ്ങൾ നിർമ്മിക്കപ്പെട്ടത് ക്ഷേത്രങ്ങൾ പോലെ ആയിരുന്നു എന്നത് ശ്രദ്ധേയമാണ്. അവയുടെ നിർമ്മാണം നിർവ്വഹിച്ചതും ഈ നാട്ടിലെ ശില്പികളായിരുന്നു. കേരളീയ വാസ്തു വിദ്യയുടെയും ക്രൈസ്തവ വേദശാസ്ത്രത്തിന്റെയും സമന്വയമാണ് പുരാതന ദേവാലയ നിർമ്മിതിയിൽ ദർശിക്കുന്നത്. തിരുവിതാംകോട് പള്ളി, കല്ലൂപ്പാറ പള്ളി എന്നിവ അവയിൽ ചില ഉദാഹരണങ്ങളാണ്. ദൈവീക ചൈതന്യം ഉൾക്കൊള്ളുന്ന ഇടമാണ് ദേവാലയം.

> അശാന്തിയിൽ നിന്ന് പ്രശാന്തിയിലേക്ക് നയിക്കുന്നതാവണം ദേവാലയം. ഒപ്പം നമ്മെ മാനസികമായി ഉന്നമിപ്പിക്കുകയും വേണം.

പുരാതന കാലം മുതലേ ദേവാലയ നിർമ്മിതിയ്ക്ക് വ്യക്തമായ കണക്കുകളും ശാസ്ത്രങ്ങളും ഉണ്ടായിരുന്നു. വെളിച്ചത്തിന്റെ നിയന്ത്രണവും ശബ്ദ നിയന്ത്രണവും ദേവാലയ നിർമ്മിതിയിൽ കാത്തുസൂക്ഷിക്കപ്പെട്ടു. യേശുക്രിസ്തുവിന്റെ തിരുശരീരമാണ് പരി. സഭ. ഓരോ വിശ്വാസിയും സഭാംഗമാണ്. അങ്ങനെ വരുമ്പോൾ ക്രിസ്തുവും, പള്ളിയും, ക്രിസ്ത്യാനിയും എന്ന ത്രയം ഒന്നായിത്തീരുന്ന ഒരഖണ്ഡ ദർശനം നമുക്കിവിടെ കണ്ടെത്താം. സഭ ക്രിസ്തുവിന്റെ ശരീരമാകുമ്പോൾ പള്ളിയിലെ ഓരോരോ സ്ഥാനങ്ങൾ ക്രിസ്തുവിന്റെ ശരീരഭാഗമായി വരുന്നു.

ഏത് നിർമ്മിതിയുടെ പിന്നിലും ഏറിയോ കുറഞ്ഞോ ഒരു തത്വശാസ്ത്രം ഉണ്ടാവും. ദേവാലയത്തെ സംബന്ധിച്ചാകുമ്പോൾ ഈ വസ്തുത കൂടുതൽ പ്രസക്തമാണ്. അശാന്തിയിൽ നിന്ന് പ്രശാന്തിയിലേക്ക് നയിക്കുന്നതാവണം ദേവാലയം. ഒപ്പം നമ്മെ മാനസികമായി ഉന്നമിപ്പിക്കുകയും വേണം. പാപത്തിൽ നിന്നു പുണ്യത്തിലേക്കും നരകത്തിൽ നിന്നു സ്വർഗ്ഗത്തിലേക്കും ആരോഹണം ചെയ്യാൻ പോന്ന അഭൗമമായ അന്തരീക്ഷം അവിടെ ഉണ്ടാകണം. ഈ അന്തരീക്ഷം സംജാതമാക്കാൻ ദേവാലയത്തിന്റെ ശില്പഘടനയ്ക്ക് തീർച്ചയായും സാധിക്കും.

പള്ളിയും ക്ഷേത്രവും

പുരാതന ദേവാലയങ്ങളുടെ ശില്പവിദ്യ ക്ഷേത്രങ്ങളുടെ മാതൃകയിൽ ആയിരുന്നു. വാസ്തുവിദ്യാധിഷ്ഠിതമായിരുന്ന ക്ഷേത്രനിർമ്മാണമെങ്കിൽ ദേവാലയങ്ങളും അപ്രകാരം തന്നെ പണിയപ്പെട്ടവയാണ്. പുരാതന ദേവാലയങ്ങളുടെ കിണറിന്റെ സ്ഥാനം ഒരുദാഹരണമാണ്. എല്ലാ പുരാതന ദേവാലയങ്ങളുടെയും കിണറിന്റെ സ്ഥാനം പള്ളിയുടെ വടക്ക്കിഴക്ക് ആയിരിക്കും. ഇപ്രകാരം അനേകം ഉദാഹരണങ്ങളുണ്ട്. കൂടാതെ ക്ഷേത്രങ്ങളിലെ പല സവിശേഷതകളും പള്ളികളിൽ പ്രകടമാണ്. മുഖപ്പ്, മേൽക്കൂട്ട്, വളബന്ധം, പുമുഖം, പടിപ്പുരമാളിക, കൽവിളക്കുകൾ, വിളക്കുമാടം, നാടകശാല, തൂക്കുവിളക്കുകൾ, കൊടിമരം, മുറ്റവും പുറമതിലും മതിലിൽ കാണുന്ന കൽചെരാതുകളും. ഇവയൊക്കെ കാലാതീതമായ ഒരു മഹിത പൈതൃകത്തെ അനുസ്മരിപ്പിക്കുന്നവയാണ്. ഈ സവിശേഷതകളൊക്കെ ഏതെ



ങ്കിലും ഒരു മതത്തിന്റെ ഭാഗമായിരുന്നു എന്ന് ചിന്തിക്കുവാൻ തരമില്ല. മറിച്ച് ഇവ പുരാതന കാലത്ത് കേരളത്തിൽ നിലനിന്ന പൈതൃകത്തിന്റെയും സംസ്കാരത്തിന്റെയും അടയാളങ്ങളാണ്.

ആരാധനാലയങ്ങൾ പൊതുവേ ക്ഷേത്രം എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. ക്ഷേത്രശബ്ദത്തിന് 'ക്ഷീയതേ ഇതി' എന്ന നിഷ്പത്തി പ്രകാരം നശിച്ചുപോകുന്നതാണ് ക്ഷേത്രമെന്നു വരുന്നു. ഉടഞ്ഞുപോകുന്ന പഞ്ചഭൂത വസ്തുക്കളാൽ നിർമ്മിക്കപ്പെടുന്നതുകൊണ്ടാകാം ഇങ്ങനെ പറയുന്നത്. ദേവാലയ ശബ്ദത്തിനാകട്ടെ, ദേവന്റെ ആലയം എന്ന ലളിതമായ അർത്ഥമാണുള്ളത്. അതുകൊണ്ടു തന്നെ ഏതു മതസ്ഥരുടെ ആരാധനാലയങ്ങളെയും ദേവാലയം എന്ന് നിസ്സംശയം വിളിക്കാം.

പുരാതന ദേവാലയ ശില്പഘടന

ആദ്യ നൂറ്റാണ്ടുകളിൽ പണിയപ്പെട്ട ദേവാലയങ്ങളിൽ പലതും സമചതുരാകൃതിയിൽ തടി ഉപയോഗിച്ചു പണിത് പനയോലകൊണ്ട് മേഞ്ഞിരുന്നവയാണ്. എന്നാൽ കാലക്രമത്തിൽ തടികൊണ്ടുള്ള മേൽക്കൂടും, ഓട് ഇറക്കിയുള്ള കൂരകളും നിർമ്മിക്കപ്പെട്ടു. രണ്ടു മുതൽ നാല് അടിയിൽ കൂടുതൽ വരെ ഘനമുള്ള ഭിത്തികളിൽ രണ്ടു വശത്തും ഓരോ വാതിലും മുഖവാരത്തിൽ ആനവാതിലും ഉണ്ടായിരുന്നു. വാതിലുകൾ അടച്ചാൽ എയർ കണ്ടിഷൻ കെട്ടിടത്തിന്റെ ശീതളിമ പള്ളിക്കുള്ളിൽ ഇരിക്കുന്നവർക്ക് അനുഭവവേദ്യമായിരുന്നു. ഭിത്തി നിർമ്മാണത്തിലെ സാങ്കേതിക വൈദഗ്ദ്യം കൊണ്ടാണിത് സാധിക്കുന്നത്. അതുപോലെ തന്നെ സ്വരനിയന്ത്രണവും പുരാതനപള്ളികളിൽ സാധിച്ചിരുന്നു.

വാതിലുകൾ അടച്ചാൽ പള്ളിക്കുള്ളിൽ ഇരുട്ടായിരുന്നു ജനാലകളുടെ അഭാവം പുരാതന ദേവാലയങ്ങളിലെ ഒരു പ്രത്യേകതയാണ്. ദേവാലയത്തിനുള്ളിലെ ഈ ഇരുട്ടിന് ആത്മീയപരമായ ഒരു പരിവേഷമുണ്ട്. സഭാപിതാവായ അരയോപ്പഗേറ്റിലെ വി.ദിവന്നാസ്യോസ് പറയുന്നു: 'സകല വെളിച്ചങ്ങളുടെയും മേലായി സ്ഥിതി ചെയ്യുന്ന അന്ധകാരം കാണുവാനും അറിയുവാനും സാധിക്കാത്ത ദിവ്യമായ ഇരുട്ട്'.

ഏതു മതസ്ഥരുടെ ദേവാലയവും തുടക്കത്തിൽ സങ്കീർണ്ണ രചനകൾ ആയിരുന്നില്ല. കേരളത്തിലെ ക്ഷേത്രങ്ങളും പള്ളികളും ഇവ വ്യക്തമാക്കുന്നു. ആദ്യകാല ക്ഷേത്രങ്ങൾ ഒറ്റമുറി നിർമ്മിതികൾ ആയിരുന്നു. പിൽക്കാലത്ത് ആവശ്യവും സൗകര്യവും സാമ്പത്തിക സാഹചര്യവുമനുസരിച്ച് ശ്രീകോവിലിനു ചുറ്റും എടുപ്പുകൾ നിർമ്മിച്ച് ബൃഹദാകാരമാർന്ന ക്ഷേത്ര സമുച്ചയമായി. ക്രൈസ്തവ ദേവാലയ സങ്കല്പത്തിൽ മദ്ബഹായ്ക്കാണ് മുഖ്യസ്ഥാനം. മദ്ബഹാ മാത്രം പൂർണ്ണ പള്ളിയായി പരിഗണിച്ചിരുന്നു. കാലക്രമേണ പള്ളികളോട് ചേർന്ന് കെട്ടിട സമുച്ചയങ്ങൾ രൂപപ്പെട്ടു.

മദ്ബഹ

സ്വർഗ്ഗപ്രതീകമായ മദ്ബഹ ആദ്ധ്യാത്മീകമായ ഔന്നിത്യത്തെ പ്രതിനിധാനം ചെയ്യുന്നു. 'മദ്ബഹാ', ഒരു സുറിയനി സംജ്ഞയാണ്. 'ദ്ബഹാ' എന്നതാണ് ധാതു. പ്രസ്തുത ധാതുവിന് സുറിയാനിയിൽ 'ബലി, പൂജ, നിർവ്വഹണം' എന്നൊക്കെ അർത്ഥം പറയാം.

മൂന്നു വിധത്തിലുള്ള മദ്ബഹാകൾ കേരളത്തിലുണ്ടായിരുന്നു. സമചതുരം, ചതുരം, അഷ്ടഭുജം എന്നീ രൂപങ്ങളിൽ സർവ്വസാധാരണമായി കാണപ്പെടുന്നത് സമചതുരാകൃതിയത്രേ. അഷ്ടഭുജാകൃതിയിലുള്ള മദ്ബഹാകൾ അപൂർവ്വമെങ്കിലും ചിലയിടങ്ങളിൽ ദൃശ്യമാണ്. ഇതിന് എട്ടു പട്ടം എന്നു പേരുണ്ട്. നേരത്തെ ഉണ്ടായിരുന്ന പരുമല പള്ളിയിലെ മദ്ബഹാ അഷ്ടഭുജ രീതിയിലായിരുന്നു. ഇപ്പോൾ ചന്ദനപ്പള്ളി പള്ളിയിൽ അഷ്ടഭുജമദ്ബഹാ ദർശിക്കാം. എട്ടുപട്ട മദ്ബഹാകൾ ചതുര മദ്ബഹാകളെക്കാൾ നിർമ്മാണ വൈദഗ്ദ്യം ആവശ്യപ്പെടുന്നു. മദ്ബഹാകളുടെ നിർമ്മാണ ശൈലിയെ പേർഷ്യൻ സഭാശാസ്ത്രവും കേരളീയ ക്ഷേത്രവാസ്തുവിദ്യയും സ്വാധീനിച്ചിട്ടുണ്ട്. ക്ഷേത്രവാസ്തുവിദ്യകളുടെ ക്രൈസ്തവവത്കൃത രൂപമാണ് ആദികാല പള്ളികളുടെ ശില്പ രചനയിൽ കാണുന്നത്. കുന്നംകുളത്തിനടുത്തുള്ള ആർത്താറ്റ് പള്ളിയിൽ ദീർഘചതുരാകൃതിയിലുള്ള മദ്ബഹാ ദർശിക്കാം.

കമാനാകൃതിയിലാണ് മദ്ബഹായുടെ മുകൾഭാഗം, പഴയ പള്ളികളിൽ കണ്ടുവരുന്നത് കുമ്മായവും വെട്ടുകല്ലുമാണ് ഇവയ്ക്ക് ഉപയോഗിച്ചിരുന്ന ദ്രവ്യങ്ങൾ, അപൂർവ്വമായി തടിയും ഉപയോഗിച്ച് കണ്ടിട്ടുണ്ട്. കൂടാതെ മദ്ബഹായുടെ നടയിലും കമാനം ദർശിക്കാം. (semi circular arches). ഇവ പൗരസ്ത്യ, പാശ്ചാത്യ, സുറിയനി ദേവാലയ ശില്പ സ്വാധീനത്തിൽ നിന്നും ലഭിച്ചതാണ്. ഒരു വൃത്തത്തിന്

ആദിയും അന്തവും ഇല്ലാത്തതുപോലെ സർവ്വശക്തനായ ദൈവത്തിന്റെ നിത്യതയെ ഇതു സൂചിപ്പിക്കുന്നു (Represents the eternity of God) എന്നതാണ് ഇതിന്റെ ദൈവശാസ്ത്രം. എന്നാൽ പോർച്ചുഗീസ് സ്വാധീനം മൂലം ഗോത്തിക്ക് കമാനം (Gothic Arch) ഉപയോഗിക്കാൻ തുടങ്ങി. എന്നാൽ ഇത്തരത്തിലുള്ള കമാനങ്ങളിൽ നേരത്തേ സൂചിപ്പിച്ച ദൈവശാസ്ത്രം ഇല്ലെന്നുള്ളത് ശ്രദ്ധേയമാണ്.

മദ്ബഹായിലെ അലങ്കാരപ്പണികളിൽ പ്രധാനമാണ് ഇറത്താഴ്. 'ഇറയ്ക്ക്', 'ഉയർന്നത്', 'ശ്രേഷ്ഠമായത്', 'അതിര്' എന്നൊക്കെ അർത്ഥമുണ്ട്. മദ്ബഹായുടെ കിഴക്കേ ഭിത്തിയിൽ അടിമുറി ചതുരക്കള്ളികളായി തിരിച്ച് അവയ്ക്കുള്ളിൽ ചിത്രപ്പണി ചെയ്താണ് ഇറത്താഴ് ഉണ്ടാക്കുന്നത്. മുളന്തുരുത്തി, പിറവം, കോട്ടയം വലിയപള്ളി എന്നിവടങ്ങളിലാണ് മനോഹരങ്ങളായ ഇറത്താഴുകൾ ഉള്ളത്. ഈ പള്ളികളിലെ ഇറത്താഴ്ചിത്രങ്ങൾക്ക് വ്യക്തമായ പാശ്ചാത്യ സ്വാധീനമുണ്ട്. ഇവ പൂർണ്ണമായും പോർച്ചുഗീസുകാരുടെ വാസ്തുവിദ്യ രചനകളാണ്. പുരാതന കൽദായ പാശ്ചാത്യം (അന്ത്യോഖ്യൻ). സുറിയനി സഭകളിലെ മദ്ബഹാകൾ ലളിതവും വലിപ്പത്തിൽ ചെറിയവയുമാണ്. മദ്ബഹായിൽ അലങ്കാരങ്ങൾ തുലോം കുറവായിരുന്നു എന്നതും ശ്രദ്ധേയമാണ്.

ഉയർന്നു സ്ഥിതി ചെയ്യുന്ന മദ്ബഹാ സ്വർഗ്ഗത്തെ കുറിക്കുന്നു. ആയതിനാൽ മദ്ബഹായിലേക്ക് കയറുവാൻ ഉള്ള പടികൾ സ്വർഗ്ഗാരോഹണത്തെ സൂചിപ്പിക്കുന്നു. ഹൈക്കലാ മുതൽ മദ്ബഹായിലെ ദർഗ്ഗ വരെ 7 പടി

കൾ വേണമെന്നതാണ് കണക്ക്. 7 എന്ന സംഖ്യ പൂർണ്ണതയെ സൂചിപ്പിക്കുന്നു.

നാടകശാല

വിശ്വാസികൾക്ക് ആദ്ധ്യാത്മിക ബോധം അങ്കുരിക്കാനുതകുന്ന നാടകങ്ങളും, കലാപരിപാടികളും നടത്തുവാനുള്ള സ്ഥലം ക്രൈസ്തവ ദേവാലയങ്ങളുടെ നിർമ്മിതിയിൽ കേരളീയ വാസ്തുശൈലിക്കുള്ള സ്വാധീനമാണിവിടെ ദൃശ്യമാകുന്നത്. കേരളത്തിൽ പഴയകാല പള്ളികളിൽ വടക്കൻ ഭാഗങ്ങളിൽ ഇവ കൂടുതലായി കണ്ടു വന്നിരുന്നു. അച്ചടിവിദ്യ കണ്ടുപിടിക്കുന്നതിനുമുമ്പ് മതപരമായ വിഷയങ്ങൾ വിശ്വാസികൾക്ക് പകർന്ന് നല്കിയിരുന്നത് നാടകശാലകളിലൂടെയാണ്.

വാതിൽ

വാതിലുകൾ ക്ഷേത്രങ്ങളുടെയും കേരളീയമായ സംസ്കൃതിയുടെയും അടിസ്ഥാനത്തിലായിരുന്നുവെന്ന് കാണാം. ക്ഷേത്രങ്ങളിലെപോലെ പള്ളികൾക്കും വാതിലുകൾ വളരെ കുറവായിരുന്നു. നസ്രാണി ദേവാലയങ്ങളുടെ നാലു മതിലുകൾക്കും വ്യത്യസ്ത ക്രൈസ്തവ മാനങ്ങൾ ഉണ്ടായിരുന്നു. അവ, പടിഞ്ഞാറ്-കരുണ, വടക്ക്-പ്രത്യാശ, തെക്ക്-അനുതാപം എന്നിവയായിരുന്നു. കിഴക്ക് വശത്തെ വാതിൽ മഹത്വത്തിന്റെ വാതിലും അതൊരിക്കലും തുറക്കാത്തതുമാണ്. അതിനാൽ കിഴക്കുവശത്ത് വാതിൽ ഉണ്ടായിരുന്നില്ല. അപൂർവ്വമായി കാണുന്ന ഉയർന്ന ഒരു ചെറു ജനൽ ഈ സങ്കല്പത്തിൽ നിന്നുണ്ടായതാകാം.

കൽക്കുരിശ്

പ്രാചീന ക്രൈസ്തവരുടെ ദേവാലയങ്ങളുടെ മുമ്പിൽ കാണുന്ന കൽക്കുരിശുകൾക്ക് സാമാന്യേന അഞ്ഞൂറോളം വർഷം വഴക്കം പറയാം. പോർട്ടുഗീസ്-കേരള വാസ്തുവിദ്യയുടെ സമ്മേളനമാണിതിൽ കാണുന്നത്. കൽപ്പണിയിൽ മലയാള ശില്പികൾക്കുള്ള വൈദഗ്ധ്യവും പോർച്ചുഗീസുകാരുടെ നിർബന്ധവും കൂടി യോജിച്ചപ്പോൾ ഉൽകൃഷ്ടമായ നിരവധി കൽക്കുരിശുകൾ ഉണ്ടായി.

മണിമാളിക

എല്ലാ പള്ളികളിലും ഇത് ഉണ്ടാകണമെന്നില്ല. പള്ളിയുടെ ഭാഗത്തോ, പള്ളിയിൽ നിന്നു മാറിയോ മണി തൂക്കുവാനായി പണിതിരുന്ന മന്ദിരങ്ങളാണ് ഇവ. റോമൻ സ്വാധീനത്തിന് വിധേയമായിട്ടാണ് ഇത്തരം മാളികകൾ ഉണ്ടായത്.

ചമയപ്പുര

മദ്ബഹായ്ക്കാവശ്യമായ സാധനങ്ങൾ ഭദ്രമായി സൂക്ഷിച്ചു വെയ്ക്കുന്നതിനുള്ള മുറി. മദ്ബഹായുടെ വടക്കു ദിശയിലാണ് വാസ്തുപരമായി, ഇതിന്റെ ശരിയായ സ്ഥാനം ചമയപ്പുരയ്ക്കു നൽകേണ്ടഅളവും നിശ്ചിതമാണ്.

കുളം

പഴയകാല ക്രൈസ്തവദേവാലയങ്ങളോടനുബന്ധിച്ച് നദികളോ, കുളങ്ങളോ മറ്റ് ജലാശയങ്ങളോ ഉണ്ടായിരുന്നതായി കാണാം. പവിത്രതാ സങ്കല്പത്തിലും ആരാധനാ രീതികളിലും ഹൈന്ദവക്ഷേത്രങ്ങളുമായി പള്ളികൾക്ക് മൗലികമായ വ്യത്യാസങ്ങളുണ്ടെങ്കിലും ആദ്യകാലപള്ളികളെല്ലാം രൂപശില്പമായി ക്ഷേത്രപ്രതീതി സൃഷ്ടിച്ചിരുന്നു. ക്ഷേത്രങ്ങളോട് ചേർന്ന് കുളം ഉള്ളതുപോലെ പള്ളികളോട് ചേർന്ന് ജലാശയങ്ങൾ ഉണ്ടായിരുന്നു. ദേവാലയങ്ങൾ പവിത്ര സ്ഥാനങ്ങൾ ആകയാൽ അവയ്ക്കു സമീപംജലാശയങ്ങൾ ഉണ്ടാകുന്നതിൽ പ്രത്യേക പ്രാധാന്യം ഉണ്ട്.

ഉപസംഹാരം

പുരാതന കാലം മുതൽ മലങ്കരയിൽ ദേവാലയങ്ങൾ നിർമ്മിക്കുന്നതിന് ഒരുവാസ്തുവിദ്യ ഉള്ളതാകുന്നു. ദൈവവും മനുഷ്യനും തമ്മിൽ സംവദിക്കുന്ന സ്ഥലമാണ് ദേവാലയം. മനുഷ്യ ഹൃദയങ്ങളെ ആത്മീയത

A User-Friendly Church Operations and Accounting Suite

HA MANAHEL
CHRISTIAN CHURCH SOFTWARE

Ha Manahel is a software developed to suite the demands of Companies Act 2013. With modifications to satisfy the increasing and developing demands, we now bring to you the revised Version 6 with Double Entry Book Keeping. Data entry at a single point provides access to variety of reports related to church activities. All the certificates, member based reports and financial reports available. Financial statement as per the Malankara Orthodox Diocese will be generated automatically. No internet facility is required to operate.

Facilities available in Ha Manahel :

■ Membership Register ■ Cash/Day Book ■ General Ledger ■ Journal Entries ■ Balance Sheet ■ Trial Balance ■ Profit & Loss/Income & Expenditure ■ Receipts & Payments ■Financial Statements ■ Fixed Asset Register ■ Cash Flow Statement ■ Anniversaries Alerts ■ Parish Register ■ Church Service Register ■ Endowment register ■ Stock Register ■ Church Directory ■ Member Volunteer Information ■ Multi-Conditional Search ■ Individual Giving Statement ■ Members Dues List ■ Voters List ■ Blood Group List ■ Prayer request Register ■ Registers for Baptism , Marriage, Death, Confirmation, Premarital Counseling ■ Certificates ■ Cemetry Allotment ...

Phone 09446431460 / 09447046957 / 09495673797
E-mail hamanahel@gmail.com / sales@hamanahel.com Website : hamanahel.com
HM Software Solution, Kottayam Road, Mallappally 689585
Kothamangalam, Ernakulam 686691

A few installed Orthodox churches:
Niranom Orthodox Church, Mallappally Kaipatta Orthodox Church, Panayampala Orthodox Church, Kaviyoor Sleeba Orthodox Church, Kunkiripetty Cathedral, ... (106 installations)

യുടെ ഔന്നത്യത്തിൽ എത്തിക്കുന്നതിന് ആരാധനയ്ക്കും ആരാധനാലയത്തിനും മുഖ്യ പങ്കുണ്ട്. ആരാധനാലയത്തിന്റെ ഘടന ഇതിൽ പ്രധാനപ്പെട്ടതാണ്. നസ്രാണികളുടെ പവിത്രതാസങ്കല്പത്തിന് നീണ്ട ചരിത്രം തന്നെയുണ്ട്. അത് ദേവാലയ നിർമ്മിതിയിൽ നിഴലിക്കുന്ന ഒരു വസ്തുതയാണ്. എന്നാൽ ഇന്നു നിർമ്മിക്കപ്പെടുന്നതോ, പുതുക്കി പണിയപ്പെടുന്നതോ ആയ ദേവാലയങ്ങൾ ഒന്നും തന്നെ വാസ്തുവിദ്യ പ്രകാരം അല്ല എന്നത് നിർഭാഗ്യമാണ്. പള്ളികൾ പണിയുന്നതിന് ഇന്ന് യാതൊരു മാനദണ്ഡവും ഇല്ലെന്നുള്ളത് ഒരു കുറവാണ്. ഓരോ ദേശത്തും, അവരവർക്ക് ഇഷ്ടമുള്ള പ്രകാരം, ഇഷ്ടമുള്ള അളവുകളിൽ നിർമ്മിക്കേണ്ടതല്ല ദേവാലയം. ഭവനങ്ങൾ ചമെക്കുന്ന രീതിയിലും, അതേ ലാഘവത്തോടും പള്ളികൾ പണിയുവാൻപാടുള്ളതല്ല. പ്രത്യുത പ്രാർത്ഥനയോടും, കൃത്യമായ അളവിലും നിർമ്മിക്കപ്പെടണം ദേവാലയം. പാരമ്പര്യത്തിലും പൈതൃകത്തിലും അഭിമാനം കൊള്ളുന്ന മലങ്കര നസ്രാണി ഭാവിയിൽ പണിയപ്പെടുന്ന ദേവാലയങ്ങളിൽ, നഷ്ടപ്പെട്ടുപോയ ശില്പചാതുര്യം പുനരാവിഷ്ക്കരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. അല്ലാത്തപക്ഷം നാം ചരിത്രത്തോടും പാരമ്പര്യത്തോടും കാട്ടുന്ന വലിയ അപരാധമാകും അത്. ■

സിവിൽ സർവ്വീസ് പരിശീലനം

മുത്തൂറ്റ് എം. ജോർജ് ഫൗണ്ടേഷന്റെ ട്രയൂൺ എക്സൽ കരിയർ അക്കാഡമിയുടെയും സംയുക്താഭിമുഖ്യത്തിൽ സിവിൽ സർവ്വീസ് പരിശീലനം ആരംഭിക്കുന്നു.

സിവിൽ സർവ്വീസ് പരീക്ഷയെക്കുറിച്ച് കൂടുതൽ വിവരങ്ങൾ http:www.upsconline.nic.in എന്ന വിലാസത്തിൽ ലഭിക്കും. **പരിശീലന ക്ലാസ്സുകൾക്ക്: 0484 6690599/2396478, csr@muthootgroup.com, www.muthootfinance.com**

ക്രിസ്ത്യൻ മെഡിക്കൽ കോളജ് ലുധിയാന സ്പോൺസർഷിപ്പ്

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭാംഗങ്ങൾക്ക് CMC ലുധിയാനയിലേക്ക് സഭ സ്പോൺസർഷിപ്പിന് ഇപ്പോൾ അപേക്ഷിക്കാവുന്നതാണ്. (MBBS, BDS, Nursing, Paramedical Course തുടങ്ങിയ കോഴ്സുകൾ) പൂരിപ്പിച്ച അപേക്ഷകൾ ഏപ്രിൽ 15-നു മുമ്പായി MGOCSM Students Centre P.O. Box No. 610, College Road, Kottayam എന്ന വിലാസത്തിൽ ലഭിച്ചിരിക്കണം. ആപ്ലിക്കേഷൻ ഫോം ലഭിക്കുവാൻ mosc.in, mgocsm.global, mgocsm@gmail.com, mgocsmoffice@yahoo.com.

Contact: Tel. No. 0481-2567338

FIRST DEATH ANNIVERSARY ON 17TH APRIL 2016

C.C. PHILIP

Chirayil House,
Thrikothamangalam,
Puthupally

Remembered with prayers by Family members

മൂന്നാം റാങ്ക്

കേരള സർവ്വകലാശാലയിൽ നിന്നും എം.എ. മലയാളത്തിൽ മൂന്നാം റാങ്ക് കരസ്ഥമാക്കിയ ഫാ. ബിജു ശാമുവേൽ വകയാർ. (കുന്ദംകുളം ഭദ്രാസനം).

ഡോക്ടറേറ്റ്

നോയിഡ ഇന്റർനാഷണൽ യൂണിവേഴ്സിറ്റിയിൽ നിന്നും ബയോടെക്നോളജിയിൽ പി.എച്ച്.ഡി. ബിരുദം ലഭിച്ച നോയിഡ റയൺ ഇന്റർനാഷണൽ സ്ക്കൂളിലെ സീനിയർ അദ്ധ്യാപിക ബിന്ദു എലിസബേത്ത് കോശി. കൊട്ടാരക്കര പട്ടമല സെ. ജോർജ് ഇടവകയിൽ കിഴക്കിടത്ത് വീട്ടിൽ കോശി ചാണ്ടിയുടെ ഭാര്യയും ചെങ്ങന്നൂർ പഴയിടത്ത് പ്രൊഫ. വി.ഐ. ജോസഫിന്റെ മകളുമാണ്.



ഈ വർഷത്തെ സന്തോഷ് ട്രോഫി അസി. കോച്ചായി തെരഞ്ഞെടുക്കപ്പെട്ട അസി. പ്രൊഫ. ഹാരി ബെന്നി ചെട്ടിയാംകുടിയിൽ. കോതമംഗലം മാർ അത്തനേഷ്യസ് ആർട്ട്സ് & സയൻസ് കോളേജിലെ ഫിസിക്കൽ എഡ്യൂക്കേഷൻ അദ്ധ്യാപകനാണ്. പോത്താനിക്കാട് ഉമ്മിണിക്കുന്ന് സെ. മേരീസ് മഹാ ഇടവകാംഗം.

ആത്മരേഖ





ജീവിത സായാഹ്നത്തിൽ...

ഫാ. ഡോ. റ്റി. ജെ. ജോഷ്വ

ജീവിത സായാഹ്നം സമാധാനപൂർണ്ണവും, പ്രത്യാശാ പൂരിതവുമാകുവാൻ സാധിക്കുന്നത് ദൈവകൃപ അനുഭവവേദ്യമാകുന്നതിനാൽ മാത്രമാണ്. ശാരീരികവും മാനസികവുമായ പല അവശതകളും കടന്നെത്തി വാർദ്ധക്യം ദുഷ്കരമാക്കിത്തീർക്കുന്ന ചിത്രങ്ങൾ പലതും കൺമുമ്പിലുണ്ട്. വൈദ്യശാസ്ത്രത്തിന്റെ പിടിയിലെങ്ങും ഒതുങ്ങാതെ പല രോഗങ്ങളും ഇന്നു പ്രത്യക്ഷപ്പെടുന്നു. അതിലൊന്നാണ് മറവി രോഗം (അൽഷൈമേഴ്സ്). ശാരീരികമായ അവശതകൾ ഒന്നുമില്ലാത്ത പലരും മറവി രോഗത്തിനിരയായി ജീവിതം ദുരിതപൂർണ്ണമാക്കുന്നു. മറ്റു ചിലർക്ക് സ്നേഹവും ശരിയായ സംരക്ഷണവും ലഭിക്കാതെ ഒറ്റപ്പെട്ട അവസ്ഥയിൽ നിരാശാചിത്തരായി കഴിയേണ്ടിവരുന്നു. ആയുസ്സു മുഴുവൻ കുടുംബത്തിന്റെ ഐശ്വര്യത്തിനും ഭദ്രതയ്ക്കും വേണ്ടി പ്രവർത്തിച്ചശേഷം, അന്ത്യകാലത്ത് കുടുംബാംഗങ്ങളിൽ നിന്നുള്ള സഹായമോ സംരക്ഷണമോ ലഭിക്കാതെ പോകുമ്പോൾ ജീവിതം ദുർവഹമായി അനുഭവപ്പെടുന്നവരുമുണ്ട്.

എന്നാൽ തികഞ്ഞ കൃതാർത്ഥതയോടും, നിറഞ്ഞ സംതൃപ്തിയോടും കൂടി സന്തോഷം നിറഞ്ഞ അവസ്ഥയിൽ ജീവിതസായാഹ്നം ഈശ്വരസ്തുതികൊണ്ടും, സ്നേഹം നിറഞ്ഞ വചസ്സുകൾ കൊണ്ടും ധന്യമാക്കുന്ന വ്യക്തികളെയും നമുക്കു കാണാം. എപ്രകാരം ജീവിച്ചു; എന്തു പ്രവർത്തിച്ചു; എന്തു മനോഭാവം പുലർത്തി എന്നുള്ള കാര്യങ്ങൾ ഒരു പരിധിവരെ ജീവിത സായാഹ്നത്തെ സ്വാധീനിക്കാം. വാർദ്ധക്യം എന്നുള്ളത് പെട്ടെന്ന് പൊട്ടിവീഴുന്ന ഒന്നല്ല, അത് ജീവിതത്തിന്റെ തുടർച്ചയും പരിണാമവുമാണ്. ഒന്നു സമ്മതിച്ചേ മതിയാവൂ, വാർദ്ധക്യം നിസ്സഹായതയുടെയും പരാശ്രയത്തിന്റെയും ഘട്ടമാണ്. ക്ലേശങ്ങൾ വർദ്ധിക്കുന്ന അവസ്ഥയും. കുടുംബത്തിൽ നിന്നും, സമൂഹത്തിൽ നിന്നും, സഭാ വിശ്വാസികളിൽ നിന്നുമെല്ലാം സഹായവും പ്രോത്സാഹനവും സംരക്ഷണവും ലഭ്യമാകണം.

ജീവിതത്തിന്റെ സായംകാലത്ത് എത്തിയിരിക്കുന്ന ഞാൻ വാർദ്ധക്യത്തിന്റെ അവസ്ഥയെപ്പറ്റി ഓർക്കുവാൻ കാരണമായത്, സമപ്രായക്കാരായ ചിലരുടെ അനുഭവത്തെപ്പറ്റി ചിന്തിച്ചപ്പോഴാണ്. ദൈവകൃപ ഏറെ അനുഭവിച്ചിട്ടുള്ള ഞാൻ ഇന്ന് ജീവിതത്തെ തിരിഞ്ഞുനോക്കുമ്പോൾ നിറഞ്ഞ സംതൃപ്തിയും കൃതജ്ഞതയും മാത്രമാണ് ഹൃദയത്തിൽ ഉയരുന്നത്. സംഭവബഹുലമായ ജീവിതം, പ്രവർത്തനനിരതമായ അനുഭവം, ഉടനീളം ഒഴുകിയെത്തിയ ദൈവസ്നേഹം, ദിവ്യസംരക്ഷണം ഇവയൊക്കെയാണ് എന്റെ മുമ്പിൽ നിവർന്നു വരുന്നത്. പരാതിയുടെയോ പരിഭവത്തിന്റെയോ ചിന്തകൾക്ക് ഒരു സ്ഥാനവുമില്ല. അർഹിക്കുന്നതിലും ആഗ്രഹിക്കുന്നതിലും ഉപരിയായി ദൈവകൃപ അനർഗ്ഗളമായി അനുഭവിക്കാൻ സാധിച്ച സംതൃപ്തിയും കൃതജ്ഞതയുമാണ് എന്റെ മനസ്സിൽ നിറയുന്നത്.

എനിക്കു വളരെ പ്രിയമുള്ള ഒരു ഗാനമുണ്ട്. അത് ആലപിക്കുമ്പോൾ ഒക്കെയും എന്റെ കണ്ണുകൾ ഈറനണിയും. "ഇത്രത്തോളം യഹോവ സഹായിച്ചു; ഇത്രത്തോളം ദൈവം എന്നെ നടത്തി; ഒന്നുമില്ലായ്കയിൽ നിന്നെന്നെ ഉയർത്തി-ഇത്രത്തോളം യഹോവ സഹായിച്ചു". നന്ദികൊണ്ടും സ്തോത്രം കൊണ്ടും നിറഞ്ഞു തുളുമ്പുന്ന ഒരു ദൈവ പൈതലിന്റെ ഹൃദയത്തിൽ നിന്ന് രൂപം കൊണ്ട വരികളാണവ. അതുകൊണ്ടാണ് സമാനമായ അനുഭവമുള്ളവർക്ക് ആ ഗാനത്തിലെ വരികൾ ഹൃദയസ്പർശി ആയിവർത്തിക്കുന്നത്. പൗലോസ് ശ്ലീഹായുടെ സ്വാധീനം എന്നിൽ അതിശക്തമാണ്. കർത്താവു കഴിഞ്ഞാൽ, അപ്പോസ്തോലനാണ് എന്റെ ജീവിതത്തിന്റെ പ്രചോദന സ്രോതസ്സും മാർഗ്ഗദീപവും. അദ്ദേഹത്തിന്റെ മൊഴികൾ അവസരോചിതമായി എന്റെ ഹൃദയത്തിൽ ഒഴുകിയെത്തും. ഏറ്റവും അധികം ഓർക്കുന്നതും അയവിറക്കുന്നതുമായ വാക്യമാണ്, "ഞാൻ ആയിരിക്കുന്നത് ദൈവകൃപയാൽ ആകുന്നു" (I am what I am by the grace of God).

ഫാ. ഡോ. റ്റി. ജെ. ജോഷ്വായുടെ പൗരോഹിത്യത്തിന്റെ 60-ാം വാർഷികം മെയ് 5-ന് കോട്ടയത്ത്

കോട്ടയം: മലങ്കരസഭാ ഗുരുരത്നം ഫാ. ഡോ. റ്റി. ജെ. ജോഷ്വായുടെ പൗരോഹിത്യത്തിന്റെ 60-ാം വാർഷികവും പുസ്തക പ്രകാശനവും മെയ് 5-ന് ഉച്ചയ്ക്ക് 2 മുതൽ കോട്ടയം മാർ ഏലിയാ കത്തീഡ്രലിൽ നടത്തും. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ അദ്ധ്യക്ഷത വഹിക്കും. ഡോ. ഡി. ബാബുപോൾ മുഖ്യ പ്രഭാഷണം നടത്തും. ഫാ. ഡോ. റ്റി. ജെ. ജോഷ്വായുടെ 100 കൺവൻഷൻ പ്രസംഗങ്ങൾ എന്ന ഗ്രന്ഥവും ഫാ. ഡോ. റ്റി. ജെ. ജോഷ്വായുടെ ജീവിതവും ദർശനവും വിവരിക്കുന്ന ഗ്രന്ഥവും സമ്മേളനത്തിൽ പ്രകാശനം ചെയ്യും.

ഒരു വ്യക്തിത്വത്തെ വാർത്തെടുക്കുന്നതും രൂപപ്പെടുത്തുന്നതുമായ മൂന്നു ഘടകങ്ങൾ ഉണ്ട്. 1. പൈതൃകം (heredity) 2. സാഹചര്യം (environment) 3. വ്യക്തിത്വം (personality). പൈതൃകം എന്നുള്ളത് സുപ്രധാനമാണ്. ഉത്തമരും ധന്യരുമായ മാതാപിതാക്കൾ, അവരുടെ മക്കളുടെമേൽ ഏറെ സ്വാധീനം വരുത്തുന്നു. ബൗദ്ധികതലത്തിലായാലും, ധാർമ്മിക വീക്ഷണത്തിലായാലും മാതാപിതാക്കളിൽ നിന്ന് ഒട്ടേറെ നാം ആർജ്ജിക്കുന്നു. അവ നമ്മുടെ ജീവിതത്തിന് മുതൽക്കൂട്ടായിത്തീരുന്നു. അഭിരുചികൾ, വീക്ഷണങ്ങൾ, സമീപനങ്ങൾ, പ്രവർത്തന ശൈലികൾ ഇവയൊക്കെ മാതാപിതാക്കളിൽ നിന്ന് രൂപപ്പെടുന്നവയാണ്. പൈതൃകത്തെ ഉല്ലംഘിക്കുവാനോ, തിരുത്തുവാനോ ഉള്ള കഴിവ് നമ്മുടെ വ്യക്തിത്വത്തിനുണ്ട് എന്ന കാര്യം നിഷേധിക്കുന്നില്ല.

രണ്ടാമത്തെ ഘടകമായ സാഹചര്യം; നമ്മുടെ സ്വഭാവത്തെയും, വ്യക്തിത്വത്തെയും രൂപപ്പെടുത്തുന്നതിൽ സുപ്രധാനമായ പങ്കു വഹിക്കുന്നു. വളരുന്ന സമൂഹം, പഠിക്കുന്ന വിദ്യാലയം, അവിടെ ലഭിക്കുന്ന സൗഹൃദങ്ങൾ, അദ്ധ്യാപകരിൽ നിന്നും, മറ്റു മുതിർന്ന തലമുറയിൽപ്പെട്ടവരിൽ നിന്നും ലഭിക്കുന്ന മാതൃകകളും പ്രോത്സാഹനങ്ങളും, അല്ലെങ്കിൽ അതിൽ നിന്നും മറിച്ചുള്ള അനുഭവങ്ങളും എല്ലാം സ്ഥായിയായ സ്വാധീനം നമ്മിൽ വരുത്തുന്നു. പൈതൃകത്തിന്റെ പരിമിതികളോ പോരായ്മകളോ, ഒക്കെ സാഹചര്യങ്ങൾ പരിഹരിച്ചു എന്നു വരാം. അതു പോലെ ഉത്തമമായ പൈതൃകം ലഭിച്ചാലും വളരുന്ന സാഹചര്യം (environment) പ്രതികൂലമായിട്ടുള്ളതെങ്കിൽ വ്യക്തിത്വത്തെ സാരമായി ബാധിക്കും.

മൂന്നാമത്തെ ഘടകമായ വ്യക്തിത്വം (personality) ദൈവദത്തമായി ഒരോ വ്യക്തിക്കും ലഭ്യമായ സ്വത്വമാണ്. അത് ശക്തവും, ശ്രേഷ്ഠവുമെങ്കിൽ മറ്റു രണ്ട് ഘടകങ്ങളെയും അതിജീവിക്കാൻ കഴിയും. പൈതൃകത്തിന്റെ പരിമിതികളും, സാഹചര്യത്തിന്റെ പോരായ്മകളും ഒക്കെ തിരുത്തി മുന്നേറാൻ കഴിയും.

എന്റെ ജീവിതത്തിൽ ഈ മൂന്നു ഘടകങ്ങൾ എങ്ങനെ നിലകൊണ്ടു എന്ന് ചിന്തിക്കുകയാണ്. എന്റെ പൈതൃകത്തെ സംബന്ധിച്ച് പ്രശംസാർഹമായി പറയാനൊന്നുമില്ല. മാതാപിതാക്കൾ പ്രാഥമിക വിദ്യാഭ്യാസം മാത്രമുള്ളവർ. തികച്ചും ഗ്രാമീണരായ അവർ കർഷക സംസ്ക്കാരത്തിൽ ജീവിച്ചവർ. വൈജ്ഞാനിക പാരമ്പര്യമോ, ബൗദ്ധികമായ സിദ്ധികളോ ഒന്നും അവകാശപ്പെടാനില്ലാത്തവർ. പക്ഷേ അവർ പ്രാർത്ഥിക്കുന്നവരും കുടുംബ പ്രാർത്ഥന മുടക്കാതെ നടത്തുന്നവരുമായിരുന്നു. മാത്രമല്ല, ദേവാലയത്തിലെ ആരാധനയ്ക്കു പ്രാധാന്യം കല്പിച്ചിരുന്നു. ആദ്യകാലങ്ങളിൽ സ്വന്ത ദേവാലയമായ കൊന്നപ്പാറപ്പള്ളിയിലും മാസത്തിൽ രണ്ടു ഞായറാഴ്ചകളിൽ അട്ടച്ചാക്കൽ പള്ളിയിലും കോന്നി വലിയ പള്ളിയിലും പോയി സംബന്ധിക്കാനുള്ള പ്രേരണയും നിർബന്ധവുമുണ്ടായിരുന്നു. സാമ്പത്തിക ക്ലേശമുണ്ടായിരുന്നെങ്കിലും കർഷക കുടുംബമായിരുന്നതിനാൽ ഭക്ഷണത്തിന് ഒരിക്കലും ക്ഷാമമോ പ്രയാസമോ ഉണ്ടായിരുന്നില്ല. മാതാപിതാക്കൾ രണ്ടു പേരും നന്നായി അദ്ധ്വാനിക്കുന്നവരും പ്രയത്നത്തിൽ സന്തോഷം കണ്ടെത്തിയവരും ആയിരുന്നു. ആത്മീയ കാര്യങ്ങളിൽ പിതാവിനെക്കാൾ കൂടുതലായ ഉത്സാഹവും തീക്ഷ്ണതയും മാതാവ് പുലർത്തിയിരുന്നു. അന്ത്യം വരെ വേദപുസ്തകം ക്രമമായി വായിക്കുകയും അതിലെ കാര്യങ്ങൾ നന്നായി മനസ്സിലാക്കുകയും ചെയ്തിരുന്നു. മക്കൾ വേദപുസ്തകം വായിക്കുമ്പോൾ എന്തെങ്കിലും പിഴവു വരുത്തിയാൽ ഉടനെ അതു തിരുത്തി മനസ്സിലാക്കിത്തരും. വാർദ്ധക്യത്തിൽ എത്തിയപ്പോഴും മർത്തമറിയം സമാജത്തിനും പ്രാർത്ഥനാ യോഗങ്ങൾക്കും കൃത്യമായി സംബന്ധിച്ചിരുന്നു.

എന്റെ ബാല്യകാലത്ത് ഇടവകയിലും, സമീപസ്ഥലങ്ങളിലും പ്രസംഗയോഗങ്ങൾ നടന്നിരുന്നത് ഓർക്കുന്നു. അവയിൽ എല്ലാം പോയി സംബന്ധിക്കാനുള്ള പ്രേരണയും പ്രോത്സാഹനവും മാതാവിൽ നിന്നു ലഭിച്ചിരുന്നു. മാതാവിന്റെ ഒരു ജ്യേഷ്ഠ സഹോദരൻ എന്റെ ഭവനത്തിൽ സന്ദർശിക്കുമ്പോഴും വേദപുസ്തക സംബന്ധമായ കാര്യങ്ങൾ എന്നോടു പറയുകയും, ആത്മീയ വിഷയങ്ങളിൽ സൽപ്രേരണ വരുത്തുകയും ചെയ്തുപോന്നു.

ഞാൻ വളർന്നത് ഗ്രാമീണാന്തരീക്ഷത്തിലാണെങ്കിലും ആത്മീയ കാര്യങ്ങളിൽ താല്പര്യവും ഉത്സാഹവും വളർത്തുന്ന സാഹചര്യമായിരുന്നു ലഭിച്ചത്. ഭവനങ്ങളിൽ പ്രാർത്ഥനായോഗങ്ങളും സുവിശേഷ യോഗങ്ങളും മിക്കപ്പോഴും നടന്നിരുന്നു. അവയിൽ കൃത്യമായി പങ്കെടുക്കുന്നത് ഹരമായിരുന്നു. അയൽവാസികളായ സമപ്രായക്കാരുടെ ഒരു നല്ല സംഘമുണ്ടായിരുന്നു. പള്ളിയിലെ എല്ലാ പരിപാടികളിലും ഞങ്ങളുടെ കൂട്ടായ സജീവ പങ്കാളിത്തം ഉറപ്പായിരുന്നു. മിഡിൽ സ്ക്കൂളിൽ പഠിക്കുമ്പോൾ തന്നെ മദ്ബഹായിൽ ശുശ്രൂഷകനായി. പിൽക്കാലത്ത് സ്ലീബാദാസ സമൂഹത്തിലെ ഗണനീയനായ ഒരു സുവിശേഷകൻ ശ്രീ. കെ. പി. വറുഗീസ് എന്റെ അയൽവാസി ആയിരുന്നു. സംസ്കൃതവും ഹിന്ദിയും ഒക്കെ പഠിച്ചിട്ടുള്ള അദ്ദേഹം ഒരു നിലത്തെഴുത്തു പള്ളിക്കൂടം നടത്തിയിരുന്നു. അദ്ദേഹം എനിക്ക് ഒരു ജ്യേഷ്ഠ സഹോദരനെപ്പോലെ വർത്തിച്ചു. സ്ക്കൂളിലെ സാഹിത്യസമാജത്തിനും മറ്റും പ്രസംഗിക്കാൻ എന്നെ പ്രേരിപ്പിക്കയും, പ്രസംഗം എഴുതിത്തരികയും ചെയ്തു. മാത്രമല്ല, മദ്ബഹായിൽ ശുശ്രൂഷകളിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾക്കും മാർഗ്ഗദർശനം നൽകി. അക്ഷരങ്ങൾ സ്ഫുടമായി ഉച്ചരിക്കാനും, വാക്കുകൾ വ്യക്തമായി പറയാനും ഒക്കെയുള്ള പാഠങ്ങൾ അദ്ദേഹത്തിൽ നിന്നു ലഭിച്ചു. അന്നത്തെ ഒരു വൈദികന്റെ ഉച്ചാരണ വൈകല്യങ്ങൾ ചൂണ്ടിക്കാണിക്കുമായിരുന്നു. "ഭക്ഷണം" എന്നതിന് "പക്ഷണം' എന്നും "അപരാധി" എന്നതിന് "അവരാതി" എന്നും മറ്റും പറഞ്ഞു കേൾക്കുമ്പോൾ അറിയാതെ നെറ്റി ചുളിഞ്ഞു പോകും. ഖരാക്ഷരങ്ങൾ, ഘോഷാക്ഷരങ്ങൾ, മൃദുവക്ഷരങ്ങൽ എന്നിങ്ങനെയുള്ളവ എപ്രകാരം ഉച്ചാരണത്തിൽ

വ്യത്യാസപ്പെട്ടിരിക്കുന്നു എന്ന് പഠിച്ചതുകൊണ്ടാണ് ഉച്ചാരണ സ്ഫുടതയും, വാചകഘടനയും ശരിയായി സംരക്ഷിച്ചുകൊണ്ട് പ്രസംഗിക്കാൻ എനിക്കു കഴിയുന്നത്. എന്റെ ബാല്യത്തിലും കൗമാരത്തിലും വൈദികരിൽ നിന്ന് വലിയ പ്രോത്സാഹനമോ, ഫലപ്രദമായ സ്വാധീനമോ ലഭിച്ചിട്ടില്ല. എന്നാൽ അത്മായരായ ചിലരുടെ സ്വാധീനം വലുതായിരുന്നു.

കൗമാരപ്രായത്തിൽ തന്നെ യുവജനപ്രസ്ഥാന പ്രവർത്തനങ്ങളിൽ സജീവ പങ്കാളിത്തം വഹിച്ചു. പ്രസ്ഥാന പ്രവർത്തകർക്കു കൂടിവരുന്നതിന് സൗകര്യപ്രദമായ ഒരു സ്ഥലം ഒരു പീടിക മുറി ആയിരുന്നു. ചെറിയ പ്രസംഗങ്ങൾ നടത്തുവാനുള്ള അവസരം എനിക്കു ലഭിച്ചു. ലഭിക്കുന്ന അവസരങ്ങൾ ഒന്നും ഞാൻ പാഴാക്കിയില്ല. ക്രിസ്മസ് കാലത്ത് കരോൾ സംഘമായി ഭവനങ്ങളിൽ പോകും. ആകെയുള്ള സംഗീതോപകരണം ഒരു തമ്പേറാണ് (Drum). വർണ്ണക്കടലാസും ഈറൽകീറും ഉപയോഗിച്ച് നക്ഷത്രവിളക്കുകൾ ഉണ്ടാക്കും. ഭവനങ്ങളിൽ എത്തി പാട്ടു പാടിയ ശേഷം, മാലാഖമാരുടെ ഗാനം ഒരാൾ ഉച്ചത്തിൽ പ്രഘോഷിക്കും. “അത്യുന്നതങ്ങളിൽ ദൈവ മഹത്വത്തിന് മഹത്വം” എന്നുള്ളതിന്റെ മലയാളവും ഇംഗ്ലീഷും ഉച്ചത്തിൽ പ്രസ്താവിക്കും. നാട്ടിൻപുറത്തുകാരോട് ഇംഗ്ലീഷിൽ ആ വാക്യം പ്രസ്താവിക്കുന്നത് ആവേശത്തോടെ ആയിരുന്നു.

ഞങ്ങളുടെ ഭവനം ചെറുതും സ്ഥലപരിമിതികൾ ഉള്ളതുമായിരുന്നു. എങ്കിലും വഴിയരികിലായിരുന്നതുകൊണ്ടും, എന്റെ മാതാവ് അതിഥിസൽക്കാരത്തിൽ മുന്നിട്ടു നിന്നതുകൊണ്ടും, അയൽക്കാരായ സ്നേഹിതരുടെ ഒരു സംഗമസ്ഥലമായിരുന്നു. എങ്ങനെ സൗഹൃദം നിലനിർത്തുമെന്നും നല്ല ബന്ധങ്ങൾ എങ്ങനെ കാത്തുസൂക്ഷിക്കാമെന്നുമുള്ള പാഠങ്ങൾ ഭവനത്തിൽ നിന്നു ലഭിച്ചു. കാർഷികോല്പന്നങ്ങൾ തലയിൽ ചുമന്ന് കോന്നി ചന്തയിലേക്കു കൊണ്ടുപോകുന്നവർ മാർഗ്ഗമദ്ധ്യേ അതൊന്നു ഇറക്കിവച്ച് ദാഹം തീർത്തുപോകുന്നതിന് കണ്ടെത്തിയ താവളം എന്റെ ഭവനമായിരുന്നു. അതുപോലെ സന്ധ്യ കഴിഞ്ഞ് അതുവഴി യാത്ര പോകേണ്ടവർക്ക് വെളിച്ചം നൽകുന്നതിനുള്ള ചൂട്ടുകറ്റ എന്റെ ഭവനത്തിൽ കരുതുമായിരുന്നു. അതിനായി അവിടെ കയറി കുശലപ്രശ്നം നടത്തി കത്തിച്ച ചൂട്ടുകറ്റയുമായി പോകുന്നവർ മിക്കവാറും എല്ലാ രാത്രിയിലും ഉണ്ടായിരിക്കും. ചുറ്റിലുമുള്ള സമൂഹവുമായി നല്ല ബന്ധം പുലർത്തുകയും സൗഹൃദം വളർത്തുകയും ചെയ്ത ഒരു അന്തരീക്ഷമാണ് എന്റെ ഭവനത്തിൽ ഉണ്ടായിരുന്നത്. അത് എന്റെ ജീവിതത്തെയും ദർശനങ്ങളെയും സ്വാധീനിച്ച ഘടകങ്ങൾ തന്നെ.

മൂന്നാമത്തെ ഘടകം സ്വന്തം വ്യക്തിത്വമാണ്. ജന്മനാ ഓരോ വ്യക്തിയും സ്വന്തമായ സ്വത്വമുള്ളവനാണ്. ചിലർക്ക് ബൗദ്ധികമായ മികവ് കൂടുതലും, ചിലർക്ക് കലാപരമായ കഴിവ് മുന്നിട്ടും, ഇങ്ങനെ വ്യത്യാസപ്പെട്ട വ്യക്തിത്വങ്ങൾ ആയിരിക്കും. മുൻപു കണ്ട പൈതൃകത്തിന്റെയും, സാഹചര്യത്തിന്റെയും പരിമിതികളോ പോരായ്മകളോ ഉണ്ടെങ്കിൽ അവയെ അതിജീവിച്ച് മുന്നേറാൻ കഴിവുള്ള വ്യക്തിത്വം ഉള്ളവർ ഉണ്ട്. ദൈവദത്തമായ എന്റെ വ്യക്തിത്വം ശരാശരി നിലവാരത്തിൽ നിന്ന് ഉയർന്നതോ, താഴ്ന്നതോ ആണെന്ന് എനിക്കു വിചാരമില്ല. ഏതായാലും ഇന്നത്തെ ഞാൻ എന്തായിരിക്കുന്നു എന്നതിന്റെ രഹസ്യം മേൽപ്പറഞ്ഞ ഘടകങ്ങളുടെ സമ്മിളിത രൂപമെന്നു മാത്രം പറയട്ടെ.

ഇപ്പോൾ എൺപത്തിയെട്ടിൽ എത്തിനിൽക്കുന്ന എനിക്കു ഒരു തിരിഞ്ഞുനോട്ടം നടത്താനുള്ള പശ്ചാത്തലമുണ്ട്. പൗരോഹിത്യ ശുശ്രൂഷയിൽ പ്രവേശിച്ചിട്ട് ഈ സ്വർഗ്ഗാരോഹണപ്പെരുന്നാളിൽ (മെയ് 5) അറുപതു വർഷം തികയുകയാണ്. നാലു മേഖലകളിലായി വ്യാപിച്ചിരിക്കുന്ന എന്റെ ശുശ്രൂഷയിൽ തികഞ്ഞ സംതൃപ്തിയും ചാരിതാർത്ഥ്യവുമുണ്ട്. വൈദിക സെമിനാരിയിലെ അധ്യാപനം, മൂന്ന് ഇടവകകളിലും മൂന്നു ചാപ്പലുകളിലുമായി നടത്തിയ അജപാലനം, സഭയിൽ എങ്ങുമുള്ള കൺവൻഷൻ വേദികൾ, യുവജനപ്രസ്ഥാനം, സൺഡേസ്ക്കൂൾ തുടങ്ങിയ അദ്ധ്യാത്മീക പ്രസ്ഥാനം എന്നിവയിലെ മുഖ്യകാര്യദർശിത്വം എന്നീ ദൗത്യങ്ങൾ വിശ്വസ്തതയോടും, അർപ്പണബോധത്തോടും നിർവഹിച്ചു എന്നു പ്രസ്താവിക്കുമ്പോൾ, വന്നു പോയിട്ടുള്ള പരാജയങ്ങളും, പോരായ്മകളും വിസ്മരിക്കുന്നില്ല. തുടർക്കഥപോലെയുള്ള രോഗങ്ങളുടെ കടന്നാക്രമണവും തുടർന്ന് ആശുപത്രികളിൽ കഴിയേണ്ടി വന്നതും വിസ്മരിക്കുന്നില്ല. അവിടെയെല്ലാം ദൈവകൃപ സമൃദ്ധിയായി അനുഭവിച്ചു; സഭാ മക്കളുടെ സ്നേഹവും സഹായ സഹകരണങ്ങളും ആസ്വദിച്ചു. ഇപ്പോൾ ശാരീരികമായ ചില പ്രയാസങ്ങൾ അഭിമുഖീകരിക്കുന്നുവെങ്കിലും പ്രവർത്തനമണ്ഡലത്തിൽ സജീവമായിത്തുടരുന്നു. എല്ലാറ്റിനും ദൈവത്തിനു സ്തുതി. ■

ഉ|പ|ദ|ർ|ശ|നം

ആഴ്ചകളുടെ പെരുന്നാൾ ആദ്ഫലപ്പെരുന്നാൾ “വാരോത്സവം” (Feast of Weeks) എന്നിങ്ങനെ പല പേരുകളിൽ പെന്തിക്കോസ്തി യഹൂദന്മാരുടെ ഇടയിൽ അറിയപ്പെട്ടിരുന്നു. പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുന്നാൾ ദിനം (പെസഹായിൽ) ഒരു വലിയ ബാർലി അപ്പം ദൈവത്തിന് സമർപ്പിച്ചുകൊണ്ടായിരുന്നു ഏഴ് ആഴ്ചകൾ നീണ്ടുനിൽക്കുന്ന ആഘോഷങ്ങൾ ആരംഭിക്കുന്നത്. ഏഴ് ആഴ്ചകൾക്കു ശേഷം പിറ്റേ ദിവസം (50-ാം ദിവസം) പെന്തിക്കോസ്തി ആചരിക്കുന്നു. അത് ആദ്യഫല ശേശരണത്തിന്റെ ദിനമായിരുന്നു. ആഴ്ചകൾ നീണ്ടു നിൽക്കുന്ന ഫലശേഖരണത്തിനൊടുവിൽ ഏറ്റവും അവസാനം കൊയ്ത്തിന് പാകമാകുന്ന ഗോതമ്പ് കൊയ്ത് മെതിച്ച് ശേഖരിച്ചിരുന്നു. യഹോവയായ ദൈവം തന്റെ നാമം സ്ഥാപിക്കാൻ തിരഞ്ഞെടുത്ത സ്ഥലത്ത് (central sanctuary) സ്വമേധാ ദാനങ്ങൾ എല്ലാവരും കൊണ്ടു വന്ന് ദൈവത്തിന് സമർപ്പിക്കണമെന്നുള്ളത് നിർബ്ബന്ധമായിരുന്നു. യിസ്രായേൽ ജനം, തങ്ങളുടെ ദാസീദാസന്മാരും പട്ടണത്തിലുള്ള ലേവ്യനും പരദേശിയും അനാഥനും വിധവയും എല്ലാവരുമൊന്നിച്ച് യഹോവയായ ദൈവത്തിന്റെ സന്നിധിയിൽ സന്തോഷിക്കാനുള്ള അവസരമായിരുന്നു അത്. യഹൂദന്മാർ പെന്തിക്കോസ്തിയുടെ തീയതി കണക്കാക്കുന്നതിനെപ്പറ്റി വ്യത്യസ്തമായ അഭിപ്രായങ്ങളുണ്ടെങ്കിലും ജൂൺ മാസം 6-നു ആചരിക്കുന്നു എന്നാണ് പൊതുവെയുള്ള അഭിപ്രായം.

പ്രകൃതിയുമായി ബന്ധപ്പെട്ട ഒരു ഉത്സവമായിരുന്നു പെന്തിക്കോസ്തിയുടെ ആരംഭം. ഒരർത്ഥത്തിൽ ഒരു കാർഷിക മേളയുടെ ഉജ്വലമായ അവസാനമായിരുന്നു അത്. പ്രകൃതിയേയും ഫല വിഭവങ്ങളേയും ദൈവത്തിന് സമർപ്പിക്കാനുള്ള അവസരമായിരുന്നു അത്. പിന്നീടത് സീനായി മലയിൽ വച്ച് മോശയ്ക്ക് ന്യായപ്രമാണം ലഭിച്ചതുമായി ബന്ധപ്പെടുത്തി കൂടുതൽ ആത്മീയ അടിസ്ഥാനവും അർത്ഥവും നൽകി. ചെങ്കടൽ കടന്ന യിസ്രായേൽ ജനം അമ്പതാം ദിവസം (പെന്തിക്കോസ്തി എന്ന പദത്തിന്റെ അർത്ഥം അതാണ്) സീനായി മലയിൽ വരികയും അവിടെ വച്ച് ന്യായപ്രമാണം സ്വീകരിക്കുകയുമാണല്ലോ ചെയ്തത്.

പെന്തിക്കോസ്തി

റവ. ജോണി ജോർജ് കോറെപ്പിസ്ക്കോപ്പാ

പെസഹായ്ക്കു ശേഷം അമ്പതാം ദിവസമായിരുന്നു അത്. വിശ്വാസികൾ അന്ന് യരുശലേം ദേവാലയത്തിലേക്ക് തീർത്ഥാടനം നടത്തേണ്ടിയിരുന്നു. പലസ്തീനിലും ദൂരദേശങ്ങളിലും താമസിച്ചിരുന്ന യഹൂദന്മാർ തിരുന്നാളാഘോഷത്തിനായി യരുശലേമിലേക്ക് വന്നിരുന്നു. ആദ്യ ഫലം ദൈവത്തിന് സമർപ്പിക്കുക എന്നതായിരുന്നു ഉദ്ദേശങ്ങളിലൊന്ന്.

പെന്തിക്കോസ്തിക്ക് മറ്റൊരു അർത്ഥമാണ് പുതിയ നിയമത്തിൽ നൽകുന്നത്. യഹൂദന്മാർ ന്യായപ്രമാണത്തിന് കൊടുത്ത സ്ഥാനം ലൂക്കോസ് പരിശുദ്ധാത്മാവിനും പൗലോസ് യേശുക്രിസ്തുവിനും നൽകുന്നു. പെന്തിക്കോസ്തിയിൽ യഹൂദന്യായപ്രമാണത്തിനു പകരം സഭയ്ക്ക് പരിശുദ്ധാത്മാവിനെ ലഭിക്കുകയും അതനുസരിച്ച് ഒരു ജീവിത ക്രമം സഭയ്ക്കുണ്ടാവുകയും ചെയ്തു എന്നാണ് വി. ലൂക്കോസ് ചൂണ്ടിക്കാട്ടുന്നത്. മനുഷ്യപാപം മൂലം ബാബേലിൽ ഭാഷാക്കുഴപ്പം ഉണ്ടായി. ഇതിനെ നീക്കാൻ പരിശുദ്ധാത്മാവ് ഭാഷാവരം നൽകി. അങ്ങനെ ഒരു പുതിയ യുഗം പിറവിയെടുത്തു. (അപ്പോ. പ്രവൃ. 2:1-14).

അഗ്നിയും കാറ്റും പരിശുദ്ധാത്മാവിന്റെ പ്രതീകങ്ങളാണ്. 'റൂഹാ' എന്ന പദത്തിന് ആത്മാവെന്നും കാറ്റെന്നും ശ്വാസമെന്നും അർത്ഥമുണ്ട്. പരിശുദ്ധാത്മാവിന്റെ പ്രവർത്തന ഫലമായി അപ്പസ്തൊലന്മാർ പറഞ്ഞ കാര്യങ്ങൾ വിവിധ ദേശങ്ങളിൽ നിന്നു വന്ന ജനങ്ങൾ താന്താങ്ങളുടെ ഭാഷകളിൽ മനസ്സിലാക്കുന്നു. അപ്പസ്തൊലന്മാർ ദൈവത്തിന്റെ അത്ഭുത പ്രവർത്തികൾ വിവരിക്കുന്നതാണ് അവർ കേൾക്കുന്നത്. പരിശുദ്ധാത്മാവ് ശ്ലീഹന്മാർ പറഞ്ഞ കാര്യങ്ങൾ മനസ്സിലാക്കുന്നതിന് ശ്രോതാക്കളെ പ്രാപ്തരാക്കി. അപ്പോസ്തലന്മാർ ദൈവത്തിന്റെ അത്ഭുത പ്രവൃത്തികൾ വിവരിക്കുന്നത് കേട്ടപ്പോൾ അക്കാര്യങ്ങൾ ഗ്രഹിക്കാത്തവരും ആൾക്കൂട്ടത്തിലുണ്ടായിരുന്നു. (അപ്പൊ. പ്രവൃ. 2:12,13).

ഒരുവനുണ്ടാകുന്ന ദൈവാനുഭവം മറ്റുള്ളവർക്ക് വിവരിച്ചു കൊടുക്കുക പ്രയാസമുള്ള കാര്യമാണ്. എങ്കിലും പരിശുദ്ധാത്മവിന്റെ കൃപ പറയുന്നവനും കേൾക്കുന്നവനും ഉണ്ടാകുമ്പോൾ അത് സാദ്ധ്യമായിത്തീരുന്നു. എഴുതുന്നവനും പ്രസംഗിക്കുന്നവനും വായിക്കുന്നവനും കേൾക്കുന്നവനും പരിശുദ്ധാത്മ ചൈതന്യം പ്രാപിക്കുമ്പോഴാണ് ശരിയായ ദൈവാനുഭവം ഉണ്ടാകുന്നതെന്ന് അപ്പോ. പ്രവൃത്തികൾ 2:1-14 വാക്യങ്ങൾ നമ്മെ പഠിപ്പിക്കുന്നു. ■

ജനനായകർ

ബ്ലോക്ക് പഞ്ചായത്ത് മുളക്കുഴ ഡിവിഷൻ മെംബറായി തെരഞ്ഞെടുക്കപ്പെട്ട സജി തോട്ടിയാട്ട്. മുളക്കുഴ സെന്റ് മേരീസ് ഇടവക ട്രസ്റ്റിയും വൈ.എം.സി.എ. സെക്രട്ടറിയുമാണ്. വൃക്ക ദാനം ചെയ്ത് സാമൂഹിക ക്ഷേമ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു.

കുണ്ടറ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട റോസ് ജോർജ് നെടുമ്പായികുളം സെന്റ് ജോർജ് ഇടവകാംഗമാണ്.

കല്ലുവാതുക്കൽ പഞ്ചായത്ത് വൈസ് പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട കെ. ജോയിക്കുട്ടി. അടുതല സെന്റ് ജോർജ് ഇടവകാംഗമാണ്.



മലങ്കരസഭാ മാസികയ്ക്ക് കഴിഞ്ഞ വർഷം 2600 വരിക്കാരെ ചേർത്ത മലങ്കരസഭാ മാസികയുടെ സീനിയർ പ്രൊമോട്ടർ അജിത്ത് ഏബ്രഹാം, കുറിച്ചി. ഫോൺ: 9947315708

മലങ്കരസഭ മാസിക

പത്തനാപുരം: പത്തനാപുരം സെൻട്രൽ കൺവൻഷൻ മെയ് 20 മുതൽ 24 വരെ മാർതോമ്മാ ദിവന്നാസിയോസ് നഗറിൽ നടത്തും. കൺവൻഷൻ ദിനങ്ങളിൽ മലങ്കര സഭാ മാസികയുടെ കൗണ്ടർ പ്രവർത്തിക്കും.

സജി ആർ. : 9605689689

മലങ്കരസഭ മാസിക

വായിക്കൂ...
വരിക്കാരാകൂ...

0481-2573234

സെന്റ് തോമസ് ഓർത്തഡോക്സ് പള്ളി

(ഡൽഹി ഭദ്രാസനം)

സാഹിബാബാദ്, ഗാസിയാബാദ്



"മാർ പീലക്സീനോസ് ഭവനദാന പദ്ധതി - 2016"

ഡൽഹി ഭദ്രാസനത്തിൽപ്പെട്ട ഗാസിയാബാദ് സെ. തോമസ് ഇടവകയുടെ മാർ പീലക്സീനോസ് ഭവനദാന പദ്ധതി 2016 ലേക്ക് നിർദ്ധനരായ ഓർത്തഡോക്സ് സഭാംഗങ്ങളിൽ നിന്നും അപേക്ഷകൾ ക്ഷണിച്ചു കൊള്ളുന്നു. പദ്ധതി പ്രകാരം **ഭവനം ഒന്നിന് രണ്ടു ലക്ഷം രൂപ വീതം നാലു ഭവനങ്ങൾക്കുള്ള സഹായം** താഴെപ്പറയുന്ന നിബന്ധനകൾക്കു വിധേയമായി ലഭിക്കുന്നതാണ്.

നിബന്ധനകൾ

1. അപേക്ഷക/ൻ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഓർത്തഡോക്സ് സഭാംഗമായിരിക്കണം.
2. വിശദമായി എഴുതി തയ്യാറാക്കിയ അപേക്ഷയോടൊപ്പം ഇടവക വികാരി/ഭദ്രാസന മെത്രാപ്പോലീത്തായുടെ ശുപാർശക്കത്തുകൾ ഉണ്ടായിരിക്കണം.
3. അപേക്ഷകന് സ്വന്തം പേരിൽ കുറഞ്ഞത് മൂന്നു സെന്റ് ബാദ്ധ്യതകളില്ലാത്ത ഭൂമി ഉണ്ടായിരിക്കണം. ആധാരത്തിന്റെ ഒരു കോപ്പിയും കരമടച്ച രസീതിന്റെ കോപ്പിയും അപേക്ഷയോടൊപ്പം ഉണ്ടായിരിക്കണം.
4. തെരഞ്ഞെടുക്കപ്പെടുന്ന അപേക്ഷകർക്ക് ഭവന നിർമ്മാണത്തിനായി പരമാവധി രണ്ടു ലക്ഷം രൂപ വീതം അനുവദിക്കുന്നതാണ്. പണിയാൻ പോകുന്ന ഭവനത്തിന്റെ വിശദമായ പ്ലാനും എസ്റ്റിമേറ്റും അംഗീകാരത്തിനായി ഗാസിയാബാദ് സെ. തോമസ് ഇടവക കമ്മറ്റിക്ക് സമർപ്പിക്കേണ്ടതാണ്.
5. പദ്ധതി പ്രകാരം പണിയപ്പെടുന്ന ഭവനം ക്രയവിക്രയം ചെയ്യുകയോ കൈമാറ്റം ചെയ്യുകയോ ചെയ്യാൻ പാടുള്ളതല്ല. ധനസഹായം പണിയുടെ പുരോഗതി വിലയിരുത്തി പല ഗഡുക്കളായി മാത്രമേ ലഭിക്കുകയുള്ളു.
6. സാമ്പത്തിക പിന്നോക്കാവസ്ഥ തെളിയിക്കുന്ന രേഖകൾ (റേഷൻ കാർഡിന്റെ കോപ്പി/ വരുമാന സർട്ടിഫിക്കറ്റ്) അപേക്ഷയോടൊപ്പം ഉണ്ടായിരിക്കണം.
7. ഇപ്പോൾ താമസിക്കുന്ന വീടിന്റെ ഫോട്ടോ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

സഹായ പദ്ധതി സംബന്ധിച്ച് ഗാസിയാബാദ് സെ. തോസ് ഇടവക കമ്മറ്റി എടുക്കുന്ന തീരുമാനങ്ങൾ അന്തിമമായിരിക്കും. **അപേക്ഷകൾ ലഭിക്കേണ്ട അവസാന തീയതി 2016 ഏപ്രിൽ 30.**

അപേക്ഷകൾ അയയ്ക്കേണ്ട വിലാസം:

Fr. Saji Yohannan, St. Thomas Orthodox Church, Sector-IV, Lajpat Nagar, Sahibabad, Ghaziabad (U.P) Pin-201005.

നന്ദിയോടെ ഞാൻ... പാടുമ്പോൾ

■ അഡ്വ. വർഗീസ് പി. തോമസ്

കേവലം ആറു വരികളിലൂടെ കേരള ക്രൈസ്തവകുലം മുഴുവനും യഹോവയ്ക്ക് നന്ദി കരേറ്റുവാൻ ആത്മീയ തീർത്ഥയാത്ര ഒരുക്കിയ ഇമ്പകരമായ ഗാനമാണ് *"നന്ദിയോടെ ഞാൻ സ്തുതി പാടിടും എന്റെ യേശുനാഥ..."* അർത്ഥഗാംഭീര്യത്തോടൊപ്പം ഏതു വിശ്വാസിക്കും ക്രിസ്തീയാനുഭവം പകരുന്ന ഈണമതിലുണ്ട്. ഇന്ന് ഏതാണ്ടെല്ലാ എല്ലാ ക്രൈസ്തവ ആദ്ധ്യാത്മിക വേദികളിലും ദേവാലയാരാധനയിലും ഈ ഗാനം ആലപിക്കുന്നുണ്ട്. ലോകത്തെവിടെയും മലയാളി ക്രൈസ്തവർ ആലപിച്ചുകൊണ്ടിരിക്കുന്ന ഈ ഗാനം ആര് എഴുതി, അരാണ് ഇതിന് ഈണം പകർന്നത് എന്ന് എത്ര പേർ തിരിച്ചറിയുന്നുണ്ട്?

സംഗീതം ജീവിതത്തിന്റെ ആരാധനയായി മാറ്റിയ, കുഞ്ഞുമോൻ എന്ന ഓമനപ്പേരിലറിയപ്പെടുന്ന പി. ജി. ഏബ്രഹാം പടിഞ്ഞാറെത്തലയ്ക്കലിനെ ക്രൈസ്തവലോകം മറന്നുവോ എന്നു സന്ദേഹിക്കുമ്പോൾ അതു നന്ദികേടായി പോയില്ലേ എന്ന് ആശങ്കപ്പെടുന്നു. കൃത്യമായി പറയുവാൻ സാധിക്കുകയില്ലെങ്കിലും ഏകദേശം ആയിരത്തോളം ഗാനങ്ങൾ എഴുതി അതിനു സംഗീതം നൽകിയ പി.ജി. എന്ന ചുരുക്കപ്പേരിലറിയപ്പെടുന്ന ഏബ്രഹാമിന്റെ തൂലികയിൽ എഴുതപ്പെട്ടതാണ് ഈ നന്ദിഗാനം. സംഗീതം നൽകിയതും അദ്ദേഹംതന്നെ

എല്ലാ ക്രൈസ്തവരും വിഭാഗീയത മറന്നു നാവിൻ തുമ്പിൽ ഈണമിട്ടു പാടുന്ന ഈ ഗാനം പി.ജി. ഏബ്രഹാം പടിഞ്ഞാറേതലയ്ക്കലിന്റെ തൂലികയിൽ 1995–ൽ ആണ് പിറന്നത്.

ചില വ്യക്തികളെ അനശ്വരരും ചിരസ്മരണാർഹരുമാക്കുന്നത് അവരുടെ ജീവിത സംഭവങ്ങൾ ആണ്. പി.ജിക്ക് ദൈവം കനിഞ്ഞുനൽകിയ വരദാനമായ സംഗീതാഭിരുചി ഭക്തിഗാന രചന മാത്രമല്ല, കർണമധുരമായ ഈണങ്ങൾ നൽകി പുതിയ ഗാനങ്ങൾക്ക് പിറവി നൽകാനും അദ്ദേഹത്തെ പ്രാപ്തനാക്കി. ഇന്നു കേരളത്തിലെ എല്ലാ ക്രൈസ്തവരും വിഭാഗീയത മറന്നു നാവിൻതുമ്പിൽ ഈണമിട്ടു പാടുന്ന ഈ ഗാനം 1995-ൽ ആണ് പിറന്നത്.

ക്രൈസ്തവലോകം മറക്കാത്ത സാധു കൊച്ചുകുഞ്ഞുപദേശി എഴുതിയതോ, മാരാമൺ കൺവെൻഷനു വേണ്ടി ഏതോ മാർത്തോമ്മാ പുരോഹിതൻ എഴുതി ചിട്ടപ്പെടുത്തിയതോ ആണ് ഈ ഗാനം എന്ന് ക്രൈസ്തവ സമൂഹത്തിലെ ഭൂരിപക്ഷം കരുതുന്നു. പല ക്രൈസ്തവ വിഭാഗങ്ങളും ഈ ഗാനത്തിന്റെ യഥാർത്ഥ ഈണത്തിൽ ചില്ലറ വ്യതിയാനങ്ങൾ വരുത്തി വരികൾ വളച്ച് ഉപയോഗിച്ച്, തങ്ങളുടേതാണെന്ന അവകാശവാദം ഉന്നയിച്ചതു ശ്രദ്ധയിൽപെടുത്തിയപ്പോൾ, ആവശ്യക്കാർ ദൈവമഹത്വത്തിനായി ഉപയോഗിക്കട്ടെ എന്നു പറഞ്ഞ ഹൃദയവിശാലതയുള്ള പി.ജി., ഭക്തിഗാനങ്ങൾക്ക് വിഭാഗീതയും അതിർവരമ്പുകളും ഇല്ലെന്ന മാതൃക കാട്ടിത്തന്നു.

കോട്ടയം താഴത്തങ്ങാടിയിൽ മീന ച്ചിലാറിന്റെ തീരത്തെ പുരാതനമായ പടിഞ്ഞാറെത്തലയ്ക്കൽ കുടുംബ ത്തിൽ ആരാധനനിഷ്ഠയുള്ള മാതാ പിതാക്കളായ ഏബ്രഹാംകുട്ടിയു ടെയും മറിയാമ്മയുടെയും ഇളയമക നായി 1932-ൽ പി. ജീ. ഏബ്രഹാം ജനിച്ചു. ഭക്തിമാർഗ്ഗം കൈവിടാതെ ചെറുപ്പത്തിൽ സംഗീതത്തോടും മറ്റു കലകളോടും അഭിരുചി കാട്ടിയപ്പോൾ മാതാപിതാക്കൾ പ്രോത്സാഹനം നൽകി. കുടുംബാരാധനയുടെ ഭാഗ മായ നമസ്കാരങ്ങൾക്ക് ശേഷം പിതാവ് പതിവായി നടത്തിയിരുന്ന വ്യക്തിഗത പ്രാർത്ഥനയിലെ രണ്ടു വരികൾ പി.ജി.യുടെ മനസ്സിലെ ഹൃദ യരാഗമായി. "അർഹിക്കാത്ത വിധ ത്തിൽ കരുണ ചെയ്യുന്നവനെ നിനക്കു നന്ദി, ചോദിക്കാത്തതിനെ പ്പോലും തന്നു സഹായിക്കുന്നവനെ നിനക്കു സ്തോത്രം" എന്നായിരുന്നു ആ പ്രാർത്ഥനാവരികൾ.

ഉള്ളിൽപതിഞ്ഞ ആ പ്രാർത്ഥന പിന്നീട് പിജിയുടെ മനസിൽ ഗാനരൂപം പ്രാപിച്ച് ഈണമിട്ടു. 1995-ൽ പാലാരിവട്ടം സെന്റ് ജോർജ് ഓർത്തഡോക്സ് വലിയ പള്ളി യിലെ വാർഷിക കൺവൻഷന് ആദ്യം അവതരിപ്പിച്ചു. രചിക്കപ്പെട്ട് ഇരുപത് വർഷം പിന്നിടുമ്പോഴും പുതുമ നഷ്ടപ്പെടാതെ അത് ഇന്നും പാടിക്കൊണ്ടിരിക്കുന്നത് പരിശു ദ്ധാത്മ നൽവരത്തെ സൂചിപ്പിക്കുന്നു.

ഇതിലെ വാക്കുകൾ ഭക്തിയുടെ മൂശയിൽ വാർത്തെടുത്തവയാണ്. തല മുറകളുടെ ഹൃദയത്തലങ്ങളിൽ ആത്മീയാനുഭൂതി ഈ ഗാനം ആല പിക്കുമ്പോൾ ഉളവാക്കും. ഇദ്ദേഹം രചിച്ച് ഈണം നൽകിയ ഗാനങ്ങൾ എത്ര കേട്ടാലും ഉരുവിട്ടാലും തൃപ്തി വരാത്തവിധം ആഴവും ആശയങ്ങ ളാൽ സമ്പുഷ്ടവുമാണ്. പി.ജിയുടെ സംഗീത സംഭാവനകളെക്കുറിച്ച് വിശ ദമായ വിശകലനമൊ പഠനമോ മല ങ്കര ഓർത്തഡോക്സ് സഭ നടത്തി അദ്ദേഹത്തെ ഉയർത്തിക്കാട്ടിയില്ല എന്ന സങ്കടം അവശേഷിക്കുന്നില്ലെ?

എങ്കിൽപ്പോലും ബഹുമതികൾ പി.ജി.യെ തേടി എത്താതിരുന്നില്ല. 1995-ൽ തിരുവല്ല എം.ജി.എം. സ്കൂളിൽ "എൻ പ്രാണനും എൻ ആയുസ്സും നിൻ ദാനമാത്രമല്ലോ നാഥാ...." എന്ന ഗാനം ഈണമിട്ട് ഗായകസംഘത്തെ പഠിപ്പിച്ചുകൊണ്ടി രിക്കുമ്പോൾ, ആകൃഷ്ടനായ ബിച്ചുതിരുമല വിലപ്പെട്ട ഒരു സമ്മാനം അപ്പോൾ തന്നെനൽകി ആദ രിച്ചു. 1999-ൽ ശ്രേഷ്ഠനായ സംഗീത സംവിധായകനുള്ള ബഹുമതി പരുമല സെമിനാരിയിൽ വച്ച് പി.ജി.ക്ക് പരി ശുദ്ധ കാതോലിക്കാ ബാവാ നൽകുക യുണ്ടായി. സഭയുടെ സംഗീത വിഭാഗ മായ സ്കൂൾ ഓഫ് ലിറ്റർജിക്കൽ മ്യൂസി ക്ക്, *ഏറ്റവും മനോഹരവും താളനി ബദ്ധവുമായ ഗാനങ്ങൾ രചിച്ച് സംഗീതം ചെയ്ത വ്യക്തി* എന്ന നില യിൽ അവാർഡ് നൽകുകയും ചെയ്തു. പോളണ്ടിൽവച്ച് നടന്ന ഇന്റർനാഷണൽ ക്രിസ്തീയ സംഗീത മത്സരത്തിൽ എം. പി. ജോർജച്ചൻ നയിച്ച സുമോറോ ഗായകസംഘം ആലപിച്ച പി.ജിയുടെ ഗാനം സമ്മാനവും പ്രത്യേക പ്രശം സയും നേടി. അദ്ദേഹം ചിട്ടപ്പെടുത്തിയ "മാർത്തോമ്മാ സിംഹാസനത്തിൽ ആരൂഢനാകും പിതാവേ കിഴക്കിന്റെ ഒക്കെയും വന്ദ്യ കാതോലിക്കാ ആമോ ദമായി നീണാൾ വാഴ്ക'' എന്ന ഗാനമാണ് 1989 മുതൽ സഭയുടെ കാതോലിക്കാ മംഗളഗാനം.

ബാംഗ്ലൂരിൽ ഫീഫാ

ബാംഗ്ലൂരിൽ ഫീഫാ എന്ന ഫാർ ഈസ്റ്റ് ബ്രോഡ്കാസ്റ്റിങ് നിലയത്തിൽ അനേകതവണ പി.ജി. യുടെ സംഗീത പരിപാടികൾ റിക്കാർഡുചെയ്തു. അവ മനിലാ റേഡിയോ സ്റ്റേഷനിൽനിന്നും പ്രക്ഷേപണം ചെയ്തിട്ടുമുണ്ട്. എ.ഐ. ആർ. നിലയങ്ങൾ, സാഹിത്യ അക്കാ ദമി എന്നിവയുടെ ക്ഷണപ്രകാരം പരി പാടികൾ അവതരിപ്പിച്ചിട്ടുണ്ട്. പ്രശസ്ത കലാലയമായ എറണാകുളം സെന്റ് തെരെസാസ് കോളജ്, ഇന്റർനാഷണൽ വൈ.എം.സി.എ., വൈ.ഡബ്ല്യു.സി.എ., എന്നിവയുടേയും വിവിധ ക്രൈസ്തവ ദേവാലയങ്ങളുടേയും ഗായകസംഘ ങ്ങളെ പി.ജി. പരിശീലിപ്പിച്ചിട്ടുണ്ട്.

സഭയുടെ ജീവനാഡിയായ കുട്ടി കൾക്ക് ആത്മീയ ശിക്ഷണവും വിശ്വാ സവും പകർന്നു നൽകുന്ന സൺഡേ സ്കൂൾ. ഒ.ബി.വി.ബി.എസ്. പ്രസ്ഥാ നങ്ങൾക്ക് പി.ജി. ചെയ്ത സംഭാവന കൾ ഒരു കാലത്തും മറക്കാവതല്ല എന്നു പലതവണ അതിന്റെ ഡയറക്ടർ ആയിരുന്ന ഫാ. ടി.ജെ. ജോഷ്വാ ഒരിക്കൽ പറയുകയുണ്ടായി. അഖിലമലങ്കരതലംവരെ കുട്ടികൾക്കു മത്സരത്തിനു പാടുവാനായി പാട്ടുകൾ എഴുതി സംഗീതം കൊടുത്തു പരിശീ ലിപ്പിച്ച് സമ്മാനങ്ങൾ വാരിക്കൂട്ടി കൊടു ത്തതു മറ്റൊരംഗീകാരമാണ്. ഇതുമൂലം സൺഡേസ്കൂൾ സംഗീത മത്സരം ശക്തമായ മാറ്റുരയ്ക്കലിനു വേദിയായി.

പി.ജിയുടെ സ്കൂൾ വിദ്യാഭ്യാസം കോട്ടയം സി.എം.എസ്. ഹൈസ്കൂ ളിൽ ആയിരുന്നു. സി.എം.എസ്. കോളജിൽനിന്ന് പ്രീ-ഡിഗ്രി കഴിഞ്ഞ് തേവര സേക്രഡ് ഹാർട്ട് കോളജിൽ ഡിഗ്രി പൂർത്തിയാക്കി. പിന്നീട് രാജ്യത്തെ പ്രസിദ്ധമായ വിദ്യാഭ്യാസ സ്ഥാപനത്തിൽനിന്നും ബിസിനസ് അഡ്മിനിസ്ട്രേഷനിൽ ഡിപ്ലോമ കര സ്ഥമാക്കി. അനന്തരം ഡൽഹി യിൽനിന്ന് ലാൻഡ് സ്കേപ്പിംഗിലും ഇന്റീരിയർ ഡക്കറേഷനിലും ടെക്സ്റ്റൈൽ ഡിസൈനിങ്ങിലും പരി ശീലനം നേടി. ടെക്സ്റ്റൈൽ രംഗത്തെ പ്രസിദ്ധരായ കിറ്റെക്സി നുവേണ്ടി പല വസ്ത്രങ്ങൾക്കും ഡിസൈൻ ചെയ്തുകൊടുത്തിട്ടുണ്ട്.

സംഗീതം മാത്രമല്ല നൃത്തവും രക്തത്തിൽ അലിഞ്ഞുചേർന്ന പി.ജി. യുടെ ജീവിത പങ്കാളി മാരാമൺ കൺവൻഷന്റെ പശ്ചാത്തലത്തിൽ വളർന്ന മുളക്കുഴ സ്വദേശിനി ശ്രീമതി സഞ്ജുവാണ്. നന്നായി പാടുന്ന സഹ ധർമ്മിണിയുമായി ചേർന്ന് ആദ്യകാല ങ്ങളിൽ അനേകം പരിപാടികൾ അവ തരിപ്പിച്ചിട്ടുണ്ട്.

1955-ൽ പ്രശസ്ത കമ്പനിയായ ഇന്ത്യൻ അലുമിനിയത്തിൽ എക്സി ക്യൂട്ടീവായി ജോലിയിൽ പ്രവേശിച്ചു. ചെറുപ്പം മുതലേ സമാന്തരമായി തുട ങ്ങിയിരുന്ന സംഗീതപഠനം കഴിഞ്ഞ് തൃപ്പൂണിത്തുറ കൊട്ടാരം സംഗീതാ ധ്യാപകനായിരുന്ന പ്രസിദ്ധ വിശ്വ നാഥ അയ്യരിൽനിന്ന് കർണ്ണാടക സംഗീ തവും, ഹിന്ദുസ്ഥാനി ക്ലാസിക്കൽ സംഗീത വിദഗ്ധൻ പ്രൊഫ. രംഗനാഥ കമ്മത്തിൽനിന്ന് എട്ടു വർഷം പരിശീ ലനം നേടുകയും ചെയ്തു. താൻ എഴുതി ചിട്ടപ്പെടുത്തിയ ഗാനങ്ങൾ എല്ലാം തന്നെ വിവിധ രാഗങ്ങളായ ആനന്ദഭൈരവി, മോഹനം, കല്യാണി, ഹിന്ദോളം, ഹംസാനന്ദി, മായാമാളവ ഗൗളാ, അധോഹ, നാഗ ഗന്ധാരി, ചക്രവാകം തുടങ്ങിയവയിലാണ്. 'നന്ദി യോടെ ഞാൻ സ്തുതി പാടിടും എന്ന ഗാനം' കർണാടകത്തിലെ ശങ്കരാഭരണ രാഗം അടിസ്ഥാനമാക്കിയും പാശ്ചാ ത്യസംഗീതത്തിലെ മേജർ സ്കെയി ലിലും ചിട്ടപ്പെടുത്തിയതാണ്.

കർത്താവായ യേശുക്രിസ്തു തന്റെ രണ്ടാം വരവ് വരെ അനുഷ്ഠിക്കുവാൻ സഭയെ ഭരമേല്പിച്ച വി. കുർബാന എന്ന സ്വർഗ്ഗീയ ആരാധനയുടെ മാഹാത്മ്യം അനുഭവിച്ചദ്ദേഹം എഴുതി:

"അതിശുദ്ധ ത്രോണോസിന്മേൽ
ബലിയർപ്പിച്ച തിരുനാളിതാ

തിരുരക്ത ശരീരങ്ങൾ തിരുബലി
യാകും അൾത്താരയിൽ...

പരിശുദ്ധന്മാരോട് മദ്ധ്യസ്ഥത അണയ്ക്കുകയും അവരെ ആദരിക്കുകയും ചെയ്യുന്ന സഭാ പാരമ്പര്യം ഉൾക്കൊണ്ട് അതിഭക്തിനിറഞ്ഞവനായി പി.ജി. കന്യകക മറിയാമിനെയും, ഗീവർഗീസ് സഹദായെയും പരിശുദ്ധ പരുമല കൊച്ചുതിരുമേനിയെയും കുറിച്ചു പാട്ടുകൾ എഴുതി ഈണം നൽകി.

ആദ്യകാലത്ത് ഏലൂർ ഓർത്തഡോക്സ് പള്ളിയിൽ ഗായകസംഘത്തെ ഉണ്ടാക്കി പരമാവധി ആൾക്കാരെ സംഘടിപ്പിച്ച് ആരാധനാ ഗീതങ്ങൾ ഇമ്പകരമാക്കി. പിന്നീട് എറണാകുളം പാലാരിവട്ടം പള്ളിയിൽ എത്തി സഭയ്ക്കും സമൂഹത്തിനും അഭിമാനകരമായ രീതിയിൽ ഒരു ഗായക സംഘത്തെ വളർത്തിയെടുത്തു. ഇതര സഭകളിലെ ദേവാലയങ്ങളിൽ അവരുടെ ആവശ്യപ്രകാരം കടന്നുചെന്ന് സംഗീതാഭ്യാസനം നടത്തി. കൺവൻഷനോടനുബന്ധിച്ചും ക്രിസ്തുമസിനോടനുബന്ധിച്ചും അനേകരെ ദൈവവചന കേൾവിക്ക് ഒരുക്കുവാൻ പര്യാപ്തമാംവിധം പി.ജി. പാട്ടുകൾ എഴുതി ഈണങ്ങൾ നൽകി. തന്റെ പാട്ടുകൾക്കു മിഴിവേകിയത് തന്റെ സന്തത സഹചാരിയായ പ്രസിദ്ധ ഓർഗനിസ്റ്റ് ശ്രീ രാജൻ ഏബ്രഹാം മാത്രമാണെന്ന് പി.ജി. പലപ്പോഴും അനുസ്മരിച്ചു പറയുമായിരുന്നു. ഞാൻ ഒരിക്കൽ രാജൻ ഏബ്രഹാമിനെ നേരിൽ കണ്ടപ്പോൾ അദ്ദേഹം പി.ജി.യെ ഓർത്തു കണ്ണുനീർ പൊഴിച്ചതും തുടർന്നുണ്ടായ നീണ്ട മൗനവും ഓർക്കുന്നു.

2002 ഒക്ടോബർ 19-ാം തീയതി ഒരു ഓപ്പറേഷന് വിധേയനായി. ആശുപത്രി മുറിയിൽ വിശ്രമിക്കുമ്പോൾ തന്റെ അവസാനത്തെ ഗാനം രചിക്കപ്പെട്ടു. അന്ന് ഉച്ച തിരിഞ്ഞ് മുസ്ലിം പള്ളിയിൽനിന്നു ബാങ്ക് വിളിക്കുന്നതു കേട്ടപ്പോൾ ഒരു ഗാനം അദ്ദേഹത്തിന്റെ നാവിൻതുമ്പിലെത്തി. അതിങ്ങനെ കുറിച്ചിട്ടു. നാലു ചരണങ്ങൾ ഉള്ളതിൽ ആദ്യത്തെ ഇപ്രകാരം

"ക്രൂശിന്മേൽ നോക്കി ഞാൻ യാത്ര ചെയ്യുന്നു.
സ്വർഗ്ഗീയ നാഥൻ എന്നെ കാത്തിരിക്കുന്നു
ന്യായവിധിക്കെന്നെ നിർത്തിടുമ്പോൾ.
എന്നിൽ ദയ തോന്നേണമെന്നേശുവേ."

തുടർന്നുള്ള ദിനങ്ങൾ രോഗവും വേദനയും അദ്ദേഹത്തെ വേട്ടയാടി. കാൻസർ രോഗം അദ്ദേഹത്തിന്റെ ഇഹലോകവാസ ജീവിതത്തിന്റെ അന്ത്യത്തിനു നിദാനമായി. 2003 ഫെബ്രുവരി 15-നു അദ്ദേഹം ഈ ലോകത്തോടു യാത്ര പറഞ്ഞ് സ്വർഗ്ഗീയ ഗായകസംഘത്തിലേക്കു യാത്രയായി. പിറ്റേദിവസം കോട്ടയം പുത്തൻപള്ളി സെമിത്തേരിയിൽ ശവസംസ്കാര ശുശ്രൂഷാമദ്ധ്യേ പരേതൻ ഏറെക്കാലം ക്വയർ മാസ്റ്റർ ആയിരുന്ന പാലാരിവട്ടം പള്ളി ഗായകസംഘം കണ്ഠം ഇടറി വിതുമ്പി വിങ്ങിക്കരഞ്ഞുകൊണ്ട് നന്ദിഗാനം ഇങ്ങനെ ആലപിച്ച് പാടിനിർത്തി

"അർഹിക്കാത്ത നന്മകളും
എനിക്കേകിടും ദയാനിധേ
യാചിക്കാത്ത നന്മകൾപോലും
ഈ എനിക്കേകുവോനെ സ്തുതി"

സംസ്കാര ശുശ്രൂഷയിൽ പ്രസംഗിച്ച റവ. ഫാ. ടി. ജെ. ജോഷ്വാ പറഞ്ഞവസാനിപ്പിച്ചു: "കുഞ്ഞുമോൻ ഓർത്തഡോക്സ് സഭയിൽ അല്ലാതെ മറ്റൊരു സഭാംഗം ആയിരുന്നെങ്കിൽ ഉപരിയായ അംഗീകാരം ലഭിക്കുമായിരുന്നു". ആ മനോഹര പ്രാർത്ഥന സൃഷ്ടിച്ച 'പി. ജി.' എന്ന പി. ജി. ഏബ്രഹാം പടിഞ്ഞാറെത്തലയ്ക്കലിനെ ഒന്നു സ്മരിക്കുക. അദ്ദേഹത്തിനു നൽകാവുന്ന ഏറ്റവും വലിയ ബഹുമതി യാണത്. ■

സൺഡേസ്ക്കൂൾ ഡയറക്ടർ



ചെങ്ങന്നൂർ ഭദ്രാസന സൺഡേസ്ക്കൂൾ ഡയറക്ടറായി തെരഞ്ഞെടുക്കപ്പെട്ട വർഗ്ഗീസ് ജി. കാവുംപുറം. കുടശ്ശനാട് സെന്റ് സ്റ്റീഫൻസ് ഓർത്തഡോക്സ് കത്തീഡ്രൽ ഇടവകാംഗാം

കൊച്ചി ഭദ്രാസന ഡയറക്ടറായി തെരഞ്ഞെടുക്കപ്പെട്ട ജോൺ വർഗ്ഗീസ്. വാണിയംപാറ സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളി ഇടവകാംഗവും മുൻ ഡിസ്ട്രിക്ട് ഇൻസ്പെക്ടറുമായിരുന്നു.

സൺഡേസ്ക്കൂൾ വിജയി

സൺഡേസ്ക്കൂൾ നോർത്ത് സോൺ ജൂനിയർ വിഭാഗം സിംഗിൾ സോങ്ങിന് രണ്ടാം സ്ഥാനം നേടിയ ലിസാ മിന്നാ പോൾ. തൃശൂർ ചെമ്പുക്കാവ് സെ. തോമസ് ഇടവകയിൽ പോൾ ബെൻ തോമസിന്റെയും മെറിൻ തോമസിന്റെയും മകൾ.



സൺഡേസ്ക്കൂൾ നോർത്ത് സോൺ ഹയർസെക്കണ്ടറി വിഭാഗം വേദവാക്യത്തിന് ഒന്നാം സ്ഥാനവും പൊതുവിജ്ഞാനത്തിന് രണ്ടാം സ്ഥാനവും നേടിയ എഫ്രേം ജോസഫ്. തൃശൂർ ചെമ്പുക്കാവ് സെ. തോമസ് ഇടവകയിൽ ഫാ. ജോസഫ് കാരക്കാട്ടിലിന്റേയും ജോളി ജോസഫിന്റെയും മകൻ.

സൺഡേസ്ക്കൂൾ നോർത്ത് സോൺ ഹയർസെക്കണ്ടറി വിഭാഗം വേദവാക്യത്തിന് രണ്ടാം സ്ഥാനവും പൊതുവിജ്ഞാനത്തിലും ഉപന്യാസത്തിലും ഒന്നാം സ്ഥാനവും നേടിയ എയ്ഞ്ചൽ മറിയ ജോസഫ്. തൃശൂർ ചെമ്പുക്കാവ് സെ. തോമസ് ഇടവകയിൽ ഫാ. ജോസഫ് കാരക്കാട്ടിലിന്റേയും ജോളി ജോസഫിന്റെയും മകൾ.

സൺഡേസ്ക്കൂൾ സൗത്ത് സോൺ ജൂണിയർ വിഭാഗം സഹപാഠ്യ മത്സരത്തിൽ വേദവാക്യത്തിന് ഒന്നാം സ്ഥാനം നേടിയ എൽസാ സെലിൻ ഡാനിയേൽ. വയല, പുതുശ്ശേരിഭാഗം സെ. മേരീസ് ഇടവകാംഗവും മാറനാട് സെ. പീറ്റേഴ്സ്& സെ. പോൾസ് ഇടവകാംഗമായ ഫാ. ഡാനിയേൽ തോമസിന്റെയും സെലിൻ ജോസഫിന്റെയും മകൾ.

പുറപ്പാടു പുസ്തകം

ഫാ. കെ. വി. ഏലിയാസ്

ബൃഹത്തായ ഒരു ഗ്രന്ഥത്തിന്റെ (പഞ്ചഗ്രന്ഥം/ന്യായപ്രമാണം/തോറ) രണ്ടാം ഭാഗമായി ഈ പുസ്തകത്തെ കാണാം. ഒന്നാം ഭാഗമായ ഉല്പത്തി പുസ്തകത്തിൽ ചരിത്രാതീതകാലാഖ്യാനവും പിതാക്കന്മാരുടെ (അബ്രഹാം, യിസ്ഹാക്ക്, യാക്കോബ്) ചരിത്രവുമാണ് പ്രതിപാദ്യം. ഈ പുസ്തകത്തിലെ കഥാവസ്തു ഒരു ജനതയാണ്. എന്നാൽ ഈ ജനതയുടെ കഥാകഥനം/വിഷയം ഈ പുസ്തകത്തിൽ അവസാനിപ്പിക്കുന്നില്ല. പുറപ്പാട് 19-ൽ തുടങ്ങുന്ന ദൈവത്തിന്റെ പ്രത്യക്ഷത/വെളിപാട് (Revelation) വിവരണം സംഖ്യാപുസ്തകം 9-ലേ തീരുന്നുള്ളൂ. അതായത്, സീനായ് മലയിലെ ദൈവത്തിന്റെ വെളിപാട് മൂന്നു പുസ്തകങ്ങളിലായി (പുറപ്പാട്, സംഖ്യ, ലേവ്യ) വ്യാപിച്ചുകിടക്കുന്നു.

'പുറപ്പാട്' എന്നപേര് ഈ പുസ്തകത്തിന് ലഭിക്കുന്നത് യവന ഭാഷയിൽ നിന്നാണ്. വാക്കിന്റെ അർത്ഥം സൂചിപ്പിക്കുന്നതുപോലെ പുറപ്പെട്ടു പോകുന്ന ഒരു ജനതയുടെ വിവരണമാണ് ഈ പുസ്തകത്തിന്റെ പ്രധാന ഇതിവൃത്തം (19:1). മൂലഭാഷയായ എബ്രായ ഗ്രന്ഥത്തിന്റെ തലക്കെട്ട് "ഇതാണ് യിസ്രായേലിന്റെ മക്കളുടെ പേരുകൾ.... (These are the names of the children of Israel...) എന്നാണ്.

ഗ്രന്ഥകർത്തൃത്വ ചർച്ച, പൗരാണികമായി മോശെയാണ് ഇതെഴുതിയതെന്നാണ് പറയുന്നത്. മോശെയുടെ ന്യായപ്രമാണ പുസ്തകത്തെക്കുറിച്ച് യോശുവ 8:31-35 ൽ പരാമർശമുണ്ട്. വി. മർക്കോ 1:44, 12:26 ഭാഗങ്ങളിൽ കർത്താവ് മോശെയുടെ പുസ്തകത്തെക്കുറിച്ചും നിയമത്തെക്കുറിച്ചും പറയുന്നു. യേശുവിന്റെ ശിക്ഷ്യന്മാരും മോശെയുടെ ന്യായപ്രമാണത്തെക്കുറിച്ച് എഴുതുന്നു (യോഹ. 1:45). 'നീയിത് ഓർമ്മയ്ക്കായി ഒരു പുസ്തകത്തിൽ എഴുതി യോശുവയെ കേൾപ്പിക്ക' (പുറ. 17:14) എന്ന് യഹോവ മോശെയോടു കല്പിക്കുന്നതായും കാണുന്നു. നമ്മുടെ സഭയുടെ പാരമ്പര്യ വിശ്വാസവും ഇതുതന്നെ. അതുകൊണ്ടാണ് പഴയനിയമ വായന പഞ്ചഗ്രന്ഥങ്ങളിൽ നിന്നെങ്കിൽ 'ദീർഘദർശിമാരിൽ തലവനായ മോശെയുടെ........ാം പുസ്തകത്തിൽ നിന്ന്' എന്ന് ആഹ്വാനം ചെയ്യുന്നത്.

മിസ്രയീമിൽ ദീർഘകാലം താമസിച്ചിരുന്ന, നല്ല വിദ്യാഭ്യാസമുള്ള, പുറപ്പാടു സംഭവങ്ങൾക്ക് ദൃക്സാക്ഷിയായ, മിസ്രിയീമിലെ തെക്കുദേശങ്ങളിലെ കൃഷിരീതിയെക്കുറിച്ച് നല്ല ബോധ്യമുള്ള (പുറ. 9:31-32) ഒരാളായിരിക്കണം എഴുത്തുകാരൻ എന്നാണ് ഈ പുസ്തകം സൂക്ഷ്മതയോടെ വായിച്ചാൽ കിട്ടുന്ന സൂചന. ആധുനീക പഠനങ്ങൾ ഈ നിഗമനത്തെ പൂർണമായും അംഗീകരിക്കുന്നില്ല. പുരാതന ഐതിഹാസിക കഥകളും പുരോഹിത പാരമ്പര്യങ്ങളും പിൽക്കാലത്ത് ഒരു സംശോധകൻ കൂട്ടിച്ചേർത്ത് ഒരു പുസ്തകമാക്കിയതാണെന്ന് അവർ വാദിക്കുന്നു. മോശെയുടെ പാരമ്പര്യവും തുടർന്നുവന്ന തലമുറകൾ അവ വ്യാഖ്യാനിച്ചതും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു രചനയാണ് ഈ ഗ്രന്ഥം എന്നാണ് ആധുനിക പഠിതാക്കൾ വാദിക്കുന്നത്

'പുറപ്പാട് സംഭവം എന്ന്?' എന്നത് വേദപഠിതാക്കളുടെ ചിന്തയെ മഥിച്ചിട്ടുണ്ട്. പ്രധാനമായും രണ്ടു വ്യത്യസ്ത കാലഘട്ടങ്ങൾ പരാമർശിക്കപ്പെടുന്നുണ്ട്.

നാനൂറ്റി മുപ്പതു വർഷം യിസ്രായേൽ മിസ്രയീമിൽ പരദേശിയായി പാർത്തു എന്ന പരമാർശം (പുറ. 12:40). ക്രി. മു. 1350-1200 കാലഘട്ടങ്ങളിൽ മിസ്രയീം ഭരിച്ച 19-ാം രാജവംശത്തിന്റെ കാലത്ത് 'പുറപ്പാട്' ഉണ്ടായിയന്നാണ് സൂചിപ്പിക്കുന്നത് (പുറ. 1:8 താ.). പുറ. 1:11 തരുന്ന ചരിത്രസൂചനയും ഈ കാലഘട്ടത്തിന് ചേരും. ക്രി. മു. 1290-1244 വർഷങ്ങളിൽ മിസ്രയീം ഭരിച്ചിരുന്ന ഫറവോ രാംസെസ് രണ്ടാമൻ നീലനദിയുടെ തീരത്ത് വലിയ കൊട്ടാരം പണിതതായി പുരാവസ്തു ഗവേഷണത്തിലൂടെ തെളിയിക്കപ്പെട്ടിട്ടുണ്ട്. സംഭാര നഗരങ്ങളുടെ പണിയും അവയ്ക്ക് നൽകിയിട്ടുള്ള പേരുകളും (പിഥോം, റയംസെസ്) ഇത് വ്യക്തമാക്കുന്നു. യോശുവായുടെ കാലത്ത് ലാഖീശ് (യോശുവ 10:32) ദെബീർ (യോശു. 10:38-39) എന്നീ പട്ടണങ്ങൾ നശിപ്പിക്കപ്പെട്ടു. പുരാവസ്തു പഠനം ഈ പട്ടണങ്ങൾ ക്രി. മു. 1230-1200 കാലത്താണ് നശിപ്പിക്കപ്പെട്ടതെന്ന് തെളിയിക്കുന്നു. മിസ്രയീമിൽ നിന്ന് കണ്ടെടുത്ത പുരാരേഖയിൽ (Merneptah Stele ക്രി. മു. 1230) ഹബീരു എന്ന പേര് - (ഇത് എബ്രായർ, അതായത് അബ്രഹാമിന്റെ വംശം എന്ന് മനസ്സിലാക്കുന്നു) കാണുന്നു.

മറ്റൊരു കാലഗണന, ഇത് നടക്കുന്നത് മിസ്രയീമിലെ ഫറവോ അമെൻ-ഹോട്ടെപ് രണ്ടാമന്റെ (Amenhotep II 1456-1425) കാലത്തായിരുന്നിരിക്കാം എന്നാണ് യിസ്രായേൽ മിസ്രയീമിൽ

നിന്ന് പുറപ്പെട്ടതിന്റെ നാനൂറ്റി യെൺപതാം വർഷം ശലോമോന്റെ വാഴ്ചയുടെ (1960-20) നാലാം ആണ്ട് (1 രാജ് 6:1). യിസ്രായേൽ മുന്നൂറു വർഷത്തോളം ഹെശ്ബോൻ, അരോവേർ തുടങ്ങിയ സ്ഥലങ്ങൾ സ്വന്തമാക്കിയിരുന്നുവെന്ന യിപ്താഹിന്റെ (1100BCE) പരാമർശം (ന്യായ 11:26) എന്നിവ ഇത് സാധൂകരിക്കുന്നു. എന്നാൽ ഇവയിൽ കൂടുതൽ അംഗീകാര യോഗ്യമായ വിശദീകരണം 1250നോട് അടുത്തകാലഘട്ടമെന്നതാണ്.

പുറപ്പാട് പുസ്തകത്തെ രണ്ടായി തിരിക്കാം.

1. മിസ്രയീമിലെ അടിമത്തത്തിൽ നിന്നുമുള്ള യിസ്രായേലിന്റെ വിടുതലും സീനായ് മലയിലേയ്ക്കുള്ള യാത്രയും (1-18).

2. സീനായ് മരുഭൂമിയിലെ യാത്രയും ദൈവവുമായുള്ള ഉടമ്പടി ബന്ധവും ജനത്തിന്റെ ജീവിതവും ആരാധനയും സംബന്ധിച്ചുള്ള നിയമങ്ങളും പ്രമാണങ്ങളും (19-40).

ഈ ചരിത്രം രണ്ട് അടിസ്ഥാന 'അനുഭവങ്ങളെ' പരാമർശിക്കുന്നു: മിസ്രയീമിൽ നിന്നുള്ള പുറപ്പാടും സീനായ് മലയിൽ വച്ച് ദൈവം പ്രത്യക്ഷപ്പെടുന്നതും, ഒരുകൂട്ടം അടിമകളെ അടിമത്തത്തിൽ നിന്ന് വിടുവിക്കുന്ന ദൈവത്തിന്റെ പ്രവർത്തനവും അവരെ ഒരു സാമൂഹികമാക്കി, ജനതയാക്കി മാറ്റി അവരുമായി ഉടമ്പടിയിലേർപ്പെടുന്നതുമായി ഈ പുസ്തകം സാക്ഷിക്കുന്നു.

I. ജനത്തിന്റെ അടിമത്തവും വിമോചനവും ഉല്പ. 15:13-14 വാക്യങ്ങളുടെ പൂർത്തീകരണമാണ്. ഈ ഉടമ്പടി ബന്ധത്തിലൂടെ യിസ്രായേൽ എന്ന ഒരു രാജ്യം പിറവിയെടുക്കുന്നു. ഇവിടെ പുറപ്പാട് ഒരു ചരിത്രവസ്തുതയും (1:1-15:21) യഹോവ യിസ്രായേലിനെ മിസ്രയീമിലെ അടിമത്തത്തിൽ നിന്ന് മോചിപ്പിച്ചു എന്നത് അടിസ്ഥാനവിശ്വാസവുമാണ്. മനുഷ്യചരിത്രത്തിൽ ഇടപെടുന്ന ഒരു ദൈവത്തെ നമുക്കിവിടെ കാണാം. ചെങ്കടൽ കടക്കുന്നതു ഈ ചരിത്രത്തിലെ ഒരു പ്രധാന സംഭവമാണ് (അ. 14; 15:1-18, 15:21). മോശെ ഫറവോനെ സമീപിക്കുന്നതും, പത്തുബാധകളുമെല്ലാം ഈ ഘട്ടത്തിലേയ്ക്കു നയിക്കുന്നു (5:7-11). ഇതോടനുബന്ധിച്ചു തന്നെയാണ് പെസഹായെക്കുറിച്ചു പറയുന്നതും (അ. 12). പെസഹാ യാഗമൃഗത്തിലൂടെ യിസ്രായേലിൽ ആദ്യ ജാതകന്റെ നീണ്ടെടുപ്പ് എന്നാൽ മിസ്രയീമിന് അത് കടിഞ്ഞൂൽ സംഹാരമാണ്. ചില തുടർ അത്ഭുതങ്ങളിലൂടെ ദൈവജനം മിസ്രയീമിലെ അടിമത്തമവസാനിപ്പിച്ച് സ്വതന്ത്രരാകുന്നു. മിസ്രയീം ദൈവത്താൽ വിധിക്കപ്പെടുന്നു.

ഈ സംഭവങ്ങളിൽ മോശെയുടെ സ്ഥാനം അതുല്യമാണ്. മോശെയുടെ ജനനം, സംരക്ഷണം, വിമോചനത്തിനുള്ള ആഹ്വാനം എന്നിവയെല്ലാം പുറപ്പാടുമായി ബന്ധപ്പെട്ടിരിക്കുന്നു. ദൈവത്തിന്റെ വിമോചന പ്രവർത്തികളെ ജനത്തിനു വ്യാഖ്യാനിച്ചുകൊടുക്കുന്ന പ്രവാചകനും ദൈവവും ജനവുമായുള്ള ഉടമ്പടി ബന്ധത്തിന്റെ മദ്ധ്യസ്ഥനുമാണ് മോശെ. മോശെ അടിസ്ഥാനമിട്ട ഈ ആത്മീയതയിലാണ് പിൻതലമുറ മുന്നേറിയത്. ഏലിയാവ് (1 രാജാ. 19), യോശിയാവ് (2 രാജാ 22-23) എന്നിവർ നേതൃത്വം നൽകിയ മതപരിഷ്ക്കരണം ഈ അടിസ്ഥാനത്തിലേയ്ക്കുള്ള തിരിച്ചുവരവാണ്. മരുഭൂമി യാത്രയിലെ വിശപ്പ്, ദാഹം, ശത്രുഭയം (15:22-17:16) എന്നിവയിൽ നിന്നുള്ള സംരക്ഷണം വിഷമ സന്ധികളിലും ആപത്ഘട്ടങ്ങലിലും ദൈവം തന്റെ ജനത്തെ കൈവിടുകയില്ല എന്നസത്യം എടുത്തു കാണിക്കുന്നു (സംഖ്യ 10:11-14:45 താ.) മരുഭൂമി യാത്ര ദൈവത്തിന്റെ പ്രത്യേക സാന്നിദ്ധ്യം തിരിച്ചറിഞ്ഞ കാലമായിരുന്നുവെന്നു പറയുന്നു (ഹോശേ. 13:15, യിരെ 2:2. താ).

II. സീനായ് മലയിലെ ദൈവത്തിന്റെ വെളിപ്പെടൽ ഏറ്റവും പ്രധാനപ്പെട്ടതാണ് (19:22:24:9-11). ദൈവവും ജനവുമായുള്ള ഈ ബന്ധമാണ് 'ഉടമ്പടി'യായി വ്യാഖ്യാനിക്കപ്പെടുന്നത് (19:3-8, 24:3, 7, 34). മോശെയുടെ മൊഴികളും [10 കല്പനകൾ (2012-17)] നിയമങ്ങളും [നിയമപുസ്തകം (24:7)]പൗരോഹിത്യ നിയമാവലിയും (പുറ. 25-സംഖ്യ 10) ഈ ഉടമ്പടിയുടെ ഭാഗമാണ്. സമാഗമന കൂടാരത്തിന്റെ നിർമ്മാണം (പുറ. 25-31, 35-40) ആരാധനയുമായി ബന്ധിച്ച് പ്രധാനമാണ് ഈ പുസ്തകത്തിലെ നിയമങ്ങൾ വിമോചകനായ ദൈവത്തോട് ജനത്തിനുള്ള നന്ദി പ്രകടനമാണ്.

ദൈവത്തിന്റെ വെളിപ്പെടൽ ചില യാർത്ഥ്യങ്ങൾ ഓർമ്മിപ്പിക്കുന്നു.

➢ ചരിത്രത്തെ നിയന്ത്രിക്കുന്നത് യഹോവയാണ് (1:1)

➢ യഹോവ പുതിയ പേരിൽ മോശെയ്ക്കു വെളിപ്പെടുന്നു (3:14)

➢ ഉടമ്പടി ബന്ധത്തിന്റെ സർവ്വാധികാരി യഹോവ തന്നെ (19:5)

വർണ്ണന, നിയമാവലി, പേരുകളുടെ പട്ടിക, ഗാനങ്ങൾ എന്നിങ്ങനെ വ്യത്യസ്ത സാഹിത്യ രൂപങ്ങളിൽ രചിതമാണ് ഈ പുസ്തകം. അതുകൊണ്ടു തന്നെ ഒരാളിൽ നിന്നല്ല, വ്യത്യസ്ത സ്രോതസ്സുകളിൽ നിന്നുള്ള പുസ്തകമാണെന്ന് നിരൂപിക്കാം.

➢ വിശ്വസ്തനായ വീണ്ടെടുപ്പുകാരൻ യഹോവ (6:16, 15:13)

➢ യഹോവ സ്വന്തജനത്തേയും (4:14, 20:5, 32:27-28) ശത്രുക്കളേയും (അ. 7-12) ന്യായം വിധിക്കുന്നു.

➢ യഹോവ സർവ്വാതിശായിയും [(transcendant)] (33:20) എന്നാൽ തന്റെ ജനത്തോടൊപ്പം പാർക്കുന്നവനും ആണ് (29:45).

ഈ പുസ്തകത്തിലെ ചില ഭാഗങ്ങൾ സവിശേഷ ശ്രദ്ധയർഹിക്കുന്നു

➢ മോശെയുടെ ജനനവും സംരക്ഷണവും (അ. 2)

➢ മോശെയെ ദൈവം വിളിക്കുന്നു (3:14, 5:1)

➢ ചെങ്കടൽ കടക്കുന്നു (അ. 14)

➢ മന്നായും കാടപ്പക്ഷിയും (അ. 16)

➢ പത്തുകല്പനകൾ (അ. 20)

➢ സമാഗമന കൂടാരം (അ. 25-27)

➢ സ്വർണ്ണ കാളക്കുട്ടി (അ. 32)

വർണ്ണന, നിയമാവലി, പേരുകളുടെ പട്ടിക, ഗാനങ്ങൾ എന്നിങ്ങനെ വ്യത്യസ്ത സാഹിത്യ രൂപങ്ങളിൽ രചിതമാണ് ഈ പുസ്തകം. അതുകൊണ്ടു തന്നെ ഒരാളിൽ നിന്നല്ല, വ്യത്യസ്ത സ്രോതസ്സുകളിൽ നിന്നുള്ള പുസ്തകമാണെന്ന് നിരൂപിക്കാം. (3, 6 അ. സമാന്തരം). പത്തുകല്പനകൾ, നിയമപുസ്തകം, പൗരോഹിത്യ നിയമാവലി എന്നിവ സ്വതന്ത്രമായിരുന്നവയും പിൽക്കാല്ത് ഒരുമിച്ച് കൂട്ടിച്ചേർക്കപ്പെട്ടതുമാകാം. ■

1ST HEAVENLY BIRTHDAY
19/04/2016



K.O. VERGHESE (SUNNY)
15/02/1951 – 19/04/2015

D 4/2, Hariratan, Bangur Nagar, Goregaon (W), Mumbai
(S/O Late. K.O. Ukkuru & Late Kunjai, Koothoor House,
South Bazar, Kunnamkulam)

Holy Qurbana to be celebrated by
H.G. Dr. Geevarghese Mar Yulios, Metropolitan of Ahmedabad Diocese
At St. Thomas Orthodox Syrian Valiayapally, Malad (W), Mumbai, at 7 pm

Deeply loved and missed by
Elizabeth Verghese(Liz) (Wife)
Tina molly Rajesh (Daughter) & Capt. V.P Rajesh
Bren Verghese(Son) & Sonia Bren
G/C : Erynn Rajesh, Aaron Bren , Ethan Rajesh &
Dwayne Bren (Sunny)
Siblings : Franco, Late. Molly John, Abraham & Emily Prince

മാനേജർ



മുളന്തുരുത്തി വെട്ടിക്കൽ സെന്റ് തോമസ് ദയറ മാനേജർ ആയി നിയമിതനായ ഫാ. വിനോദ് ജോർജ്. ആറാട്ടുപുഴ സെന്റ് മേരീസ് ഇടവകാംഗമാണ്. മദ്രാസ് ഭദ്രാസനത്തിൽ പ്രവർത്തിച്ചു വരികയായിരുന്നു.

For Favours Received



A. Mathai

സന്യാസ സമൂഹ വാർഷികം

അടൂർ: അഖില മലങ്കര സന്യാസി സമൂഹത്തിന്റെ ഇരുപതാം വാർഷികം അടൂർ സെന്റ് മേരീസ് കോൺവെന്റിൽ നടന്നു. പരിശുദ്ധ കാതോലിക്കാ ബാവാ സമ്മേളനം ഉദ്ഘാടനം ചെയ്തു. മെത്രാപ്പോലീത്തന്മാരായ ഡോ. ജോസഫ് മാർ ദിവന്നാസിയോസ്, ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്, മാത്യൂസ് മാർ തേവോദോസ്യോസ്, ഡോ. യാക്കോബ് മാർ ഐറേനിയോസ് എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. ഫാ. ഡോ. കെ. എം. ജോർജ്, ഫാ. ഡോ. കെ. ഗീവർഗീസ് എന്നിവർ പഠന ക്ലാസ്സുകൾ നയിച്ചു. സന്യാസ സമൂഹം സെക്രട്ടറി ഫാ. എം.സി. കുറിയാക്കോസ് നന്ദി പറഞ്ഞു.

75 ദമ്പതികളുടെ സംഗമം

പാമ്പാടി: പവിത്ര സ്മൃതി മംഗല്യ നിധി പദ്ധതിയിലൂടെ വിവാഹിതരായ 75 ദമ്പതികളുടെ ഒത്തുചേരൽ പാമ്പാടി ദയറായിൽ നടന്നു. പാമ്പാടി തിരുമേനിയുടെ ചരമ കനക ജൂബിലി പദ്ധതിയാണ് പവിത്ര സ്മൃതി മംഗല്യനിധി. ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം വലിയ മെത്രാപ്പോലീത്താ അനുഗ്രഹ പ്രഭാഷണം നടത്തി. സ്വാമി പ്രകാശാനന്ദ, ഫാ. ഡോ. റ്റി. ജെ. ജോഷ്വ, ഫാ. മാത്യു കെ. ജോൺ, ഫാ. തോമസ് കുര്യൻ മരോട്ടിപുഴ എന്നിവർ പ്രസംഗിച്ചു.

മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി, എം.ജി. സർവ്വകലാശാല മുൻ വൈസ് ചാൻസലർ ഡോ. സിറിയക് തോമസ്, ഏറ്റുമാനൂർ രാധാകൃഷ്ണൻ, ഡോ. സോമരാജൻ, മാത്തച്ചൻ പാമ്പാടി തുടങ്ങിയവർ പങ്കെടുത്തു.

കോട്ടയം ഭദ്രാസനത്തിലെ പള്ളികൾ കേന്ദ്രീകരിച്ച് മർത്തമറിയം സമാജത്തിന്റെ ആഭിമുഖ്യത്തിൽ നടത്തിയ സ്വർണ്ണ സമർപ്പണ ദിനത്തിലൂടെ സമാഹരിച്ച സ്വർണ്ണം ഉപയോഗിച്ചാണ് ജാതിമതഭേദമെന്യേയുള്ള 75 ദമ്പതികളുടെ വിവാഹം നടത്തിയത്.

രണ്ട് ലക്ഷം രൂപാ വീതമാണ് ഓരോ വിവാഹത്തിനുമായി ചിലവഴിച്ചത്. 1 ലക്ഷം രൂപാ ദമ്പതികളുടെ പേരിൽ സ്ഥിര നിക്ഷേപം നൽകി. മറ്റ് വിവാഹ സമ്മാനങ്ങളും വിരുന്നും ഒരുക്കിയിരുന്നു.

40-ാം ചരമ വാർഷികം
(മാനേജരച്ചൻ)

Rev. Fr. T. C. Jacob Thalakulam

Manager Old Seminary 1930-1960
Manager Catholicate Aramana 1960-1976
Chief Editor-Malankara Sabha Magazine

14-4-2016-ന് രാവിലെ 8 മണിക്ക് ചീരഞ്ചിറ സെന്റ് മേരീസ് പള്ളിയിൽ പഴയ സെമിനാരി മാനേജർ വെരി. റവ. സഖറിയാ റമ്പാന്റെ പ്രധാന കാർമികത്വത്തിൽ വി. കുർബ്ബാനയും കബറിങ്കൽ ധൂപപ്രാർത്ഥനയും ഉണ്ടായിരിക്കും.

13th Death Anniversary
21-04-2016



REV. FR. GEORGE VENGAL (86)

VENGAL HOUSE
NEERATTUPURAM

HISTORY

മെത്രാൻ കായലും പടിത്തവീടും മെത്രാനും

അക്ഷരനഗരത്തിനു അടിസ്ഥാനമിട്ട *പടിത്തവീട്* എന്ന പഴയ സെമിനാരിയുടെ ചോറ്റുപാത്രമായിരുന്നു *സെമിനാരിക്കായൽ* എന്നുകൂടി അറിയപ്പെടുന്ന *മെത്രാൻ കായൽ*. വേമ്പനാട്ടു കായൽപ്രാന്തം നെല്പാടമായി മാറിയ ചരിത്രമാണ് ഈ കുറിപ്പ്.

■ ഡോ. എം. കുര്യൻ തോമസ്

പേര് സൂചിപ്പക്കുന്നതുപോലെ കേരളത്തിൽ ഇംഗ്ലീഷ് വിദ്യാഭ്യാസം ആരംഭിച്ച പടിത്തവീടായ കോട്ടയം പഴയ സെമിനാരിയുമായി മെത്രാൻ കായലിനു അഭേദ്യമായ ബന്ധമുണ്ട്. പക്ഷേ പലരും കരുതുന്നതുപോലെ സെമിനാരി സ്ഥാപകനായ പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാന് (പിന്നീട് മാർ ദീവന്നാസ്യോസ് ദ്വിതീയൻ മലങ്കര മെത്രാപ്പോലീത്താ) തിരുവിതാംകൂർ സർക്കാർ ദാനം നൽകിയ സ്ഥലമല്ല ഇത്. പടിത്തവീടിന്റെ നിത്യചിലവിനായി തിരുവിതാംകൂർ സർക്കാർ നൽകിയത് മൺറോ തുരുത്താണ്. കൊച്ചി പഞ്ചായത്തു കോടതിയുടെ 1840 ഏപ്രിൽ 4-നുണ്ടായ വിധിപ്രകാരം മൺറോ തുരുത്ത് സി.എം.എസ്. മിഷിനറിമാർ കൈയ്യടക്കി. കൊച്ചിൻ അവാർഡ് എന്നറിയപ്പെടുന്ന ഈ വിധി നടപ്പാക്കിയതോടെ വരുമാനം നിലച്ച സെമിനാരിയിലെ അദ്ധ്യാപനം പ്രതിസന്ധിയിലായി എതാണ്ട് നിലച്ചു. വിധി ഏകപക്ഷീയവും നീതിനിഷേധവുമാണെന്ന കാരണത്താൽ സർക്കാരിൽ ശേഷിച്ചിരുന്ന വട്ടിപ്പണ പലിശയോ ഇതര സംഖ്യാകളോ കൈപ്പറ്റാൻ മലങ്കരസഭ തയാറായില്ല.

ചിലർ കരുതുന്നതുപോലെ മെത്രാൻ കായൽ പാലക്കുന്നതു മാർ മാത്യൂസ് അത്താനാസ്യോസ് മലങ്കര മെത്രാപ്പോലീത്താ സമ്പാദിച്ചതുമല്ല. കെട്ടിക്കിടക്കുന്ന വട്ടിപ്പണപ്പലിശ ബ്രിട്ടീഷ് ഗവണ്മെന്റിനു ഒരു ബാദ്ധ്യതയായി മാറിയതിനാൽ ആ തുക കൈപ്പറ്റാൻ ഇവർ മലങ്കര മെത്രാപ്പോലീത്തായെ നിർബന്ധിച്ചുകൊണ്ടിരുന്നു. ഈ സാഹചര്യത്തിൽ 1870 മകരം 26-നു പഴയ സെമിനാരിയിൽ കൂടിയ മലങ്കര പള്ളിയോഗം *കൊച്ചിൻ അവാർഡ്* പ്രകാരമുള്ള ഈ തുക കൈപ്പറ്റുവാൻ തീരുമാനിച്ചു. മാത്രമല്ല, *...പഞ്ചായതീർപ്പുംപ്രകാരമുള്ള മുതൽ, പൂർവ്വസ്വത്താകയാൽ, ആയതിന്റെ ഉഭയംകൊണ്ട പഠിത്വം നടത്തെണ്ടതും, വസ്തു ക്രമപ്പെടുത്തുന്നതുവരെ, പലിശ വരുവാൻ തക്കവിധത്തിൽ, പണം ഉറപ്പിയ്ക്കെണ്ടതും ആകുന്നു...* എന്നും നിശ്ചയിച്ചു. ഇക്കാര്യങ്ങൾക്ക് മേൽനോട്ടം വഹിക്കുവാൻ ഒരു *ആലോചനക്കൂട്ടത്തേയും* യോഗം നിശ്ചയിച്ചു. യോഗനിശ്ചയമനുസരിച്ച് അതേവർഷം ആലപ്പുഴ

ട്രഷറിയിൽനിന്നും അതുവരെയുള്ള വട്ടിപ്പണ പലിശയും ഇതര സംഖ്യകളും ചെർന്ന് 35,480 രൂപ, 10 അണ, 2 പൈസ കൈപ്പറ്റുകയും, ആ തുക അന്നുതന്നെ ആലപ്പുഴ ബാങ്കിൽ അഞ്ചു ശതമാനം പലിശയ്ക്കു നിക്ഷേപിക്കുകയും ചെയ്തു. അതിനെ തുടർന്ന് 1870 ഇടവം 9-നു ഭാഗികമായെങ്കിലും പഴയസെമിനാരിയിൽ വിദ്യാഭ്യാസം പുനരാരംഭിച്ചു. നിക്ഷേപ തുകയുടെ പലിശ പഠനച്ചിലവിന് ഉപയോഗിച്ചുവന്നതായി 1871-ലെ സെമിനാരി കണക്കുകളിൽ കാണുന്നുണ്ട്.

ആലപ്പുഴ ബാങ്ക് പ്രവർത്തനം അവസാനിപ്പിച്ചതിനാൽ കൊല്ലവർഷം 1048 (1872) മീനം 15-നു നിക്ഷേപസംഖ്യയും ശേഷിച്ച പലിശയുമടക്കം 36,899 രൂപ, 13 അണ, 9 പൈസ മെത്രാപ്പോലീത്താ കൈപ്പറ്റി സെമിനാരിയിൽ എത്തിച്ചു. അതേമാസം 29-ന് പഴയ സെമിനാരിയിൽ കൂടിയ ആലോചനക്കൂട്ടം, *...പലിശ ഈടാക്കുവാൻ തക്കവണ്ണം ആയിരം രൂപായിൽ കുറയാതെ ഉള്ള തുകയിൽ ഇനി ലാഭത്തിൽ കൊടുക്കുകയോ, വസ്തു വാങ്ങിക്കുകയോ ചെയ്യേണ്ടതാകുന്നു* എന്നു നിശ്ചയിച്ചു. അതനുസരിച്ച് കൊല്ലവർഷം 1048 കർക്കിടകം വരെ 26,405 രൂപ ചിലവഴിച്ചതായി ആ വർഷത്തെ സെമിനാരി കണക്കിലുണ്ട്. തുടർന്ന് കൊല്ലവർഷം 1056 (1881) വരെയുള്ള കണക്കുകളിൽ പ്രതിവർഷം പാട്ടം നെല്ല് ലഭിച്ചതായും, 1056-ൽ കർക്കിടകംവരെ മുൻ വർഷങ്ങളിലെ പാട്ടബാക്കിയടക്കം 4,226 പറ 5/8 ഇടങ്ങഴി നെല്ല് പാട്ടമായി ലഭിച്ചതായും കാണുന്നു. ഇതിൽനിന്നും സെമിനാരിക്കായി നെൽപ്പാടങ്ങൾ ഇക്കാലത്ത് വാങ്ങിയിട്ടുണ്ടെന്നു വ്യക്തമാണ്. ഇവയിൽ ഭൂരിഭാഗവും സ്വന്തമാക്കിയത് 1873-74 വർഷങ്ങളിലാണന്നു ചില രേഖകൾ സൂചിപ്പിക്കുന്നുണ്ട്.

പക്ഷേ ഇത് കുമരകം കായൽ നിലം അല്ല. മാർ മാത്യൂസ് അത്താനാസ്യോസ് 1877-ൽ കാലംചെയ്തതിനേത്തുടർന്ന്, തന്നെ അദ്ദേഹത്തിന്റെ പിൻഗാമിയും നിയമാനുസൃത മലങ്കര മെത്രാപ്പോലീത്തായുമായി പ്രഖ്യാപിക്കണമെന്നും, എതിർ കൈവശത്തിലുള്ള സമുദായ സ്വത്തുക്കൾ നടത്തിയെടുത്തു തരണമെന്നും ആവശ്യപ്പെട്ട് പുലിക്കോട്ടിൽ മാർ ജോസഫ് ദീവന്നാസ്യോസ് അഞ്ചാമൻ മെത്രാപ്പോലീത്താ ആലപ്പുഴ ജില്ലാ കോടതിയിൽ കൊല്ലവർഷം 1054-ൽ ഒർജിനൽ സ്യൂട്ട് നമ്പർ 439 ആയി ഫയൽ ചെയ്ത കേസിലെ സ്ഥാവരവസ്തുക്കളുടെ പട്ടികയിൽ കുമരകം കായൽനിലം ഇല്ല. 17 വസ്തുക്കളുള്ള പട്ടികയിൽ പതിനാലാമതായി *ചെങ്ങന്നൂർ ജില്ലയിൽ ചെന്നിത്തല മുറിയിൽ നേന്ത്രവേലി നിലം* എന്ന വിസ്തൃതമായ പാടശേഖരം കാണാനുണ്ട്. 1889-ൽ തിരുവിതാംകൂർ റോയൽകോടതി വിധിക്കുശേഷം അദ്ദേഹം നടത്തിയെടുത്ത വസ്തുക്കളിലും നേന്ത്രവേലി നിലം ഉൾപ്പെടുന്നു. അതിൽനിന്നും 1873-74 കാലത്ത് വാങ്ങിയ വസ്തു ഇതാണന്നു വ്യക്തമാകുന്നുണ്ട്.

പഴയസെമിനാരി വസ്തുക്കളുടെ *വസ്തു രജിസ്റ്റർ* അനുസരിച്ച് കുമരകം കായൽനിലം സമ്പാദിച്ചതും വികസിപ്പിച്ചതും പുലിക്കോട്ടിൽ മാർ ജോസഫ് ദീവന്നാസ്യോസ് അഞ്ചാമൻ മലങ്കര മെത്രാപ്പോലീത്തായാണ്. ഈ രേഖപ്രകാരം 1899-1900 കാലത്താണ് *കോട്ടയം താലൂക്കിൽ കുമരകം പ്രവൃത്തിയിൽ കുമരകം മുറിയിൽ* കായൽനിലം പതിപ്പിച്ചെടുത്ത് കൃഷിയോഗ്യമാക്കിയത്. പിൽക്കാലത്ത് മുരിക്കൻ വളച്ചെടുത്ത കായൽ നിലങ്ങൾക്ക് അദ്ദേഹം റാണി, ചിത്തിര, മാർത്താണ്ഡം എന്നു പേരിട്ടതുപോലെ മലങ്കര മെത്രാപ്പോലീത്താ കൃഷിയോഗ്യമാക്കിയ നെൽപാടത്തിനു ജനം നൽകിയ പേരാണ് *മെത്രാൻ കായൽ*. അതേകാലത്ത് കോട്ടയം അമയന്നൂരിൽ അദ്ദേഹം പതിപ്പച്ചെടുത്ത ചേരിക്കൽ പുരയിടം ഇന്നും *മെത്രാൻചേരി* എന്നാണ് അറിയപ്പെടുന്നത്. *മെത്രാൻ കായൽ* പഴയ സെമിനാരി വകയായതിനാൽ അപൂർവമായി *സെമിനാരിക്കായൽ* എന്നും അറിയപ്പെട്ടു.

നാലായിരം പറ വിത്തുപാട് (ഏകദേശം 417 ഏക്കർ) ആണ് മെത്രാൻ കായലിന്റെ മൊത്തം വിസ്തൃതി. പക്ഷേ വസ്തു രജിസ്റ്റർ പ്രകാരം 1912 ആകുമ്പോൾ മലങ്കരസഭയുടെ കൈവശം 178 ഏക്കർ 80 സെന്റ് ഭൂമി മാത്രമാണ് ഉള്ളത്. ഇക്കാലത്തിനിടയിൽ മെത്രാൻ കായലിന്റെ പലഭാഗങ്ങളും വിറ്റതായും വിട്ടുകൊടുത്തതായും സൂചനകളുണ്ട്. 1912-ൽ അവസാനിച്ച റീ-സർവേയ്ക്കു ശേഷം പ്രതിവർഷം 750 രൂപയായിരുന്നു സെമിനാരിയിൽ നിന്നും ശേഷിച്ച ഭാഗത്തിനു നൽകേണ്ട ഭൂനികുതി.

മലങ്കരസഭാ മാസിക

- മലങ്കരസഭാ മാസികയിലേക്ക് വരിസംഖ്യ, പരസ്യം ഇനത്തിൽ ബാങ്കിൽ പണം നിക്ഷേപിക്കുന്നവർ 0481-573834 എന്ന നമ്പരിൽ വിളിച്ചറിയിക്കണം.

[Bank -S.B.T Devalokam,
Account Name & Number
- MALANKARA SABHA
(57017053203)
IFSC Code - SBT R 0000820]

- എല്ലാ മാസവും 10-ന് മലങ്കരസഭാ മാസിക കോട്ടയത്തു നിന്നും പോസ്റ്റു ചെയ്യുന്നു.
- ഏതെങ്കിലും കാരണവശാൽ മാസിക ലഭിക്കാതെ വരുന്നവർ അതതു പോസ്റ്റാഫീസുമായി ബന്ധപ്പെടണം.
- മലങ്കരസഭാ മാസിക സംബന്ധമായ പരാതികൾ രാവിലെ 10 മുതൽ 4 വരെ 0481-2573234 എന്ന നമ്പറിൽ അറിയിക്കാവുന്നതാണ്.
- ലേഖനങ്ങൾ പേജ്മേക്കറിൽ (pmd) ML-TT Revathy Font ൽ അയച്ചു തരണം. A4 മൂന്നു പേജിൽ കവിയരുത്.
- പരസ്യപേജ് ലേ-ഔട്ട് ചെയ്ത് PDF-ൽ അതതുമാസം 25-നു മുമ്പ് നൽകണം.
- സൺഡേസ്കൂൾ കേന്ദ്രതല സമ്മാനാർഹരുടെ ഫോട്ടോയോടൊപ്പം വികാരിയുടെ കത്ത് നിർബന്ധമായും ഉണ്ടായിരിക്കണം.

Malankara Sabha Masika
Catholicate Aramana
Devalokam, Kottayam-686004

malankarasabha1946@gmail.com
sabhamasika@yahoo.com

മലങ്കരസഭ മാസിക

വരിസംഖ്യ

ഒറ്റപ്രതി	: ₹ 15
ഒരുവർഷം	: ₹ 180
രണ്ട് വർഷം	: ₹ 360
6 വർഷം	: ₹ 1000
വിദേശത്തേക്ക്:	
ഒരു വർഷം	: ₹ 2000

Malankara Sabha Magazine
Devalokam Kottayam-04;
Ph:0481-2573234, 9947804477

> ഇന്ന് മെത്രാൻ കായലുമായി പടിത്തവീടിനും മലങ്കര മെത്രാനും ബന്ധമൊന്നുമില്ല. പക്ഷേ മെത്രാൻ കായൽ അതേ പേരിൽ നെല്പാടമായിത്തന്നെ എന്നും നിലനിൽക്കണം.

തിരുവിതാംകൂർ സർക്കാർ കുട്ടനാട്ടിലെ നെൽകൃഷി വർദ്ധിപ്പിക്കുന്നതിൽ പ്രത്യേക താല്പര്യമെടുത്തിരുന്ന അക്കാലത്ത് വേമ്പനാട്ടു കായലിന്റെ പാർശ്വങ്ങളിലുള്ള ചതുപ്പു നിലങ്ങളോ കായൽ തന്നെയോ പതിച്ചെടുക്കുക എന്നത് പ്രായേണ ലളിതമായ ഒരു പ്രക്രിയയായിരുന്നു. നിശ്ചിത സംഖ്യ സർക്കാരിൽ അടച്ചാൽ അന്ന് ആർക്കും ഭൂമി പതിച്ചുകിട്ടുമായിരുന്നു. പക്ഷേ സമുദ്രനിരപ്പിനേക്കാൾ ഒരു മീറ്റർ താഴ്ന്നുകിടക്കുന്ന വേമ്പനാട്ടുകായലിൽ ചുറ്റും *കട്ടകുത്തി* പുറവരമ്പിട്ട് ഉള്ളിലെ വെള്ളം തേകിപ്പറ്റിച്ച് കൃഷിയിറക്കുക എന്നത് കഠിനമായ അദ്ധ്വാനവും ഭീമമായ പണച്ചിലവുമുള്ള ഒരു ഭഗീരഥപ്രയത്നം ആയിരുന്നു. അതിനാൽത്തന്നെ ചെറുകിടക്കാർക്ക് അസാദ്ധ്യവും. *എന്നും ധനികനും എന്നും ദരിദ്രനു*മെന്നു വിശേഷിപ്പിക്കപ്പെടുന്ന മാർ ദീവന്നാസ്യോസിന്റെ സാമ്പത്തികനില ഇത്തരമൊരു മഹാപ്രസ്ഥാനം ഒറ്റയ്ക്കു നടത്തുവാൻ അനുകൂലമല്ലായിരുന്നു. അതിനാൽ മികച്ചൊരു സംരംഭകനായിരുന്ന മാർ ദീവന്നാസ്യോസ് അഞ്ചാമൻ മുൻകൈയ്യെടുത്തു പതിപ്പിച്ചെടുത്ത പണ്ടാരവക നിലം അക്കാലത്തുതന്നെ മറ്റു പലരുമായി ചേർന്ന് സംയുക്ത സംരംഭമായി മാറി. പുറവരമ്പുകളുടെ അറ്റകുറ്റപ്പണി കൂടാതെ പ്രതിവർഷ നികുതിയും കായൽനിലങ്ങളുടെ ബാദ്ധ്യതയായിരുന്നു. ഈ സാഹചര്യങ്ങളിലും മെത്രാൻകായലിന്റെ പലഭാഗങ്ങളും വിറ്റുമാറിയതായി സൂചനകളുണ്ട്. എങ്കിലും മൊത്തം പാടശേഖരം *മെത്രാൻ കായൽ* എന്നുതന്നെ അറിയപ്പെട്ടു.

പഴയ സെമിനാരിയുടെ പഠനച്ചിലവിനാണ് മെത്രാൻ കായലിൽ കൃഷിയിറക്കിയത്. പക്ഷേ സമീപകാലത്ത് ചിലർ രേഖപ്പെടുത്തിയതുപോലെ അവിടുത്തെ അദ്ധ്യാപകരോ വൈദീക വിദ്യാർത്ഥികളോ അതിനു കായികാദ്ധ്വാനമൊന്നും നടത്തിയിട്ടില്ല. കഠിനവും വൈദഗ്ദ്യം ആവശ്യമുള്ളതുമായ കട്ടകുത്തും ചക്രം ചവിട്ടി വെള്ളംവറ്റിക്കലും ഇതര കൃഷിപ്പണികളും നടത്തിയത് കുട്ടനാട്ടിലെ പരമ്പരാഗത കർഷകത്തൊഴിലാളികൾ - ഭൂരിഭാഗവും പുലയ സമുദായത്തിൽ പെട്ടവർ - ആയിരുന്നു. സെമിനാരി നേരിട്ട് ഒരിക്കലും മെത്രാൻ കായലിൽ കൃഷി ചെയ്തിരുന്നില്ല. അനേകർക്ക് പാട്ടവ്യവസ്ഥയിൽ ഭൂമി നൽകിയാണ് കൃഷി ഇറക്കിയിരുന്നത് എന്നതിനു രേഖകളുണ്ട്.

1909-ൽ മാർ ദീവന്നാസ്യോസ് അഞ്ചാമൻ കാലംചെയ്തതിനേത്തുർന്ന് പ. വട്ടശ്ശേരിൽ മാർ ഗീവർഗീസ് ദീവന്നാസ്യോസ് ആറാമനും 1934-ൽ അദ്ദേഹം കാലംചെയ്തതിനേത്തുർന്നു പ. ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കായുമായി മെത്രാൻ കായലിന്റെ *ജന്മി*. 1950-60-കളിൽ കേരള ഭൂപരിഷ്ക്കരണ നിയമം നടപ്പാക്കിയതിനെ തുടർന്ന് പഴയ സെമിനാരിയുടെ നെൽപാടങ്ങളിൽ ഭൂരിപക്ഷവും നഷ്ടപ്പെട്ടു. അവശേഷിച്ച അപൂർവം പാടങ്ങൾ, നെൽകൃഷി ദുഷ്ക്കരമാവുകയും ലാഭകരമല്ലാതാവുകയും ചെയ്ത സാഹചര്യത്തിൽ 1970-കളിൽ വിറ്റു. അതിനു ലഭിച്ച തുശ്ചവില കോട്ടയം എം. ഡി. കൊമേഴ്സ്യൽ സെന്ററിന്റെ പണിക്ക് ഉപയോഗിച്ചു. ഈ പാടശേഖരങ്ങളുടെ വരുമാനം *പടിത്തവീടിനു* അവകാശപ്പെട്ടത് ആയിരുന്നതിനാൽ എം. ഡി. കൊമേഴ്സ്യൽ സെന്ററിന്റെ വാടകയിൽ ഒരുഭാഗം പഴയസെമിനാരിക്കു നൽകിത്തുടങ്ങി. അതോടെ മലങ്കര മെത്രാനും സെമിനാരിയ്ക്കും മെത്രാൻ കായലുമായുള്ള ബന്ധവും അവസാനിച്ചു.

ഇന്ന് മെത്രാൻ കായലുമായി പടിത്തവീടിനും മലങ്കര മെത്രാനും ബന്ധമൊന്നുമില്ല. പക്ഷേ മെത്രാൻ കായൽ അതേ പേരിൽ നെല്പാടമായിത്തന്നെ എന്നും നിലനിൽക്കണം. അത് കുട്ടനാടൻ കാർഷിക സംസ്കൃതിയുടേയും ചരിത്രത്തിന്റെയും തിരുശേഷിപ്പാണ്. ഒപ്പം കൃഷിയിറക്കുന്ന നാലുമാസമൊഴികെ പ്രതിവർഷം എട്ടുമാസം വെള്ളത്തിലാണ്ടുകിടക്കുന്ന തണ്ണീർത്തടവും. ■

മാനേജർ

തഴക്കര തെയോഭവൻ അരമന മാനേജരായി നിയമിതനായ ഫാ. ജോയിക്കുട്ടി വർഗ്ഗീസ്. മാറനാട് മാർ ബർസൗമ ഓർത്തഡോക്സ് ഇടവകാംഗം.

50-ാം വിവാഹ വാർഷികം
11-04-2016

ജി. മത്തായി (ബേബി)
എലിയാമ്മ മാത്യു (കുഞ്ഞുമോൾ)

വല്യാനേത്ത്
മേലേടത്തു കിഴക്കേതിൽ
പിടവൂർ പി.ഒ., പത്തനാപുരം

ആശംസകളോടെ,
മക്കൾ, മരുമക്കൾ,
കൊച്ചുമക്കൾ

യു.കെ.- യൂറോപ്പ്, ആഫ്രിക്ക
അരമന ലണ്ടനിൽ കൂദാശ ചെയ്തു

ലണ്ടൻ: യുകെ, യൂറോപ്പ്, ആഫ്രിക്ക ഭദ്രാസന അരമന യുകെയിലെ സിൻഡനിൽ കൂദാശ ചെയ്തു. ഭദ്രാസന മെത്രാപ്പോലീത്താ ഡോ. മാത്യൂസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ മുഖ്യ കാർമ്മികത്വം വഹിച്ചു. ഭദ്രാസന മെത്രാപ്പോലീത്തായുടെ അരമനയായ മലങ്കര ഹൗസിൽ ഭദ്രാസനത്തിന്റെ കേന്ദ്ര ഓഫീസും കോൺഫറൻസ് ഹാളും ക്രമീകരിച്ചിട്ടുണ്ട്.

യൂറോപ്പിൽ ലണ്ടനിൽ ഒരു പള്ളി മാത്രമായിരുന്നു സഭയ്ക്ക് ഉണ്ടായിരുന്നത്. എന്നാൽ രണ്ടായിരത്തിലെ കുടിയേറ്റത്തിനുശേഷം യുകെയിൽ ലണ്ടൻ, ബ്രിസ്റ്റൾ, ലണ്ടൻ നോർത്ത്, മാഞ്ചസ്റ്റർ, കേംബ്രിഡ്ജ്, നോർത്ത് വെയിൽസ് എന്നിവടങ്ങളിൽ സ്വന്തമായി പള്ളി വാങ്ങി.

യുകെയിലെ 25 കോൺഗ്രിഗേഷൻ ഉൾപ്പെടെ യൂറോപ്പിൽ മുപ്പത്തിയഞ്ച് കോൺഗ്രിഗേഷനുകൾ ഉണ്ട്. ഇരുപത് വൈദികരും രണ്ടായിരത്തോളം കുടുംബാംഗങ്ങളും ഉള്ള ഭദ്രാസനത്തിലെ കൂടുതൽ സഭാംഗങ്ങളും യുകെയിലാണ്.

സൺഡേസ്ക്കൂൾ പ്രതിഭ

സൺഡേസ്ക്കൂൾ പ്രതിഭ അഭിഷേക് തോമസ്. പട്ടാഴി, പന്തപ്ലാവ് സെന്റ് മേരീസ് ഇടവകാംഗവും കുണ്ടറ സെന്റ് തോമസ് വലിയ പള്ളി സൺഡേസ്ക്കൂൾ വിദ്യാർത്ഥിയുമാണ്. കുണ്ടറ വലിയ പള്ളി വികാരി ഫാ. വി. തോമസ് പട്ടാഴിയുടെയും സുജാ ജോണിന്റെയും മകൻ.

സൺഡേസ്ക്കൂൾ വിജ്ഞാനി

സൺഡേസ്ക്കൂൾ വിജ്ഞാനി ജോ ഐ. ജോർജ്. കുണ്ടറ സെന്റ് തോമസ് വലിയ പള്ളി സൺഡസേക്കൂൾ വിദ്യാർത്ഥി. കുണ്ടറ എം.ജി.ഡി. ഹൈസ്ക്കൂൾ അദ്ധ്യാപകരായ പനവിള വീട്ടിൽ ഇട്ടി ജോർജിന്റെയും ഷീജ കെ. ഫിലിപ്പിന്റെയും മകൻ.

St. Mary's Orthodox Church
Ghala, Muscat

(A Parish under Ahmedabad Diocese of The Malankara Orthodox Syrian Church)

അനുമോദനങ്ങൾ

ഒന്നാം സ്ഥാനം

O.K.R. Sunday School
പത്താം ക്ലാസ് പരീക്ഷയിൽ, അഹമ്മദബാദ് ഭദ്രാസനത്തിലും മസ്ക്കറ്റ്-ഗാല സെന്റ് മേരീസ് ഓർത്തഡോക്സ് ഇടവകയിലും ഒന്നാം സ്ഥാനം കരസ്ഥമാക്കിയ മിസ്. ആൻ എൽസ്സാ മാത്യൂ.

മസ്ക്കറ്റ് ഗാല സെന്റ് മേരീസ് ഓർത്തഡോക്സ് ഇടവകാംഗം (ID: M014) ശ്രീ. എം. എം. മാത്യുവിന്റെയും ശ്രീമതി. അന്നമ്മ മാത്യൂന്റെയും മകളാണ് മിസ്. ആൻ എൽസ്സാ.

മർത്ത് മറിയം സമാജം

മർത്ത് മറിയം സമാജത്തിന്റെ കേന്ദ്ര വാർഷിക പരീക്ഷയിൽ ഇടവകയിൽ നിന്നും അഹമ്മദബാദ് ഭദ്രാസനത്തിൽ ജൂണിയർ വിഭാഗത്തിൽ ഒന്നാം സ്ഥാനം നേടിയ ശ്രീമതി ഷീനാ ജോർജ്ജ്.

മസ്ക്കറ്റ് ഗാല സെന്റ് മേരീസ് ഓർത്തഡോക്സ് ഇടവക വികാരി ബഹു. ജോർജ്ജ് വർഗ്ഗീസ് അച്ചന്റെ സഹധർമ്മണിയാണ് ഷീനാ കൊച്ചമ്മ.

മർത്ത് മറിയം സമാജത്തിന്റെ കേന്ദ്ര വാർഷിക പരീക്ഷയിൽ ഇടവകയിൽ രണ്ടാം സ്ഥാനവും അഹമ്മദബാദ് ഭദ്രാസനത്തിൽ ജൂണിയർ വിഭാഗത്തിൽ മൂന്നാം സ്ഥാനം നേടിയ ശ്രീമതി ജിബി ബിനോ.

മസ്ക്കറ്റ് ഗാല സെന്റ് മേരീസ് ഓർത്തഡോക്സ് ഇടവകാംഗം (ID: B009) ശ്രീ. ബിനോ ചാക്കോയുടെ ഭാര്യയാണ് ശ്രീമതി ജിബി ബിനോ.

BRIDE GROOM WANTED

Orthodox parents settled in Mumbai, seek alliance for their daughter, 28 yrs/163 cms, working as staff nurse at famous hospital in Mumbai, from employed and God-fearing boys.

Contact :
09619408403

BRIDE GROOM WANTED

Orthodox parents seeks alliance for their daughter 24/157, BSc MLT, working in St. Gregorios Hospital Parumala-invites proposals from parents of qualified employed boys.

Contact:
Mob. 8547200975, 0479-2362942

BRIDE GROOM WANTED

ഓർത്തഡോക്സ് യുവതി 26 വയസ്സ് 153 cm ഉയരം M.Sc നേഴ്സ്, ഓർത്തഡോക്സ്, മർത്തോമ്മ, യാക്കോബായ യുവാക്കളിൽ നിന്നും ആലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.

Contact:
MOB: 7034794921
0481-2341040

BRIDEGROOM WANTED

Orthodox parents invites proposals for their daughter 25/167 cms B.D.S, practicing; born and brought up outside Kerala, from parents of Orthodox boys, decons also prefered.

Contact:
Mob. 08332851961, 09989210854
M4ID - 4107985

BRIDE GROOMWANTED

Orthodox parents from an upper middle class family, Kottayam invites proposals for their daughter MBBS, (25 years, 158 cm) from parents of doctors (MD/MS) belonging to Orthodox/Jacobite families.

Contact:
Mob. 9496427139
M4ID - 4135500

BRIDE GROOM WANTED

Orthodox parents from Kottayam, settled in Trivandrum seeking God fearing, well educated, employed Syrian Christian boy (Orthodox/ Jacobite/ Marthoma/ CSI/ Catholic) for B. Tech. (IIT), Associate Consultant, 26/163, fair, girl. She is planning to do MBA in a reputed University in the US during 2016 – 2018 with Faculty Scholarship.

Contact : 9895034358/9446434358
matjol2004@yahoo.co.uk

BRIDE WANTED

Orthodox parents invite proposals for their son 29/BE, Employed in a MNC at Bangalore from parents of qualified girls.

Contact :
M4ID : 4010285
Mob. 9739941549

ST. MARY'S ORTHODOX CHURCH

ARINGADA, THALAVOOR-691514

ദേവാലയ നിർമ്മിതിയിൽ പങ്ക് ചേരുക..
സഹായിക്കുക... പ്രാർത്ഥിക്കുക
ഫാ. ഷാജി ഡാനിയേൽ വികാരി

Contact No. : +918547867707
Bank A/c No : 6356958942 (Indian Bank)
A/c Name : St. Mary's Orthodox Church, Aringada
Branch : Chengamanadu
IFSC Code : IDIB000C046

അഭ്യർത്ഥന

പ്രസിദ്ധീകരണ സ്ഥാപനം സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാൻ സുമനസുകളിൽ നിന്നും സഹായം പ്രതീക്ഷിക്കുന്നു.

ഫോൺ: 9496784060

For Favours Received

ഒരു വിശ്വാസി

മലങ്കരസഭ മാസിക

വായിക്കൂ...
വരിക്കാരാകൂ...

മലങ്കര ഓർത്തഡോക്സ് സഭയുടെ
ഔദ്യോഗിക പ്രസിദ്ധീകരണം
എല്ലാ മാസവും 10-ന് പ്രസിദ്ധീകരിക്കുന്നു.

അക്ഷര വെളിച്ചത്തിന്റെ
എഴുപതു വർഷങ്ങൾ

NEWS

ബാംഗ്ലൂർ: മികച്ച സാഹസിക പര്യവേക്ഷണ ഹ്രസ്വചിത്രത്തിനുള്ള ദേശീയ അവാർഡ് നേടിയ പുതുപ്പള്ളി ചക്കുംചിറ കുടുംബാംഗമായ ജേക്കബ് വർഗീസ്. *ഡബ്ലിംഗ് വിത്ത് ദയർ ഫ്യൂച്ചർ* എന്ന ചിത്രത്തിനാണ് ദേശീയ അവാർഡ്. സഹോദരനായ മാത്യു വർഗീസാണ് നിർമ്മാതാവ്.



ഇംഗ്ലീഷ്, ഹിന്ദി, കന്നട ഭാഷകളിലാണ് ചിത്രം. അമേരിക്കയിലെ ഓസ്റ്റിൻ നഗരത്തിലെ ചേരികളിൽ താമസിക്കുന്ന ഒരുകൂട്ടം ഫുട്ബോൾ പ്രേമികളായ കുട്ടികളുടെ കഥയാണ് ചിത്രത്തിലൂടെ പറയുന്നത്. കുട്ടികളുടെ കഠിനാദ്ധ്വാനം കൊണ്ട് എല്ലാ തടസ്സങ്ങളും തരണം ചെയ്ത് കപ്പുമായി വരുന്ന സാഹസിക യാത്രയാണ് കഥ. നാല് സിനിമകൾ സംവിധാനം ചെയ്തിട്ടുണ്ട്. 2010 ലെ 'അന്ത്യം' എന്ന ചിത്രത്തിന് മകച്ച നവാഗത സംവിധായകനുള്ള ദേശീയ അവാർഡ് കിട്ടി. കർണാടക സർക്കാരിന്റെ നിരവധി പുരസ്ക്കാരങ്ങൾ ലഭിച്ചിട്ടുണ്ട്.

സുവിശേഷ പരിശീലന ക്ലാസ്സ്

എല്ലാ വർഷവും മദ്ധ്യവേനൽ അവധിക്കാലത്ത് മാവേലിക്കര സെന്റ് പോൾസ് മിഷൻ സെന്ററിൽ നടത്തിവരുന്ന ബൈബിൾ ക്ലാസ്സിന്റെ 62-ാമത് സമ്മേളനം 2016 ഏപ്രിൽ 18 മുതൽ 30 വരെ നടത്തും.

സഭയിലെ പ്രഗത്ഭരായ വേദശാസ്ത്രപണ്ഡിതർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകും. വിശുദ്ധ വേദപുസ്തകം, സഭാവിശ്വാസങ്ങൾ, വിശുദ്ധ കൂദാശകൾ, ആനുകാലിക വിഷയങ്ങൾ, സഭാ സാക്ഷ്യം, ആദ്ധ്യാത്മിക ദർശനങ്ങൾ, കൗൺസിലിംഗ്, പ്രസംഗ പരിശീലനം തുടങ്ങി വിവിധ വിഷയങ്ങൾ പഠിപ്പിക്കും. ഈ ക്ലാസ്സുകളിൽ സംബന്ധിച്ച് പഠിക്കുന്നതിനും ആദ്ധ്യാത്മിക ദർശനവും വേദപുസ്തക പരിജ്ഞാനവും സാക്ഷ്യജീവിതവും ആഗ്രഹിക്കുന്നവരായ യുവതീയുവാക്കളെ മിഷൻ സെന്ററിലേക്ക് സ്വാഗതം ചെയ്യുന്നു. ആദ്യം രജിസ്റ്റർ ചെയ്യുന്ന 80 പേർക്കു മാത്രമേ പ്രവേശനം ഉണ്ടാവുകയുള്ളു. രജിസ്റ്റർ ചെയ്യാൻ ആഗ്രഹിക്കുന്നവർ **പ്രിൻസിപ്പാൾ, സെന്റ് പോൾസ് മിഷൻ ട്രെയിനിംഗ് സെന്റർ, മാവേലിക്കര-3** എന്ന വിലാസത്തിൽ വിവരം അറിയിക്കേണ്ടതാണ്.

അന്വേഷണങ്ങൾക്ക് : 0479 - 2302473, 9496343594

പള്ളികൾ മനോഹരമാക്കൂ

Vinyle, Carpet tyle, Synthetic carpets, Belgium Centre Carpets എന്നിവ ഉപയോഗിച്ച് ഞങ്ങൾ നേരിട്ടെത്തി വർക്കുകൾ ഏറ്റെടുത്ത് ചെയ്യുന്നു. വിവിധതരം ഇംപോർട്ടഡ് ഡോർമാറ്റുകളുടെ വിപുലമായ ശേഖരം!

പള്ളികളിൽ, വീടുകളിൽ, ഓഫീസ് അകത്തളങ്ങൾ...
എവിടെയും, നിങ്ങളുടെ വർക്കുകൾ, ചെറുതോ വലുതോ ആകട്ടെ, ഷോറൂം സന്ദർശിക്കൂ...

ഫോൺ: 0481-2571126, 2574183
0484-3292390 മൊബൈൽ: 9447259003

എം.എ. കയർ ഹൗസ്
ജീ-മാർട്ടിനു സമീപം
കഞ്ഞിക്കുഴി, കോട്ടയം



MRS. ANNAMMA ABRAHAM

(PENNAMMA)

Wife of Mr. M.P. Abraham 26/F2, Model Town Mulund (West) Mumbai-400080. (Thegumthottathil Palapurathu Ayroor, Pathanamthitta:) has left us to the heavenly abode on 7th Feb. 2016. Fueneral service was conducted at her Son's residence at lake view superior, Powai on 11th Feb 2016 At 11.00 am and St. George Orthodox Church Mulund (W) at 2.00 pm & Thereafter left for seweri cemetery at 4.30 pm for funeral.

M.P. Abraham (Pappachan)

Fondly Remembered by

M.P. Abraham (Pappachan) Husband
Saji & Sony (Son's)
Dr. Suji Abraham (Daughter)
Dr. Suresh (Son in low)
Dr. Rani Philip (Daughter in low)
Joel, Anisha & Susan (Grand Children)

Mr. M.P. Abraham is very active & Founder member of Mulund St. George Orthodox Church Mumbai.

He was council Member of Bombay Diocesan Council from 1985 to 2005 and managing committee Member of Malankara Orthodox from 1992 to 2002. (Two Terms)

He is Founder Member and Managing Committee Member of Gregorian Community a Charity organization of Bombay Diocesan Founded by his grace late Philipose Mar Theophilos and H.G. Geevarghese Mar Coorilos. H.G. Geevarghese Mar Coorilos is the president of the organization and very actively functioning Charity activities.



വേദബോധനം

ഫാ. മാത്യു വർഗീസ് കുളങ്ങാട്ടിൽ, കുന്നംകുളം

Breaking The Word

2016 മെയ് 8
ക്യംതായ്ക്കു ശേഷം അഞ്ചാം ഞായർ
യോഹ. 17:13 – 26

പ്രാർത്ഥന സ്വാർത്ഥതകളുടെ മന്ത്രണങ്ങളാകുന്ന ഒരു കാലമാണിത്. *ചിലർ ആഗ്രഹങ്ങളെയും ആവശ്യങ്ങളെയും മുദ്രാവാക്യങ്ങളാക്കുമ്പോൾ, മറ്റ് ചിലർ മുദ്രാവാക്യങ്ങളെ പ്രാർത്ഥനകളാക്കിയിരുന്നു. ആദ്യത്തേത് രാഷ്ട്രീയകാരുടെയും രണ്ടാമത്തേത് പൗരസ്ത്യ ആരാധനാജീവിതത്തിന്റെയും പ്രത്യേകതകളാണ്. 'പ്രാർത്ഥനയെ ഒരു പാരഷൂട്ടിനോട് ഉപമിക്കാം. അതു നന്നായി പ്രവർത്തിക്കാൻ ആദ്യമായി തുറക്കേണ്ടിയിരിക്കുന്നുവെന്ന്'* ഒരാളുടെ കുറിവാക്യമുണ്ട്. പ്രാർത്ഥന ഒരു ഉണർവ്വാണ്. സഹോദരനിലേക്കും, സമൂഹത്തിലേക്കും, കാലത്തിലേക്കുമുള്ള ഒരു തുറവിയാണത്. യേശു തമ്പുരാന്റെ മഹാപുരോഹിത പ്രാർത്ഥന തന്റെ മഹത്വത്തിന്റെയും താഴ്മയുടെയുമെല്ലാം തീവ്രനിമിഷങ്ങളായിരുന്നു. ഈ പ്രാർത്ഥന യുടെ ആന്തരീക ധ്വനികളായ് ഏതാനും ചിന്തകൾ കുറിക്കട്ടെ.

1. ആന്തരീക ഐക്യത്തിലധിഷ്ഠിതമായ സഭ.

വി.യോഹന്നാന്റെ സുവിശേഷത്തിലെ സഭാവിജ്ഞാനീയം തികച്ചും സവിശേഷതയുള്ളതാണ്.അദ്ദേഹത്തിന്റെ ആഖ്യാനങ്ങളിലെങ്ങും ദൈവജനമെന്നോ, മിശിഹായുടെ ശരീരമെന്നോ ഉള്ള വിശേഷണങ്ങളൊന്നും നാം കാണുകയില്ല. എന്നാൽ സഭയുടെ *ആന്തരീക കൂട്ടായ്മയെന്ന* സന്ദേശം അത് ആത്മാവിൽ വഹിക്കുന്നു. *നാം ഒന്നായിരിക്കുന്നത് പോലെ അവരും ഒന്നാകേണ്ടതിന് ഞാൻ അവരിലും നീ എന്നിലുമായി ഐക്യത്തിൽ തികഞ്ഞവരായിരിക്കേണ്ടതിന് തന്നേ.* (യോഹ 17.18) എന്ന് കർത്താവ് പ്രാർത്ഥിക്കുന്നു. മറ്റൊരു ക്രിസ്തീയ എഴുത്തുകാരൻ കുറിച്ചത് ഇങ്ങിനെ, *"ഒരു സെമിത്തേരിയിലെ കല്ലറകളെല്ലാം ഏകശിലാത്മക രീതിയിലായിരിക്കുന്നത് പോലെ അല്ല മാനവസമൂഹം. മനുഷ്യരുടെ ജീവിതങ്ങൾ വൈവിധ്യാത്മകവും, ഐക്യം ആന്തരീകവുമായിരിക്കണം." ക്രിസ്തുവിന് സഭയോടുള്ള ബന്ധം ഈ ഐക്യത്തിന് മാതൃകയാണ്. എല്ലാറ്റിനെയും ഒന്നാക്കി തീർക്കുന്ന സ്നേഹത്തിന്റെ പൂർണ്ണതയായ വി.ത്രിത്വദർശനവും ഈ സുവിശേഷത്തിന്റെ സൗന്ദര്യം തന്നെയാണ്.*

സഭാസമൂഹത്തെ ചെറു ദ്വീപുകളായി അടർത്തി മാറ്റുന്നവർ നിരവധിയാണ്. വലിയ പള്ളികളോ,പ്രസ്ഥാനങ്ങളോ ചിലപ്പോൾ ഭദ്രാസനങ്ങളോ ഒക്കെ *ഓരോ സഭകളെ പോലെ* പ്രവർത്തിക്കുന്ന രീതി സഭയുടെ ആന്തരീക ഐക്യത്തെ തകർക്കുന്നതാണ്. നാം മലങ്കരസഭയുടെയും, അത് കർത്താവിന്റെ ശരീരമായ സഭയുടെയും ഭാഗമാണ് എന്ന അടിസ്ഥാനപരമായ കാഴ്ച്ചപ്പാടാണ് ഉചിതം. സഭയുടെ യൂണിറ്റുകളായ ഓരോ ഇടവകയും ഒരേ സഭാദർശനത്തിലേക്ക് നയിക്കുന്ന പശ്ചാത്തലങ്ങൾ ക്രമീകരിക്കപ്പെടണം. സഭാസ്നേഹത്തെ മണ്ണിന്റെയും വംശീയതയുടെയും പേരിൽ ദുരുപയോഗപെടുത്തുന്ന പ്രവണതകൾക്കെതിരെ ജാഗരൂകത കാണിക്കുവാനും നമുക്ക് ഉത്തരവാദിത്തമുണ്ട്.

2. അനുഗാമികളിലധിഷ്ഠിതമായ സഭാദർശനം

ധനതത്വ ശാസ്ത്ര-മാനേജ്മെന്റ് വിദ്യാർത്ഥികൾ പഠിക്കുന്ന ഒരു തത്വമാണ് അനുയായികളിലധിഷ്ഠിതമായ പ്രവർത്തന തത്വം (The Law of inner Circle). സഭയെ താൻ പ്രധാനമായി കണ്ടതിനാൽ അവൾക്കായി ആത്മബലിയനുഷ്ഠാനത്തിന് താൻ വന്നു. ഒരു സംരഭകനോ,സ്ഥാപനമോ അവരുടെ അംഗങ്ങളിൽ, അധിഷ്ഠിതമായി ആണ് നിലനിൽക്കുന്നത്. സഭാമക്കളെ പ്രധാനമായി കാണുന്ന *കർത്താവിന്റെ പ്രാർത്ഥന* സഭയുടെ പ്രധാന നിലപാടായി തീരണം.തന്റെ ശിഷ്യർക്ക് വേണ്ടിയും അവരിലൂടെ ഈ പുതിയ സമൂഹത്തിലേക്ക് വന്നവർക്കും, വരുവാനിരിക്കുന്നവർക്ക് വേണ്ടിയും അവൻ പ്രാർത്ഥിക്കുന്നു.

പാവപ്പെട്ടവരും ആലംബഹീനരുമായ ഒരു കൂട്ടമാണ് സഭ എന്നത് കർത്താവിന്റെ പ്രാർത്ഥന സൂചിപ്പിക്കുന്നുണ്ട്.കാരണം ദുഷ്ടന്റെ സമ്പന്നതയുടെ കൈകൾ അവരെ ഞെരുക്കാതിരിക്കണം എന്ന് കർത്താവ് ആഗ്രഹിക്കുന്നു(വി.യോഹ17.15) കർത്താവിന്റേത് എന്ന് അവകാശപ്പെടുന്ന സഭാസമൂഹങ്ങൾ പലപ്പോഴും സിംഹാസനങ്ങൾ ഒരുക്കിവെച്ചിരിക്കുന്നത് മത,രാഷ്ട്രീയ നേതാക്കളായി വിചാരിക്കപ്പെടുന്ന ചില *സമ്പന്നർക്കായിട്ടാണ്.* ഈ സമ്പന്നർ ഒരു ന്യൂനപക്ഷമാണ് എന്ന് ഓർക്കുക. സഭാശുശ്രൂഷകരും പാവം സഭാമക്കളും അരികുകളിലേക്ക് ആട്ടിയോടിക്കപ്പെടുന്നു! കർത്താവ് തന്റെ ശിഷ്യർക്ക് വേണ്ടി പ്രാർത്ഥിക്കുന്നവയിൽ ശ്രദ്ധേയമായിരിക്കുന്ന ചില കാര്യങ്ങൾ നാം പരിഗണിക്കേണ്ടതാണ്. ഒരർത്ഥത്തിൽ അത് സഭയ്ക്ക് വേണ്ടിയുള്ള പ്രാർത്ഥനയാണ്. ഇതിൽ താഴെ പറയുന്ന കാര്യങ്ങൾ അധാർമ്മീകമായി ധനാധ്യപത്യത്തിന് ഓശാനപാടുന്നവർക്ക് ബാധകമാണ്.

A) **ലൗകീകരല്ലാത്ത സഭ:** ശിഷ്യന്മാർ(സഭ) ഈ മണ്ണിന്റെ ഭാഗമായിട്ടല്ല, വിണ്ണവരോട് സമ്മേളിക്കുന്ന സ്വർഗ്ഗീയരായി തീരണം എന്ന ഉൾകാഴ്ച്ചയാണ് കർത്താവിന്റേത്.ആത്മീക-ലൗകീക തലങ്ങൾ അവരെ ബോധിപ്പിച്ച ശേഷമായിരുന്നു ഈ പ്രാർത്ഥന കഴിച്ചത്. ലോകത്തെ

സ്വന്തമാക്കിയ യൂദായെയും ധനം ദാനം ചെയ്ത് സ്വർഗ്ഗത്തിൽ കൊട്ടാരം പണിത തോമ്മാശ്ലീഹായും വ്യത്യാസപ്പെടുത്തുന്നത് അതാണ്. ധനം ആത്യന്തികമായി കാണുന്നവർക്ക് കർത്താവിന്റെ ഈ പ്രാർത്ഥന ഒരു വെല്ലുവിളിയായിരിക്കും.

B)സത്യത്താൽ ശുദ്ധീകൃതയായ സഭ: ലോകത്തിന്റെ പൊരുളായ പരനാണ് കർത്താവ്. അവൻ പരമസത്യവുമാണ്. 'എന്നാൽ എന്താണ് സത്യമെന്ന് ചോദിക്കുന്ന പീലാത്തോസ്' മൗനത്തിന്റെ ലാവണ്യമായ കർത്താവിനെ അറിഞ്ഞില്ല. എമ്മാവൂസ് യാത്രയിൽ കർത്താവ് അപ്പം നുറുക്കി കൊടുക്കുമ്പോൾ ശിഷ്യന്മാർ കണ്ണുതുറക്കുന്നത് ഈ സത്യത്തിൽ വിശുദ്ധീകരിക്കപ്പെടുന്നതിനാലാണ്. അങ്ങിനെയെങ്കിൽ കാപട്യം കൈമുതലാക്കുന്ന സമൂഹങ്ങളായി നാം ആയി തീരാമോ? സത്യത്തിന്റെ തലയായവന്റെ ഏകമദ്ധ്യസ്ഥതയിൽ വിശുദ്ധീകരിക്കപ്പെട്ടവരായിരിക്കട്ടെയെന്ന് നമുക്കും പ്രാർത്ഥിക്കാം.

C) കാത്തുകൊള്ളപ്പെടുന്ന സഭ: ദുഷ്ടനിൽ നിന്ന് ശിഷ്യസമൂഹത്തെ കാത്തുകൊള്ളണം എന്ന് കർത്താവ് പ്രാർത്ഥിച്ചു. നമുക്കുള്ള ഏകമദ്ധ്യസ്ഥനെ ആണ് നാമിവിടെ കാണുന്നത്. മുദ്രാവാക്യങ്ങളെ പ്രാർത്ഥനകളാക്കുന്ന സഭ ദുഷ്ടശക്തിക്കെതിരെ പോരാട്ടത്തിന്റെ പ്രതിരോധം തീർക്കണം.മറ്റ് വിശുദ്ധ സമൂഹത്തിന്റെ പ്രാർത്ഥനകളോട് ചേർന്ന് ആത്മീയ ജീവിതം വഴിയാണത് സാധിക്കുക.

D) ശ്ലൈഹീകമായ സഭ: അപ്പോസ്തോലിക സമൂഹത്തിൽ കേന്ദ്രീകൃതമായ ഒരു സഭാഗാത്രം ആണ് മഹാപുരോഹിത പ്രാർത്ഥനയിൽ പ്രകാശിതമാവുക. എപ്പോഴും വ്യക്തിഗതമായ താൽപ്പര്യങ്ങൾ പുലർത്തുന്ന ഒരു ന്യൂനപക്ഷം നമുക്കിടയിലുണ്ട്. അധ്യക്ഷസ്ഥാനവും,ഭണ്ഡാര കർത്തൃത്വവും മാത്രം കൈമുതലായ അവർ ശ്ലൈഹികപാരമ്പര്യത്തെ അട്ടിമറിക്കുന്നവരാണ് എന്ന് തിരിച്ചറിയിക.

3. പ്രാർത്ഥനയെന്നാൽ കരുതലാണ്...

നമ്മുടെ പ്രാർത്ഥനകൾ നമ്മുടെ ചുറ്റുവട്ടത്തിന്റെ ഇടുങ്ങിയ ആകാശത്തെ ചൂഴ്ന്ന് നിൽക്കുന്നവയാണ്. യേശുവിന്റെ പ്രാർത്ഥനകളിൽ കാലം കടലിനെക്കാൾ ആന്തരീകതയുള്ളതയി മാറുന്നുണ്ട്. പ്രാർത്ഥനയുടെ അർത്ഥം *കരുതൽ* എന്ന് കൂടിയാണ് എന്ന് ഇത് പഠിപ്പിക്കുന്നു.യൗസേഫ് ദാരിദ്ര്യത്തിന്റെ സംവത്സരങ്ങൾക്കായി ധാന്യം കരുതിവച്ചത് പോലെയാണത്. അവിടുന്ന് വരും തലമുറകൾക്ക് വേണ്ടി പ്രാർത്ഥിക്കുന്നതിങ്ങനെ 'അവർക്ക് വേണ്ടി മാത്രമല്ല, അവരുടെ വചനംമൂലം എന്നിൽ വിശ്വസിക്കുന്നവർക്ക് വേണ്ടി കൂടിയാണ് ഞാൻ പ്രാർത്ഥിക്കുന്നത്' *(യോഹ 17.20) എന്ന* വാക്കുകൾ എത്ര അഗാധമാണ്.

'അമ്മയുടെ ഉദരത്തിൽ ഉരുവാകും മുമ്പേ നമ്മെ അറിയുന്നവന്' (യിരമ്യ 1.4) നാളെ ജനിക്കാനിരിക്കുന്ന സമൂഹത്തെ തന്റെ പ്രാർത്ഥനയിൽ കണ്ണിചേർക്കാതിരിക്കാനാവുമോ? അതിനാൽ പ്രാർത്ഥനയെന്നത് നാളെയ്ക്കായുള്ള *കരുതലാണ്* എന്ന് പറയാം. "ഇനി വരുന്നൊരു തലമുറയ്ക്കിവിടെ വാസം സാധ്യമോ" എന്ന കെ.ജെ.ബേബി തന്റെ കവിതയിൽ ചോദിച്ചിരുന്നു. ഇനി വരുന്ന തലമുറകൾക്കായി പ്രാർത്ഥന നാളെക്കായുള്ള കരുതലാണ് എന്നർത്ഥം.

2016 മെയ് 15

പെന്തിക്കോസ്തി ഞായർ

വി: യോഹ. 15 : 1-14

പെന്തികോസ്തിയുടെ ഈ സുവിശേഷ ഭാഗത്ത്, കർഷക സംസ്ക്കാരത്തിന്റെ തനിമയിലാണ് കർത്താവ് കാലാതീതമായ സ്നേഹത്തെ കുറിച്ച് സംസാരിക്കുന്നത്. ഇസ്രായേലിന്റെ അടയാളമായി മക്കാബ്യരുടെ കാലത്ത് തയ്യാറാക്കിയ നാണയങ്ങളിൽ മുന്തിരിവള്ളിയുടെ രൂപമുണ്ടായിരുന്നു. അത് ഇസ്രായേലിന്റെ അടയാളം തന്നെയായിരുന്നു. പ്രവാചകന്മാരുടെ വാക്കുകളിൽ മുന്തിരിയുടെ മുദ്ര പതിഞ്ഞത് പഴയനിയമത്തിൽ കാണാം.(ഏശയ്യ 5.1 -7),യിരമ്യ 2.21,യെഹസ് 15,19,10 ഹോശ 10.1)

നീസാൻ മാസം പതിനാറിന് ശേഷമുള്ള അമ്പത് ദിനങ്ങളിലാണ് പെന്തികോസ്തിപെരുന്നാൾ ആചരിക്കുക. ഒരു കൊയ്ത്തുകാല ആഘോഷമായിട്ടാണ് ഇത് തുടങ്ങിയത്. പുതിയ ധാന്യം കൊണ്ട് യഹോവയ്ക്ക് യാഗം അർപ്പിക്കുന്നതും,രണ്ട് ശതമാനം വരുമാനം യഹോവയ്ക്ക് സമർപ്പിക്കുന്നതും ഇതിന്റെ ഭാഗമായിരുന്നു.(ലേവ്യ 23:16)

1. കൃപയിൽ ഉയിരെടുത്ത മുന്തിരിവള്ളി

'ഞാൻ സാക്ഷാൽ മുന്തിരി തണ്ടും ,നിങ്ങൾ ശാഖകളുമാകുന്നു' എന്ന കർത്താവിന്റെ വാക്കുകളിൽ മർമ്മങ്ങളുടെ മുഴക്കമുണ്ട്. 80-ാം സങ്കീർത്തനം എട്ടാം വാക്യം പറയുന്നത് 'നീ മിസ്രയിമിൽ നിന്ന് ഒരു മുന്തരിവള്ളി കൊണ്ടുവന്നു' എന്നാണല്ലോ. ഇസ്രായേൽ ദൈവത്തിന്റെ കരുണയിൽ ഉടലെടുത്ത സമൂഹമാണ്. ദൈവത്തിന്റെ കരുണയുടെ പ്രതീകമായിരുന്നു മോശ മുഖാന്തിരം ലഭിച്ച ന്യായപ്രമാണം. ഈ ന്യായപ്രമാണം ലഭിച്ചതിനാലാണല്ലോ പെസഹായുടെ അമ്പതാം ദിനം യഹൂദർ പെന്തികോസ്തിയായി ആചരിച്ചത്.

കർത്താവും ശിഷ്യന്മാരും തമ്മിലുള്ള ബന്ധമാണ് ഈ വേദഭാഗത്തിന്റെ ഒരു പ്രമേയം. ശിഷ്യന്മാരും ദൈവീക കരുണയുടെ പുതിയ കാലഘട്ടത്തിലേക്ക് പ്രവേശിച്ചവരാണ്. എന്തെന്നാൽ നിലനിൽപ്പിനാധരം തന്നെ ക്രിസതുവാണ്. മുന്തരിത്തോട്ടമാകുന്ന യിസ്രായേലിനെ കുറിച്ച് *സങ്കീർത്തനക്കാരന്റെ വിലാപം വഴി പോകുന്നവരൊക്കെയും അതിൽനിന്ന് പറിച്ച് തിന്നുവാൻ തക്കവണ്ണം നീ അതിന്റെ വേലികളെ പൊളിച്ച് കളഞ്ഞത് എന്ത്?*

നമ്മുടെ സംരക്ഷയുടെ വേലികൾ പൊളിഞ്ഞ് പോകാതിരിക്കാൻ ചില വിചാരങ്ങൾ അനിവാര്യമാണ്. 'ഞാൻ നിന്നെ വിശിഷ്ട മുന്തിരിയായി നട്ടിരിക്കെ നീ എനിക്ക് കാട്ടുമുന്തിരിവള്ളിയുടെ തൈയായി തീർന്നത് എങ്ങിനെ? എന്ന യിരമ്യാപ്രവാചകന്റെ ചോദ്യം ശ്രദ്ധിക്കുക. യിസ്രായേൽ മക്കൾ കാനാൻദേശം ഒറ്റുനോക്കുവാൻ പോകുമ്പോൾ അവർ അവിടെ നിന്ന് ഒരു മുന്തിരിവള്ളി കുലയോടെ പറിച്ചെടുത്ത് ഒരു തണ്ടിന്മേൽ വച്ച് രണ്ട് പേർ ചുമന്ന് കൊണ്ടാണ് പോരുന്നത്. അത്ര ഫലവത്തായ ദേശം സുരക്ഷിതത്വത്തിന്റെ വേലി പൊളിച്ച് ഒന്നും സ്വന്തമെന്ന് പറയുവാനില്ലാത്ത യിസ്രായേലിന് കൊടുത്ത കരുണാമയനെയാണ് നാം കാണുക. എന്നാൽ യിസ്രായേൽ ഫലരഹിതമാകുമ്പോൾ അവിടെ വേലി പൊളിഞ്ഞ് പോകുന്നു. കൃപയുടെ പരിചകൾ മാറി പോകാനിടയാകുന്ന സാഹചര്യങ്ങളെ വിലയിരുത്തുവാൻ നമുക്ക് സാധിക്കണം.

2. വളരുവാൻ വരൾച്ചയുടെ തലങ്ങളെ ഉപേക്ഷിക്കണം.

ഉണങ്ങിയതും, മുരടിച്ചതുമായ ശാഖകൾ മുറിച്ച് മാറ്റി അവിടെ പുതിയ ശാഖകൾ നാമ്പെടുക്കുവാൻ സഹായിക്കുന്ന ഒന്നാണ് വെട്ടിയൊരുക്കൽ. കർത്താവിന്റെ മരണത്തെ തുടർന്ന് ശിഷ്യസമൂഹം തള്ളി പറയിലിന്റെയും നിരാശയുടെയും ദിനങ്ങളിലായിരുന്നു. എന്നാൽ കർത്താവിന്റെ ഉയർപ്പ് അവരിലെ നിരാശകളെ ഉണക്കി ഇല്ലാതാക്കുകയും പെന്തികോസ്തിയിലെ പരിശുദ്ധാത്മദാനം അവരിൽ നവജീവന്റെ നാമ്പുകളെ മുളപ്പിക്കുകയും ചെയ്തു. ചില കഠിനമായ ജീവിതാനുഭവങ്ങൾ നമ്മുടെ വളർച്ചയക്ക് ഊർജ്ജം പകരുന്നത് പോലെയാണിത്. കേരളത്തിലെ കുടിയേറ്റ മേഖലകളിൽ *കവാത്ത്* എന്ന പേരിൽ ഇത് അറിയപ്പെടുന്നതാണ് ഈ വെട്ടിയൊരുക്കൽ. തേയില,കാപ്പി മുതലായവയെല്ലാം ഇങ്ങിനെ വെട്ടിയൊരുക്കാറുണ്ട്.സാധാരണഗതിയിൽ *ഡിസംബർ- ജനുവരി മാസങ്ങളിലാണ്* ഈ ചെത്തിമാറ്റൽ നടക്കുക.

പട്ടാളക്കാർ ഒരുപൊലെ ഉയർന്ന് അണിയണിയായി നിൽക്കുന്നതിനും *കവാത്ത്* എന്നാണ് പറയുക. 'സായിപ്പിനെ കാണുമ്പോൾ കവാത്ത് മറക്കുക' എന്ന പഴഞ്ചൊല്ല് ഇങ്ങിനെയുണ്ടയതാണ്. അധികഫലം കായ്ക്കുവാൻ ക്രിസ്തുവിനോട് ചേർന്ന് *ഉയർന്ന്, ഉണർന്ന്* നിൽക്കുന്ന അനുഭവം തന്നെയാണ് ഇന്നത്തെ പ്രധാന പ്രമേയം. നമ്മിലെ ജീർണ്ണതകൾ അടർത്തി മാറ്റപ്പെടുമ്പോൾ പുതുനാമ്പുകൾ പിറവിയെടുക്കുകയാണ്. അതുവഴി ഫലം കായ്ക്കാത്തവ സുശക്തമാകുന്നു. നാം പരിശുദ്ധാത്മഫലം പുറപ്പെടുവിക്കുന്നവരാകുവാൻ ഊഷരമായി പോകുന്ന ശിഖരങ്ങളെ ചെത്തിയൊരുക്കുന്ന അനുഭവമായി പെന്തികോസ്തിപെരുന്നാൾ മാറട്ടെ.

3. വിശ്വാസത്തിന്റെ ഫലസമർപ്പണകാലങ്ങൾ

'ഒരില' എന്ന കഥയോർമ്മയിൽ എത്തുന്നു. ഇപ്പോൾ ക്രിസ്തു ഒരിലയായി മാറുവാൻ മാർഗ്ഗം പകരുന്ന ഒരു കഥയാണിത്. ഒരു ചിത്രകാരൻ ആശുപത്രി വാർഡിലെ ഒരു രോഗിയുടെ മനസ്സ് അറിയുന്നുതാണ് പശ്ചാത്തലം. മുറിക്ക് പുറത്ത് നിൽക്കുന്ന മരത്തിന്റെ കൊമ്പുകളിൽ നിന്ന് ശിശിരകാലത്ത് ഇലകൾ പൊഴിഞ്ഞ് തുടങ്ങി. ഇത് കണ്ട രോഗി ജീവിതം പൊഴിഞ്ഞ് തുടങ്ങുന്നതായി ചിന്തിച്ച് തുടങ്ങുന്നു. നിരാശ മനസ്സിൽ പറ്റി പിടിക്കുന്ന ഒരു കാഴ്ച്ചയായിരുന്നു ഇത്. ഇലകളെല്ലാം പൊഴിഞ്ഞു . പക്ഷെ ഒരില മാത്രം അതിൽ പച്ചപിടിച്ച് നിന്നത് ആ രോഗി ശ്രദ്ധിച്ചിരുന്നു. *അത് പൊഴിഞ്ഞതേയില്ല.* കൂട്ടുകാരന്റെ മനസ്സിനെ ശക്തിപെടുത്താൻ ചിത്രകാരൻ വരച്ച് വെച്ച ഒരിലയായിരുന്നു അത്. ഇലകളെല്ലാം പൊഴിഞ്ഞിട്ടും ശേഷിച്ച ആ ഒറ്റ ഇല അയാളെ ശക്തിപ്പെടുത്തി. മരണത്തിന്റെ മണ്ണിൽ നിന്ന് ഉത്ഥാനം ചെയ്ത ഒരിലയാണല്ലോ ക്രിസ്തു. ആന്തരീകശക്തിയുടെ ഒരിലയായി അവനിൽ വസിക്കുമ്പോൾ നമ്മുടെ മനസ്സും ശക്തിപ്പെടുന്നു..

ക്രിസ്തുവാകുന്ന തായ് തണ്ടിന്മേൽ സ്ഥിതി ചെയ്യുക എന്നത് തന്നെ ജീവിതം. അവനിൽ നിന്ന് അടർന്ന് മാറുന്നത് അക്ഷാരാർത്ഥത്തിൽ മരണം തന്നെയാണ്. ഒരു ഇല പഴുത്ത് വീഴുന്നത് പോലെയാണത്. അതുകൊണ്ട് നാം ക്രിസ്തുവ്ൽ വസിക്കുമ്പോൾ അത് ഫലസമർപ്പണത്തിന്റെ നിയോഗകാലം കൂടിയാണ്.പെന്തികോസ്തി ക്രിസ്തുവാകുന്ന നിത്യജീവനിൽ ഉല്ലസിക്കുവാനുള്ള ക്ഷണമാകട്ടെ.

2016 *മെയ് 22*

പെന്തിക്കോസ്തിക്ക് ശേഷമുള്ള ഒന്നാം ഞായർ

വി: യോഹ. 6:26–35

വിശാക്കത്തവരുടെ നാട്ടിൽ അപ്പം കുപ്പയിലേക്കെറിയാനുള്ള ശേഷിപ്പുകളും,വിശക്കുന്നവരുടെ നാട്ടിൽ അപ്പം അൽപ്പനേരത്തേക്കുള്ള ജീവന്റെ കിനാവുമാണ് എന്ന് തോന്നിപ്പിക്കുന്ന ഒരു കാലമാണിത്. അയ്യായിരം ജനങ്ങളെ പോഷിപ്പിച്ച സംഭവത്തെ തുടർന്ന് കഫർന്നഹൂമിലെത്തിയ യേശുവിങ്കലേക്ക് അടുത്തു വരുന്ന ജനക്കൂട്ടത്തോട് കർത്താവ് സംസരിക്കുകയാണിവിടെ. അടയാളങ്ങൾ തേടുന്ന ജനത്തോടാണ് കർത്താവ് ഇടപെടുന്നത്. അടയാളങ്ങൾക്ക് മുമ്പും നഹൂമിന്റെ ഗ്രാമമെന്ന് വിളിപേരുള്ള ഈ സ്ഥലം സാക്ഷ്യം വഹിച്ചിട്ടുണ്ട്. പക്ഷവാതക്കാരനെ സൗഖ്യമാക്കിയതും ഇതേ ജനക്കൂട്ടത്തിന്(മർക്കോ2:1 -10)മദ്ധ്യേ ആയിരുന്നല്ലോ!

അത്യുന്നതൻ അപ്പമെന്ന് വിശേഷിപ്പിക്കപ്പെട്ടത് അവിടുന്ന് അതിജീവനത്തിനുള്ള അത്താണിയായതിനാൽ ഉചിതമായിരുന്നു. അപ്പം അതിജീവനത്തിന് ഊർജ്ജം പകരുന്നതാണല്ലോ. ചില കാര്യങ്ങളിൽ *നാം തുറക്കുവാനാകാത്ത ഒരു വാച്ചിന്റെ പുറമെ നിന്ന് അഭ്യൂഹം നടത്തുന്നവരാണ് എന്ന് ഐൻസ്റ്റീൻ* കുറിച്ചത് ഓർത്ത് പോകുന്നു. കാരണം- തങ്ങളുടെ വിശപ്പിന് അപ്പം നൽകുന്ന ഒരു മായജാലക്കാരന് ഉപരിയായൊന്നും അവർ യേശുവിന്റെ അടയാളത്തിൽ കണ്ടിരുന്നില്ല. അതുകൊണ്ട് തന്നെ 'ഈ ലോകത്തോട് ആണിയാൽ തറയ്ക്കപ്പെട്ടത് പോലെയുള്ള മനുഷ്യ ജീവിതത്തോട്' യേശുവിന്റെ പ്രതികരണമായിട്ടാണ് *സ്വർണ്ണനാവുകാരനായ ഈവാനിയോസ്* ഈ ഭാഗത്തെ വ്യാഖ്യനിക്കുന്നത്.

1. ഭക്തിയെന്ന വിശപ്പും ക്രിസ്തുവെന്ന അപ്പവും

സുഗതകുമാരി ടീച്ചറുടെ 'കൃഷ്ണാ നീയെന്നെ അറിയില്ലാ' എന്നൊരു കവിതയോർമ്മയിലുണ്ട്.എപ്പോഴും കൃഷ്ണന് ചുറ്റും കൂടുന്ന ഗോപികമാർക്കിടയിൽ ഒന്നും ഇല്ലാതിരുന്ന ഒരുവളുടെ ഹൃദയവിചാരങ്ങളാണ് ആ കവിത. എപ്പോഴും കൂടുന്നവർക്കിടയിലോ,കൊച്ചുവർത്തമാനം പറയുന്നവർക്കിടയിലോ ഒന്നും അവൾ ഉണ്ടായിരുന്നില്ല. എന്നാൽ കണ്ണനോട് അവൾക്കുണ്ടായിരുന്ന ഭക്തി വളരെ തീക്ഷണമായിരുന്നു താനും. ആ മണ്ണിൽ നിന്ന് കൃഷ്ണൻ യാത്രയാകുമ്പോൾ അവളുടെ ഭക്തി അറിഞ്ഞ് അവളുടെ വീടിന് മുമ്പിൽ ഒരുമാത്ര തന്റെ രഥം നിർത്തി, അനുഗ്രഹം ചൊരിയുന്ന കടാക്ഷം സമ്മാനിച്ച് പോകുമ്പോൾ കൃഷ്ണൻ തന്നെ അറിഞ്ഞിരുന്നുവെന്ന് അവൾ തിരിച്ചറിയുന്നു.

ആത്മീയമായ ഒരു സൂചികയാണ് ഈ കവിത. ക്രിസ്തുവിന് ചുറ്റും കൂടി നിൽക്കുന്നവരെ ക്രിസ്തു അറിഞ്ഞിരുന്നു. ഭക്തികൊണ്ടല്ല, വ്യക്തിപരമായ നേട്ടങ്ങളുടെ അപ്പം സ്വന്തമാക്കുവാനാണ് ആളുകൾ ചുറ്റും കൂടുന്നത് എന്നുള്ള ബോധ്യത്തോടെ തന്നെ. ഭക്തിജീവിതങ്ങളിൽ

ST. MARY'S EMBROIDERY

Palace Road, Changanacherry-686101, Kerala

Prop: SAJU CHACKO

✆ 0481-2425444,
Res. 2724224, 2727788
(Mob.) 9447136388



കാപ്പ, വിരിക്കൂട്ട്, ചിത്തോല, തിരശീല, മുതലായവ ഓർഡർ അനുസരിച്ചും റെഡി മെയ്ഡും ലഭ്യമാണ്.

വിദേശ തുണിയിൽ തയ്ച്ച കാപ്പ എല്ലാ കളറിലും റെഡി മെയ്ഡ് ലഭ്യമാണ്.

ഇന്ത്യയിൽ ഏതുഭാഗത്തും ഓർഡർ അനുസരിച്ച് ഞങ്ങൾ സാധനങ്ങൾ എത്തിച്ചു തരുന്നു

ആഹാരത്തിനായുള്ള അന്വേഷണം ഉണ്ട്. ക്രിസ്തു സ്വർഗ്ഗത്തിൽ നിന്നിറങ്ങിയ അപ്പമാണല്ലോ.

കർത്തൃപ്രാർത്ഥന ചൊല്ലുമ്പോൾ വരുത്തുന്ന ഒരു തെറ്റ് *പരി.ദീദിമോസ് പ്രഥമൻ ബാവ* ചൂണ്ടികാണിച്ചത് ഓർമ്മ വരുന്നു. ആവശ്യമുള്ള *ആഹാരം* ഞങ്ങൾക്ക് തരണമേ എന്ന് പ്രാർത്ഥിക്കുന്നവരുണ്ട്. എന്നാൽ *സ്വർഗ്ഗത്തിലെ അപ്പം* എന്ന വിശേഷണമാണത് എന്ന് നാം മറക്കുന്നു. നമ്മുടെ അധ്വാനവും പ്രാർത്ഥനയും അപ്പത്തിന് വേണ്ടി അഥവ സംതൃപ്തിക്ക് വേണ്ടിയുള്ളതാണ്. എന്നാൽ താൽക്കാലിക തൃപ്തി പകരുന്നവക്കായല്ല, മനുഷ്യപുത്രൻ പ്രദാനം ചെയ്യുന്ന നിത്യജീവന്റെ സന്തോഷത്തിനായി പ്രാർത്ഥിക്കുകയും പ്രവൃത്തിക്കുകയും ചെയ്യാം. സിദ്ധന്മാരുടെ കാൽപാടുകൾ അങ്ങിനെയാണ് നമ്മെ ഓർമ്മിപ്പിക്കുന്നത്. *നമ്മിലെ ഭക്തിയാകുന്ന വിശപ്പ് ക്രിസ്തുവാകുന്ന അപ്പം അർഹിക്കുന്നുണ്ടോ? എന്ന തീവ്രമായ ഒരു ചോദ്യം കൂടി നമ്മോട് ഒന്ന് ചോദിച്ചു നോക്കൂ...*

2. വിവേചനമില്ലാത്ത ഭക്തി

മോശയും മോശയുടെ ദൈവവും വേർതിരിച്ചറിയാതെ പോയ ആളുകൾക്ക് മുമ്പിൽ ക്രിസ്തു സങ്കടപ്പെട്ടിരിക്കണം. ഇത് സമകാലികതയുടെ ദുരന്തം കൂടിയാണ്. മോശ ദൈവീകനും മോശയുടെ ദൈവം ചരിത്രത്തിന്റെ ദൈവവുമാണ്. മരുഭൂമിയിൽ നടത്തിയത് മോശയാണ് എന്നയഹൂദ കാഴ്ച്ചപ്പാട് കാപട്യമാണ് എന്നർത്ഥം. കഫർന്നഹൂം വിവേചനരാഹിത്യത്തിന്റെ ഇടമാണ്. മുമ്പ് യേശുവിന്റെ അടുക്കലേക്ക് ആരെയും കടത്തിവിടാതിരിക്ക തക്കവിധത്തിൽ കൂടി നിന്ന ഒരു(വി.മാർക്കോ 2) സമൂഹമാണത്. ഈ വിവേചനരാഹിത്യമാണ് യേശു വിമർശവിധേയമാക്കുന്നത്.

ചരിത്രത്തിലെ ദൈവീകവ്യക്തികളെ നാം ആദരിക്കുറുണ്ട്. എന്നാൽ അവരാരും ദൈവമാണ് എന്ന് സഭ പറഞ്ഞിട്ടില്ല. തമിഴ്നാട്ടിലെ അമ്മഭക്തി പോലെയാണത്. നികുതി പണം കൊണ്ട് ഗവൺമെന്റ് ചെയ്യുന്നവ *അമ്മയുടെ* കാരുണ്യമായി അവതരിപ്പിക്കപ്പെടുന്നത് വിശ്വസിക്കുന്ന പാവം ജനത്തെ അവിടെ കാണാം. ദൈവം തിരഞ്ഞെടുത്ത വ്യക്തികളെ സ്വീകരിക്കുകയും ദൈവത്തെ പടിക്കു പുറത്താക്കുകയും ചെയ്യുന്ന അപകടമാണിവിടെ സംഭവിക്കുക.

3. നിത്യതയുടെ അപ്പമാകാനൊരു വിത്ത്

ഞാനാകുന്നുവെന്ന് സ്പഷ്ടമാക്കിയ ഏഴു പ്രസ്തവനകളിൽ ആദ്യത്തേതായിരുന്നു ഇത്. അപ്പത്തിലൂടെ നാമറിയാതെ പോകുന്നത് നിത്യതയെയും നിത്യനായവനെയും ആണ്. ഒരു കഥയിലൂടെ ഇതൊന്ന് ചിന്തിച്ച് നോക്കുക. *ഒരു ആശ്രമത്തിലെ ഗുരു പുതുതായി എത്തിയ തന്റെ പുതിയ രണ്ട് ശിഷ്യന്മാർക്ക് ഏതാനും വിത്തുകൾ വീതം നൽകി. ആദ്യത്തെ ശിഷ്യൻ അവ ചുട്ടു തിന്നുകയും, മറ്റെയാൾ തനിക്ക് ലഭിച്ചത് നിലത്ത് പാകി വിളെവെടുത്ത് കുറെയാളുകൾക്ക് വിശപ്പടക്കുവാൻ കൊടുക്കുകയും ചെയ്തു. യേശു, നാളേക്ക്,അനേകരിലേക്ക് പങ്ക് വെക്കപ്പെടുന്ന* അപ്പമായി നമ്മിലുണ്ടാകണം. നിമിഷജീവികളായിരിക്കുന്നതാണ് നമ്മുടെ പതനം. ആരവങ്ങളെല്ലാം അപ്പത്തിന് വേണ്ടി മാത്രമായി പോകുന്നതിലെ അധാർമ്മീകത നാം കാണാതിരിക്കരുത്. അപ്പത്തിന്റെ വീട് എന്നറിയപ്പെടുന്ന ബേത്‌ലഹേം ഇന്ന് സന്ദർശിക്കുന്നവർക്ക് *അത് വിശപ്പിന്റെ ഇടമാണ്* എന്ന് ബോധ്യമാകാതിരിക്കില്ല. വിശപ്പടക്കുവാനുള്ള അപ്പത്തിനായി, മോഷണത്തിന്റെയും കള്ളന്മാരുടെയും ഇടമായി തീർന്നിരിക്കുന്നു. ആയിരത്താണ്ടുകൾക്ക് മുമ്പ് അത് യേശുവിനെ തള്ളി കളഞ്ഞ പട്ടണമാണ്. നമ്മിൽ ഒരു നിത്യതയുടെ വിത്ത് പാകി പരിചരിക്കുവാനാകണം. ക്രിസ്തുവെന്ന വിത്താണത്. അനേകർക്ക് ആഹാരമാകുവാൻ അതൊന്ന് മതിയാകുന്നതാണ്. ആകാശപക്ഷികളെ പോലെ അനേകർ നമ്മിലേക്ക് ചേക്കേറുവാൻ അത് മുഖാന്തിരമായി തീരും.

മോശ മുഖാന്തിരം മന്നാ ലഭിച്ചത് ഒരു മുൻകുറിയായിരുന്നു. സ്വർഗ്ഗീയമായ അപ്പം യേശുവാണ്.കൗദാശികമായ ആ അപ്പം നമ്മിലെ വിശപ്പുകളെ ശമിപ്പിക്കുവാൻ മതിയാകുന്നതും. നാമത് നിരാകരിക്കുന്നുവെങ്കിലോ ഇന്നത്തെ ബേത്ത്‌ലഹേം പോലെ അപ്പത്തിനായി ആഗ്രഹിക്കുന്നവരുടെ ഇടമായിതീരും. ■

DOCTORATE

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നിന്നും ഫിസിക്സിൽ പി.എച്ച്.ഡി. കരസ്ഥമാക്കിയ കോട്ടയം ബസേലിയോസ് കോളജിലെ ഫിസിക്സ് വിഭാഗം മേധാവി ഡോ. സിന്ധു ജോൺസ്.

റാന്നി ചെമ്പമുക്ക് സെന്റ് ജോൺസ് ഇടവകയിൽ അരുവിക്കൽ ഡോ. എ.വി. മാത്യുവിന്റെ (സീനിയർ ഗൈനക്കോളജിസ്റ്റ്, അങ്കമാലി ലിറ്റിൽ ഫ്ളവർ ആശുപത്രി) സഹധർമ്മിണിയും മാവേലിക്കര കൊച്ചിക്കൽ പി. ജോൺസിന്റെയും മോളി ജോൺസിന്റെയും മകൾ.

Himaharsham matrimony

End to End Marriage Solutions

ഓർത്തഡോക്സ് യാക്കോബായ സുറിയാനി സഭകളിലെ അംഗങ്ങൾക്ക് അനുയോജ്യരായ വധൂവരന്മാരെ കണ്ടെത്തുക എന്ന ലക്ഷ്യത്തോടെയാണ് Himaharsham Matrimony എന്ന വെബ്സൈറ്റ് ആരംഭിച്ചിട്ടുള്ളത്. നമ്മുടെ സഭയുടെ പൈതൃകവും മൂല്യങ്ങളും കാത്തുസൂക്ഷിക്കുകയും നിലനിർത്തുകയും ചെയ്യുന്ന സഭാവിശ്വാസികളുടെ കുടുംബാംഗ ങ്ങളുമായി വിവാഹാലോചനകൾ നടത്തുന്നതിന് ഈ വെബ്സൈറ്റ് ഉപകരിക്കപ്പെടും.

ആയതിനാൽ വിവാഹാലോചന നടത്തുവാൻ ആഗ്രഹിക്കുന്നവർ ബയോഡേറ്റയും ഫോട്ടോയും www.himaharshammatrimony.com എന്ന വെബ്സൈറ്റിൽ പോസ്റ്റ് ചെയ്യുകയോ താഴെപ്പറയുന്ന ഇമെയിൽ/ടെലിഫോൺ വഴിയോ രജിസ്റ്റർ ചെയ്യാവുന്നതാണ്.

ഈ പ്രസ്ഥാനം വളരുവാനും ഓർത്തഡോക്സ് യാക്കോബായ സുറിയാനി സഭാംഗങ്ങൾക്ക് അനുഗ്രഹമായി തീരുവാൻ നിങ്ങൾ പ്രാർത്ഥിക്കുകയും പേരുകൾ രജിസ്റ്റർ ചെയ്ത് സഹായിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ആദ്യം രജിസ്റ്റർ ചെയ്യുന്ന 1000 പേർക്ക് രജിസ്ട്രേഷൻ തികച്ചും സൗജന്യമാണ്

For more details:
Himaharsham Matrimony
Thekkethuruthel Buildings, Manganam P.O., Kottayam - 686 018
www.himaharshammatrimony.com
himaharshammatrimony@gmail.com
Tel. No. 0481-6051510 | 9447366629 | 9744733159

ഫാ. ഡോ. സി. റ്റി. ഈപ്പൻ

(1895 മാർച്ച് 25 – 1977 ഏപ്രിൽ 1)

പ്രശസ്ത വിദ്യാഭ്യാസ വിചക്ഷണനും എക്യുമെനിക്കൽ വക്താവും വേദശാസ്ത്രജ്ഞനും എഴുത്തുകാരനും പത്രപ്രവർത്തകനും ദാർശനികനുമായ ഫാ. ഡോ. സി. റ്റി. ഈപ്പൻ അടൂർ നെല്ലിമൂട്ടിൽ ചാവടിയിൽ തോമസ് മുതലാളിയുടെയും ഏലിയാമ്മയുടെയും മകനായി 1895 മാർച്ച് 25 ന് ജനനം.

തിരുവല്ല എം.ജി.എം. ഹൈസ്കൂൾ, സെറാമ്പൂർ കോളജ്, അമേരിക്കയിലെ ജനറൽ തിയോളജിക്കൽ സെമിനാരി, ചിക്കാഗോ സർവ്വകലാശാല, ഓക്സ്ഫോഡ് യൂണിവേഴ്സിറ്റി എന്നിവിടങ്ങളിൽ പഠിച്ച് MA, STM, Ph.D ബിരുദങ്ങൾ കരസ്ഥമാക്കി. മെത്രാൻസ്ഥാനത്തേക്ക് തെരഞ്ഞെടുത്തുവെങ്കിലും സ്വയം പിന്മാറി. ഗ്രാമീണ ജനതയുടെ സാമൂഹിക, സാംസ്കാരിക വിദ്യാഭ്യാസ മുന്നേറ്റം ലക്ഷ്യമാക്കി ശാസ്താംകോട്ട കായലിന്റെ പ്രശാന്തമായ തീരത്ത് റെസിഡൻഷ്യൽ ഹൈസ്കൂൾ ആരംഭിച്ച് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. മലങ്കര ഓർത്തഡോക്സ് സഭാ മാനേജിംഗ് കമ്മിറ്റി അംഗം, കോട്ടയം ഓർത്തഡോക്സ് സെമിനാരി പ്രൊഫസർ, ഇന്റർ ചർച്ച് റിലേഷൻസ് കമ്മിറ്റി അംഗം എന്നീ നിലകളിൽ പ്രവർത്തിച്ചു. പത്തനാപുരം മൗണ്ട് താബോർ ദയറാ, പത്തനംതിട്ട കാതോലിക്കേറ്റ് കോളജ് എന്നിവയുടെ സ്ഥാപനത്തിൽ നിർണ്ണായക പങ്കാളിത്തം വഹിച്ചു. മലങ്കര ഓർത്തഡോക്സ് സഭയെ പ്രതിനിധീകരിച്ച് 1954-ൽ ഇവാൻസ്റ്റണിൽ നടന്ന WCC അസംബ്ലിയിലും 1963-ലെ രണ്ടാം വത്തിക്കാൻ കൗൺസിലിൽ നിരീക്ഷകനായും പങ്കെടുത്തു. യുവജന വിദ്യാർത്ഥി പ്രസ്ഥാനങ്ങൾക്ക് മാർഗ്ഗം പകർന്ന ഫാ. ഡോ. സി. റ്റി. ഈപ്പൻ ഓർത്തഡോക്സ് സ്റ്റുഡന്റ്സ് കോൺഫ്രൻസിന്റെ പ്രഥമ ജനറൽ സെക്രട്ടറിയായിരുന്നു. ഭാരതത്തിലും വിദേശത്തുമായി വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സർവ്വകലാശാലകളിലും വിസിറ്റിംഗ് പ്രൊഫസറായും സേവനം അനുഷ്ഠിച്ചു. ഓറിയന്റൽ-ബൈസെന്റയിൻ ഓർത്തഡോക്സ് സഭകളുടെ സഭാന്തര സംഭാഷണങ്ങൾക്ക് മുഖ്യ നേതൃത്വം നല്കി.

എക്യുമെനിക്കൽ ദർശനവും മലങ്കര ഓർത്തഡോക്സ് സഭാ വിശ്വാസവും സമന്വയിപ്പിച്ച് പ്രസിദ്ധീകരിച്ച The Star of the East എന്ന എക്യുമെനിക്കൽ ജേർണലിന്റെ സ്ഥാപകനും ചീഫ് എഡിറ്ററും ശാസ്താംകോട്ട ഡോ. സി.റ്റി. ഈപ്പൻ ട്രസ്റ്റ് സ്ഥാപക ട്രസ്റ്റിയുമായിരുന്നു. 1977 ഏപ്രിൽ 1-ന് ദിവംഗതനായി.

ഫാ. ഡോ. സി. റ്റി. ഈപ്പന്റെ നേതൃത്വം അതുല്യം: പരിശുദ്ധ കാതോലിക്കാ ബാവാ

അടൂർ: പ്രശസ്ത വേദശാസ്ത്രജ്ഞനും വിദ്യാഭ്യാസ വിചക്ഷണനും എക്യുമെനിക്കൽ വ്യക്താവും പത്രപ്രവർത്തകനുമായിരുന്ന അടൂർ ചാവടിയിൽ ഫാ. ഡോ. സി. റ്റി. ഈപ്പൻ സഭയ്ക്കും സമൂഹത്തിനും നൽകിയ സംഭാവനകൾ അതുല്യമായിരുന്നുയെന്ന് പരിശുദ്ധ ബസേലിയോസ് പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവ പ്രസ്താവിച്ചു.

അടൂർ സെന്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രൽ ഓഡിറ്റോറിയത്തിൽ ഫാ. ഡോ. സി.റ്റി. ഈപ്പൻ 39-ാം അനുസ്മരണ സമ്മേളനവും പ്രഭാഷണ പരമ്പരയും ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു പരിശുദ്ധ ബാവ.

ശാസ്താംകോട്ടയിൽ 100 ഏക്കറിൽ പരം വസ്തുവും സ്ഥാപനങ്ങളും മലങ്കര സഭക്ക് ദാനം നൽകിയ ഫാ. ഡോ. സി.റ്റി. ഈപ്പന്റെ സംഭാവനകൾ മലങ്കര സഭയ്ക്ക് മറക്കുവാൻ കഴിയില്ല. വിദേശ സർവ്വകലാശാലകളിൽ നിന്നും ഉന്നത വിദ്യാഭ്യാസം കരസ്ഥമാക്കിയ അദ്ദേഹം പൊതുസമൂഹത്തിന്റെ നന്മയ്ക്കായി അക്ഷീണം യ്തനിച്ചു. അദ്ദേഹത്തിന്റെ കുടുംബ ശ്രേഷ്ഠതയും ആഭിജാത്യവും പാണ്ഡിത്യവും പുതുതലമുറയ്ക്ക് പ്രയോജനകരമായ നിലയിൽ ദീർഘവീക്ഷണത്തോടെ യാഥാർത്ഥ്യമാക്കി.

ഫാ. ഡോ. സി. റ്റി. ഈപ്പന്റെ മഹത്വവും സംഭാവനകളും വരും തലമുറയ്ക്ക് പരിചയപ്പെടുത്തിക്കൊടുക്കുവാൻ ഏവർക്കും കഴിയണമന്ന് പ. ബാവ പറഞ്ഞു.

കൊല്ലം ഭദ്രാസനാധിപൻ സഖറിയ മാർ അന്തോണിയോസ് മെത്രാപ്പോലീത്ത അദ്ധ്യക്ഷത വഹിച്ചു. 1970 ജനുവരി ഒന്നിന് ആരംഭിച്ച ഫാ. ഡോ. സി.റ്റി. ഈപ്പൻ ട്രസ്റ്റ് ശാസ്താംകോട്ടയിൽ ആരംഭിച്ച വിദ്യാഭ്യാസ പ്രവർത്തനങ്ങൾ പൊതു സമൂഹത്തിന്റെ നന്മയെ ലക്ഷ്യമാക്കിയുള്ളതായിരുന്നു. തിരുവിതാംകൂർ രാജകുടുംബവുമായി ദൃഢബന്ധം ഉള്ളതിനാൽ വളരെ കാര്യങ്ങൾ സമൂഹത്തിനായി നേടിയെടുക്കുവാൻ കഴിഞ്ഞു. ശാസ്താംകോട്ടയിലും പന്നിവഴയും ആരംഭിച്ച വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ മഹത്ത്വരമാണ്. ഫാ. ഡോ. സി.റ്റി. ഈപ്പൻ നട്ടു വളർത്തിയവ പരിപോക്ഷിപ്പിച്ചത് പ. മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവായാണെന്ന് സഖറിയ മാർ അന്തോണിയോസ് മെത്രാപ്പോലീത്ത അദ്ധ്യക്ഷ പ്രസംഗത്തിൽ പറഞ്ഞു.

എക്യുമെനിക്കൽ ഓർത്തഡോക്സ് ദർശനങ്ങൾ സമന്വയിപ്പിച്ച് ഫാ. ഡോ. സി.റ്റി. ഈപ്പൻ പ്രസിദ്ധീകരിച്ച *സ്റ്റാർ ഓഫ് ദി ഈസ്റ്റ്* ജേർണലിന്റെ പുനഃപ്രകാശനം ബ്രഹ്മവാർ ഭദ്രാസനാധിപൻ യാക്കോബ് മാർ ഏലിയാസ് മെത്രാപ്പോലീത്താ പ്രകാശിപ്പിച്ചു. ആദ്യപ്രതി മലങ്കര സഭാ മാസിക ചീഫ് എഡിറ്റർ ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ ഏറ്റുവാങ്ങി.

ഫാ. ഡോ. സി. റ്റി. ഈപ്പൻ അനുസ്മരണ പ്രഭാഷണം സോപാന അക്കാദമി ഡയറക്ടർ ഫാ. ഡോ. കെ. എം. ജോർജ് നിർവഹിച്ചു. വികാരി ഫാ. ജോർജ് വർഗീസ്, ഡോ. ജോർജ് ചെറിയാൻ, ഫാ. തോമസ് വർഗീസ് ചാവടിയിൽ, പ്രൊഫ. ഡി. കെ. ജോൺ എന്നിവർ പ്രസംഗിച്ചു.

രാവിലെ കണ്ണംകോട് പള്ളിയിൽ നടന്ന വി. കുർബ്ബാനയ്ക്ക് മെത്രാപ്പോലീത്താമാരായ സഖറിയാ മാർ അന്തോണിയോസ് യാക്കോബ് മാർ ഏലിയാസ് എന്നിവർ എന്നിവർ നേതൃത്വം നൽകി. തുടർന്ന് ഫാ. ഡോ. സി.റ്റി. ഈപ്പന്റെ കബറിടത്തിൽ ധൂപപ്രാർത്ഥനയും നടന്നു. ■





സമ്യഗ് ദർശനം

ഫാ. ഷാലു ലൂക്കോസ്, തിരുമംഗലം

ഒരു തത്വചിന്തകൻ ഒരിക്കൽ ശ്രീരാമകൃഷ്ണനെ കാണാൻ ചെന്നു. തത്വചിന്തകൻ ദൈവത്തിനെതിരായി വാദിച്ചു. അയാൾ നല്ലത് പോലെ വാദിച്ചുകൊണ്ടേയിരുന്നു. അയാളുടെ പേര് കേശവ് ചന്ദ്രസെൻ എന്നായിരുന്നു. ശ്രീരാമകൃഷ്ണൻ തികച്ചും നിരക്ഷരനായിരുന്നു. അദ്ദേഹത്തിന് തത്വശാസ്ത്രത്തെക്കുറിച്ച് ഒന്നുമറിയില്ലായിരുന്നു. അദ്ദേഹം സർവകലാശാലയിൽ അഭ്യസിച്ചിരുന്നില്ല. അദ്ദേഹം രണ്ടാം തരം വരെ മാത്രമേ പഠിച്ചിട്ടുണ്ടായിരുന്നുള്ളൂ. അദ്ദേഹത്തിന് അൽപ്പം ബംഗാളി ഭാഷ വായിക്കാനും എഴുതാനും കഴിഞ്ഞിരുന്നു.

തത്വചിന്തകൻ വിദ്യാസമ്പന്നനും വിശ്വപ്രസിദ്ധനും ധാരാളം പുസ്തകങ്ങൾ എഴുതിയ ആളുമായിരുന്നു. അദ്ദേഹം വാദിച്ചു ശ്രീരാമകൃഷ്ണൻ ചിരിച്ചു. ഓരോ തവണയും തത്വചിന്തകൻ ദൈവത്തിനെതിരെയുള്ള മനോഹരവും ഗഹനവുമായ വാദമുഖങ്ങൾ നിരത്തി അപ്പോഴൊക്കെ രാമകൃഷ്ണൻ ചാടി അയാളെ കെട്ടിപ്പിടിച്ചു. ഈ രംഗം കാണാൻ, എന്താണ് സംഭവിക്കുന്നത് എന്നറിയാൻ വളരെപ്പേർ തടിച്ച് കൂടി തത്വചിന്തകൻ ആകെ ആശ്ചര്യപ്പെട്ടു. കാരണം അദ്ദേഹം വന്നത് വാദിക്കാനായിരുന്നു. എന്നാൽ ഇതെന്തൊരു വാദമാണ്? ഈ മനുഷ്യൻ നൃത്തം ചെയ്യുന്നു. ചിരിക്കുന്നു. ഇടയ്ക്ക് ആലിംഗനം ചെയ്യുന്നു.

തത്വചിന്തകൻ ചോദിച്ചു *എന്റെ വാദമുഖങ്ങൾ കേട്ടിട്ട് നിങ്ങൾ ഒട്ടും അസ്വസ്ഥമാകുന്നില്ലേ?* രാമകൃഷ്ണൻ പറഞ്ഞു *ഞാനെന്തിന് അസ്വസ്ഥനാകണം?* യഥാർത്ഥത്തിൽ ഞാൻ നിങ്ങളുടെ വാദമുഖങ്ങൾ ആസ്വദിച്ച് കൊണ്ടിരിക്കുകയാണ്. നിങ്ങൾ സമർത്ഥനാണ്, ബുദ്ധിമാനാണ്, നിങ്ങളുടെ വാദമുഖങ്ങൾ വളരെ മനോഹരങ്ങളാണ് എന്നാൽ എനിക്ക് എന്ത് ചെയ്യാൻ കഴിയും? എനിക്ക് ദൈവത്തെ അറിയാം. അതൊരു വാദപ്രതിവാദത്തിന്റെ പ്രശ്നമേ അല്ല. ഞാൻ ദൈവത്തിൽ വിശ്വസിക്കുന്നു എന്നല്ല. ഞാൻ വിശ്വാസി ആയിരുന്നെങ്കിൽ നിങ്ങൾക്കെന്നെ ശല്യം ചെയ്യാൻ കഴിയുമായിരുന്നു. എന്നിലെ വ്യക്തതകളെ മുഴുവൻ നീക്കം ചെയ്യാനും, എന്നെ ആശയക്കുഴപ്പത്തിലാക്കാനും നിങ്ങൾക്ക് കഴിയുമായിരുന്നു. എന്നാൽ ദൈവമുണ്ടെന്ന് ഞാൻ അറിയുന്നു. അത് ഞാൻ അനുഭവിക്കുന്നു. താങ്കളുടെ അറിവിനും തത്വചിന്തയ്ക്കും ഒന്നും ആ അനുഭവത്തെ തട്ടിയുടയ്ക്കാൻ കഴിയില്ല. താങ്കളുടെ അറിവും വാദവും താങ്കളെ സംബന്ധിച്ച് ശരിയായിരിക്കുന്നത് പോലെ എന്റെയുള്ളിൽ ചൈതന്യ സ്വരൂപമായിരിക്കുന്ന ദൈവാനുഭവവും ശരിയാണ്.

നിങ്ങൾക്ക് ദൈവത്തെ അറിയാമെങ്കിൽ നിങ്ങൾക്കറിയാം നിങ്ങളെ വഴിതെറ്റിക്കുവാൻ ഒരു വഴിയുമില്ല. ആരീതിയിലുള്ള ഒരു വ്യക്തത ഞാൻ നിങ്ങൾക്ക് തരും അത് അറിയുന്നു എന്നാൽ അത് യാതൊരു വാദങ്ങളെയും ആശ്രയിക്കുന്നില്ല. ജീവിതാനുഭവത്തിൽ നിന്ന് ഉയിർക്കൊള്ളുന്നതാണ് ആ വ്യക്തത. പിന്നെ സ്വയം ബഹുമാനിക്കാനോ സ്വയം സ്നേഹിക്കുവാനോ സ്വയം യോഗ്യനാണെന്ന് കരുതുന്നതിനോ ആരും നിങ്ങളെ പഠിപ്പിക്കേണ്ടതില്ല, ഒരാൾ ആയാളെത്തന്നെ അറിയാൻ ശ്രമിക്കുമ്പോൾ അയാളിലെ ദൈവചൈതന്യത്തെ അയാൾക്ക് മനസ്സിലാകുന്നു. അതിൽ കൂടുതൽ എന്ത് ബഹുമാനമാണ് ഒരാൾക്ക് സ്വയം ലഭിക്കേണ്ടത്. ഈ അനുഭവം നിങ്ങളിൽ ഉത്ഭൂതമാകുമ്പോഴാണ് *അഹം ബ്രഹ്മാസ്മി* എന്ന തത്വം നിങ്ങളിൽ ചൈതന്യവത്താകുന്നത്. എന്നിലെ ദൈവാനുഭവത്തിന്റെ ഉറവയെ ശക്തമാക്കി വലിയ ഉറവയായ ദൈവത്തിലേക്ക് ഒഴുകിയെത്തുക. അത് അനുഭവമാക്കി സ്വാഭാവികമായി പരിശ്രമിച്ച് കൊണ്ടേയിരിക്കുക. അതിലപ്പുറം എന്ത് ബഹുമാനമാണ് താങ്കൾക്ക് ലഭിക്കാനുണ്ടാവുക അഥവാ നിങ്ങൾക്ക് ബഹുമാനം നൽകേണ്ടത് ആരാണ്? അത് ദൈവമാണ് അവിടെ നിങ്ങളുടെ പഠനത്തിന് എന്ത് സാധ്യതയാണുള്ളത്? നിങ്ങളുടെ വാദങ്ങൾക്ക്? നിങ്ങളുടെ തത്വചിന്തകൾക്ക്?

നിങ്ങൾക്ക് നിങ്ങളോട് ബഹുമാനം തോന്നുന്നിടത്ത് നിന്ന് മാത്രമേ നിങ്ങൾക്ക് ദൈവത്തോട് ബഹുമാനം തോന്നാൻ ഇടയുള്ളൂ. നമ്മുടെ ബഹുമാനം ഇന്ന് നിലനിൽക്കുന്നത് നമ്മോട് തന്നെയുള്ള അടിമത്വങ്ങളോടാണ്. അറിവ് അടിമത്വമാകുമ്പോഴാണ് ഇടയിൽ വാദങ്ങൾ വരുന്നത്. ദൈവം അറിവായ ആൾക്ക് വാദങ്ങൾ ആവശ്യമില്ല. ലോകപരിചയങ്ങൾ പങ്ക് വയ്ക്കപ്പെടുന്നിടത്താണ് കലഹങ്ങൾ സൃഷ്ടിക്കപ്പെടുക. ദൈവപരിചയങ്ങളുടെ നിരന്തര യാത്ര ചെയ്യുന്നവർക്ക് കലഹിക്കാൻ സമയമുണ്ടാവുകയില്ല. അവരുടെ യാത്ര നവീനാനുഭവങ്ങളിലേക്ക് നയിക്കപ്പെട്ട് കൊണ്ടിരിക്കും.

ദൈവം രുചിക്കേണ്ട ഒന്നാണ് എന്ന് വചനം എത്ര തവണ നമ്മോട് ഓതിയിട്ടുണ്ടാകണം എന്നിട്ടും നാമെന്തേ അവനെ പഠിക്കാൻ ശ്രമിക്കുന്നു. അവൻ അകത്തുണ്ട് എന്ന എത്ര പിൻവിളികൾ നമുക്കുണ്ടിയിട്ടുണ്ടാകണം എന്നിട്ടുമെന്തേ.

പുറത്തേക്ക് നോക്കി അവനെ നീട്ടി വിളിച്ച് കൊണ്ടിരിക്കുന്നത്. ഒരിക്കലും അഴുകാത്തയവൻ നമ്മുടെ ഓരോ കോശത്തിലും ചൈതന്യമായി പരക്കുന്നുണ്ട് എന്ന് ആരാധന പഠിപ്പിക്കുകയാണ് എന്നിട്ടും അവനെ പുറത്ത് നിർത്തി. നാം ആഹ്ലാദിക്കുകയാണ്.

E-mail: fr.thirumangalam@gmail.com

MAY 8

Mother's Day



അമ്മ

■ ഫാ. ദീപു ഫിലിപ്പ് എള്ളാലയിൽ

അമ്മ - എപ്പോഴും ഓർമ്മിക്കപ്പെടേണ്ട നാമം. അമ്മമാരെ ഓർക്കുവാൻ ഇന്നത്തെ ലോകം ഒരു പ്രത്യേക ദിവസം തന്നെ വേർതിരിച്ചിട്ടുണ്ട്. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ കാലങ്ങളിലാണ് 'മദേഴ്സ് ഡേ' എന്ന പേരിൽ അമ്മമാരെ ഓർമ്മിക്കുവാനും, സ്നേഹം പ്രകടിപ്പിക്കുവാനും, സമ്മാനങ്ങൾ നൽകുവാനും ആദരിക്കുവാനുമായി മെയ് മാസത്തെ രണ്ടാം ഞായറാഴ്ച ക്രമീകരിച്ചത്. അന്ന ഗാർവിഡ് എന്ന അമേരിക്കൻ വനിതയാണ് ഈ ആഘോഷം നടത്തുവാൻ മുൻകൈ എടുത്തത്.

അമ്മ എന്ന പദത്തിന്റെ ഉത്ഭവം കുഞ്ഞിന്റെ കരച്ചിൽ നിന്നാണ്. *അമ്മാ* എന്ന പദം വേദന ദ്യോതിപ്പിക്കുന്നതാണ്. അമ്മയുടെ കരങ്ങളിലെ സുരക്ഷിതത്വത്തേക്കാൾ വലുതായി മറ്റൊന്നുമില്ല. നോവിന്റെ പാരമ്യത്തിലും സ്നേഹത്തോടെ പുഞ്ചിരിക്കുവാനും വാത്സല്യം പകരാനും സാധിക്കുന്നത് അമ്മയ്ക്കാണ്. എത്ര നാളുകൾ കഴിഞ്ഞാലും, കൊഴിഞ്ഞാലും, എത്ര അകലങ്ങളിലായാലും മക്കളുടെ വ്യാധികളും വേദനകളും അറിയാനുള്ള ഒരു *ടെലിപ്പതി* സംവിധാനം പ്രകൃതി തന്നെ അമ്മയ്ക്ക് നൽകിയിട്ടുണ്ട്. ഇതൊക്കെ മുൻ നിർത്തിയാവണം *വ്യാഖ്യാനിക്കുവാൻ കഴിയാത്ത, വർണ്ണിക്കുവൻ ആവാത്ത സുകൃതത്തിന്റെ പേരാണ് അമ്മ* എന്ന് സമദാനി അഭിപ്രായപ്പെടുന്നത്.

വേദപുസ്തക ചരിത്രത്തിൽ അനേകം അമ്മമാരുടെ ചരിത്രം വിവരിക്കുന്നുണ്ട്. ആദി മാതാവായ ഹവ്വ മുതൽ ആ ചരിത്രം ആരംഭിക്കുന്നുവെങ്കിലും ദൈവത്തിങ്കലേക്ക് മക്കളെ വഴി തിരിച്ചു വിട്ട അമ്മാരെയാണ് നൻമ നിറഞ്ഞവരായി വാഴ്ത്തിപ്പാടുന്നത്. യഹോവയുടെ സ്നേഹത്തെ അമ്മയുടെ സ്നേഹത്തോടാണ് ഉപമിക്കുന്നത് (യെശെയ്യാ 49:15), കൂടാതെ വൃദ്ധരായ അമ്മയെ ഉപേക്ഷിക്കരുത് എന്ന് സദൃശവാക്യത്തിലും കാണുന്നു (23:22). ഏറെ പ്രാർത്ഥിച്ചു ലഭിച്ച ശമുവേൽ ബാലനെ ദേവാലയ ജീവിതത്തിലേക്ക് കൊണ്ടാക്കിയ ഹന്നാ മികച്ച ഉദാഹരണമാണ്. കുരിശിന്റെ വഴിയിലൂടെ മകൻ അനുഭവിച്ച കഷ്ടതകളുടെ കാരമുള്ളുകൾ ഹൃദയത്തിലേറ്റുവാങ്ങിയ മറിയാമും ഒടുവിൽ കുരിശിൻ ചുവട്ടിൽ മാതാവിനെ പ്രിയ ശിഷ്യന് ഏൽപ്പിച്ച യേശുവിന്റെ ചിത്രവും തെളിമയോടെ നിൽക്കുന്നു. യോഹന്നാൻ സ്നാപകന്റെ അമ്മയായ എലിസബേത്തും മോശയുടെ അമ്മയായ യോക്കബേദും മക്കളെ ദൈവത്തിനായി വളർത്തി മഹത്വം പ്രാപിച്ചവരാണ്. ഭൂമിയിൽ നൻമ വരുവാനും ദീർഘായുസ്സ് ഉണ്ടാകുവാനും അപ്പനേയും അമ്മയേയും ബഹുമാനിക്ക എന്നാണ് ബൈബിളിലെ സാരോപദേശം.

ഭാരതീയ പാരമ്പര്യത്തിൽ മാതാവിന് വളരെ സ്ഥാനം ഉണ്ട്. ഭൂരിഭാഗം ജനങ്ങളും ഈശ്വരനിൽ വിശ്വസിക്കുന്നത് അമ്മ കാരണമാണ് എന്ന് പുരാണങ്ങൾ സമർത്ഥിക്കുന്നു. വേദധർമ്മത്തിന്റെ പ്രധാന ആശയം തന്നെ *മാതൃവത്പരദാരേശു*-എല്ലാ സ്ത്രീ കളും എന്റെ അമ്മയാണ് എന്നതിൽ അടങ്ങിയിരിക്കുന്നു. യജുർവേദവും അഥർവ്വവേദവും മാലിന്യമില്ലാത്തവൾ, അനുഗ്രഹിക്കുന്നവൾ, പ്രകാശിപ്പിക്കുന്നവൾ എന്നൊക്കെയാണ് മാതാവിനെ വിശദീകരിക്കുന്നത്. അമ്മ സമൂഹത്തിന്റേയും നാടിന്റേയും ലോകത്തിന്റേയും രക്ഷകയാണെന്ന് വേദങ്ങൾ പറയുന്നു.

പ്രവാചകനായ മുഹമ്മദ് തന്റെ ശിഷ്യന്മാരോട് എപ്പോഴും അമ്മയുടെ പ്രാധാന്യത്തെപ്പറ്റി ഉപദേശിക്കുമായിരുന്നു. ജീവിതത്തിൽ എപ്പോഴും സ്വന്തം മാതാവിനോട് നന്ദി ഉള്ളവനായിരിക്കണം എന്ന് പ്രഭാഷണങ്ങളിൽ അദ്ദേഹം ആവർത്തിച്ചിരുന്നു. അമ്മയുടെ പാദപീഠത്തിലാണ് സ്വർഗ്ഗം സ്ഥിതി ചെയ്യുന്നത് എന്നയിരുന്നു അദ്ദേഹത്തിന്റെ പക്ഷം. മാപിതാക്കളോട് ചെയ്യുന്ന ക്രൂരത ഗുരുതരമായ പാപമായി അദ്ദേഹം കരുതി. വലിയ സ്നേഹത്തിന്റേയും, മദ്ധ്യമാർഗ്ഗത്തിന്റേയും ബോധി സത്വപാതയുടെയും ഉത്തമ ഉദാഹരണമാണ് എന്ന് ബുദ്ധമതം പറയുന്നു. ദൈവത്തിന് എല്ലായിടവും എത്താൻ സാധിക്കാത്തതുകൊണ്ട് അദ്ദേഹം അമ്മമാരെ സൃഷ്ടിച്ചു എന്ന് പഴയ യഹൂദ പഴമൊഴിയുണ്ട്.

മനുഷ്യജാതിയുടെ ചുണ്ടിലെ ഏറ്റവും മനോഹരമായ വാക്കാണ് അമ്മ എന്ന് ഖലിൽ ജിബ്രാൻ പറയുന്നു. തന്റെ എല്ലാ ഉയർച്ചയ്ക്കും കാരണം അമ്മയുടെ കഷ്ടപ്പാടും പ്രാർത്ഥനക

ളുമാണ് എന്ന് ഏബ്രഹാം ലിങ്കൺ അനുസ്മരിക്കുന്നു. അമ്മയുടെ കണ്ണുനീരാണ് നശിച്ചു പോകാതെ തന്നെ രക്ഷിച്ചത് എന്നതാണ് വി. അഗസ്റ്റിന്റെ സാക്ഷ്യം. അമ്മയുടെ ആത്മീയതയാണ് ആത്മീയ ജീവിതത്തിൽ തന്നെ നയിച്ച പ്രകാശ നാളമെന്ന് ഗാന്ധിജിയും അനുസ്മരിക്കുന്നു.

മലയാള സാഹിത്യത്തിൽ ഭാഷയെ തന്നെ അമ്മയായി കണ്ടുകൊണ്ടാണ് എഴുത്തുകാരൻ പ്രണമിക്കുന്നത്. കുരീപ്പുഴ ശ്രീകുമാറും കുഞ്ഞുണ്ണി മാഷും, ഒ.എൻ.വി.യുമൊക്കെ 'അമ്മ മലയാളം' എന്ന പേരിൽ കവിതകൾ ഹൃദയത്തോട് ചേർത്ത് വച്ച് പാടുവാൻ മലയാളിയെ പഠിപ്പിച്ചു. എങ്കിലും അമ്മയുടെ സ്നേഹം എന്ത് എന്ന് മലയാളിക്ക് കാണിച്ചു തന്നത് ഇടശ്ശേരി ഗോവിന്ദൻ നായരാണ്. തന്റെ കുഞ്ഞിനെ തട്ടിയെടുത്തു കൊണ്ട് പോയ പൂതത്തിന്റെ പിറകേ ചെന്ന നങ്ങേലിയുടെ ധൈര്യം നോക്കൂ

"പേടിപ്പിച്ചോടിക്കാൻ നോക്കി പൂതം
പേടിക്കാതങ്ങനെ നിന്നാളമ്മ
കാറ്റിൻ ചുഴലിയായ് ചെന്നു പൂതം
കുറ്റി കണക്കങ്ങു നിന്നാളമ്മ
നരിയായും പുലിയായും ചെന്നു പൂതം
തരികെന്റെ കുഞ്ഞിനെയെന്നാളമ്മ.

എന്ന് പാടുമ്പോൾ അമ്മയുടെ ധൈര്യവും, *അങ്കണത്തൈമാവിൽ നിന്നാദ്യത്തെ പഴം വീഴ്കേ അമ്മ തൻ നേത്രത്തിൽ നിന്ന് ഉതിരുന്ന കണ്ണീർ* ഇന്നും മലയാളിയുടെ നെഞ്ചിനെ പൊള്ളിക്കും എന്ന് കാട്ടിത്തന്ന വൈലോപ്പിള്ളി ശ്രീധരമേനോനും അമ്മയുടെ സ്നേഹം വരച്ചുകാട്ടി തന്നവരാണ്.

മക്കളെ സ്നേഹിക്കുന്ന മക്കളെ സ്നേഹിച്ച അമ്മാരുടെ തീവ്രമായ ഭാവം നമ്മുടെ ഹൃദയങ്ങളെ പ്രോജ്ജ്വലിപ്പിക്കട്ടെ. അമ്മയെ സ്നേഹിക്കുന്ന, കരുതുന്ന ഒരു നവലോകത്തിലേക്ക് നമുക്ക് പ്രവേശിക്കാം. ■

വിജയി

സൺഡേസ്കൂൾ സൗത്ത് സോൺ സീനിയർ വിഭാഗം സംഗീതത്തിന് രണ്ടാം സ്ഥാനം നേടിയ നമിതാ സാറാ തോമസ്. മുട്ടം സെന്റ് മേരീസ് ഇടവകയിൽ മുട്ടത്തേരിൽ ബഥേൽ ഡോ. തോമസ് ഡാനിയേലിന്റേയും ഡോ. അനു തോമസിന്റെയും മകൾ.

സൺഡേസ്ക്കൂൾ നോർത്ത് സോൺ ജൂനിയർ വേദവാക്യത്തിന് ഒന്നാം സ്ഥാനം നേടിയ തൃപ്പൂണിത്തുറ സെന്റ് ഗ്രിഗോറിയോസ് സൺഡേസ്ക്കൂൾ വിദ്യാർത്ഥി ജോഹാൻ ജെ. ചാക്കോ. തിരവാങ്കുളം തണ്ടപ്രപീടികയിൽ ജിജു റ്റി. ചാക്കോയുടെയും കൊച്ചുമോളുടെയും മകൻ.

മർത്തമറിയം സമാജം അഖില മലങ്കര പരീക്ഷയിൽ ജൂനിയർ വിഭാഗത്തിൽ ഒന്നാം റാങ്ക് നേടിയ ഷൈനു ജിജി. ചെങ്ങന്നൂർ, നെല്ലിമല മാർ ഗ്രിഗോറിയോസ് ഇടവകാംഗവും അരയാലുംമകുട്ടിൽ ജിജി ഉമ്മന്റെ ഭാര്യയുമാണ്.

BOOKING STARTED

Shepherd's Valley

Appartments for Retired and NRI's Parents

In 8.5 acres at 13th mile, N.H. 220, Kottayam, Kerala

... a life full of freedom, dignity, health and happiness

Elders Castle

A Non Profitable , Service Oriented Venture By Shepherd's Valley Public Charitable Trust

Fully furnished and equiped 30 Apartments (21000 sqt.) in three floors have drawing room, bedroom, bathroom, nano kitchen, balcony with the fecilities of lift, ramp, staircase.

Opening on December 2016. Model Apartment is ready

The Director, Shepherd's Valley
Public Charitabe Trust,
13th mile, K.K Road,
Pulickal kavala P.O, ,
Kottayam dist.,
Kerala- 686515

Contact :
Email: blissfullivings5@gmail.com,
www.shepherdsvalleykottayam.com
+91 9447281859
(Chairman, Peelikutty Babu),
+91 9446921659
(Director, Rev. Fr. P.A. Thomas)

Common Facilities :-
Palliative care center - "Ashraya"
Chappel & Retrat Centre
Ambulance Service
Restaurant
Common meeting place.
Reading room..
24hr Security
Professionally landscaped parks, orchards

പുതുപ്പള്ളി പെരുന്നാൾ

ഏപ്രിൽ 28 മുതൽ മെയ് 7 വരെ

പുതുപ്പള്ളി:- ഭാരതത്തിലെ പ്രഥമ ജോർജിയൻ തീർത്ഥാടനകേന്ദ്രമായ പുതുപ്പള്ളി പള്ളിയിൽ വിശുദ്ധ ഗീവർഗ്ഗീസ് സഹദായുടെ ഓർമ്മപ്പെരുന്നാൾ ഏപ്രിൽ 28 മുതൽ മെയ് 7 വരെ നടത്തും. പുതുപ്പള്ളി പുണ്യവാളൻ - ദേശക്കാരുടെ മുഴുവൻ കാവൽനാഥനാണ്. അതുകൊണ്ടുതന്നെ പുതുപ്പള്ളി പെരുന്നാൾ നാടിന്റെ ഉത്സവമാണ്. നാനാജാതിമതസ്ഥർ ഒരുപോലെ ഈ ആഘോഷത്തിൽ പങ്കുചേരുന്നു. കൊടിമരമിടീൽ, വിറകിടീൽ, അരിയിടീൽ, ദീപകാഴ്ച, വെടിക്കെട്ട്, വെച്ചൂട്ട്, പ്രദക്ഷിണം, കോഴിനേർച്ച അങ്ങനെ ഒട്ടേറെ പരമ്പരാഗത ആചാരങ്ങൾ പുതുപ്പള്ളി പെരുന്നാളിനുണ്ട്.

ഏപ്രിൽ 28-നാണ് കൊടിയേറ്റ്. ഉച്ചകഴിഞ്ഞ് 2 മണിക്ക് കൊടിമരഘോഷയാത്ര ആരംഭിക്കും. വൈകുന്നേരം 5 മണിക്ക് ഡോ.ഏബ്രഹാം മാർ സെറാഫിം മെത്രാപ്പോലീത്താ കൊടിയേറ്റ് നിർവഹിക്കും. തുടർന്നുള്ള ദിവസങ്ങളിൽ പള്ളിയും പരിസരവും ഭക്തജനങ്ങളെകൊണ്ടു നിറയും. നാടും നഗരവും ഉണരും. എല്ലാവരുടെയും മനസിൽ നിറയെ പുണ്യവാളന്റെ ദീപ്ത സ്മരണകളുണ്ടാവും. പള്ളിയിൽ എല്ലാ ദിവസവും വിശുദ്ധ കുർബ്ബാനയും പെരുന്നാളിനോടനുബന്ധിച്ച ആദ്ധ്യാത്മിക സമ്മേളനങ്ങളും, സെമിനാറും ഉണ്ടാകും.

മെയ് 1, 2, 3, 4 തീയതികളിലാണ് പുതുപ്പള്ളി കൺവൻഷൻ. ഫാ. സജി അമയിൽ, ഫാ. ഡോ. വറുഗീസ് വറുഗീസ്, മീനടം, ഫാ. ഫിലിപ്പ് തരകൻ തേവലക്കര, ഫാ. സഖറിയാ തോമസ് പുതുപ്പള്ളി എന്നിവർ പ്രസംഗിക്കും.

മെയ് ഒന്നിന് ഡോ. യാക്കോബ് മാർ ഐറേനിയസ് മെത്രാപ്പോലീത്തായുടെ മുഖ്യ കാർമ്മികത്വത്തിൽ വിശുദ്ധ മൂന്നിന്മേൽ കുർബ്ബാനയും തുടർന്ന് ഇടവക ദിനാചരണവും സാംസ്കാരിക സമ്മേളനവും ചേരും.

മെയ് 5-ന് തീർത്ഥാടനസംഗമം. വൈകുന്നേരം വിവിധ കുരിശടികളിൽനിന്ന് പള്ളിയിലേക്ക് പ്രദക്ഷിണം. മെയ് 6-ന് രാവിലെ 9 മണിക്ക് അഭി. ഡോ.യൂഹാനോൻ മാർ ദിയസ്കോറോസ് മെത്രാപ്പോലീത്തായുടെ മുഖ്യ കാർമ്മികത്വത്തിൽ വിശുദ്ധ അഞ്ചിന്മേൽ കുർബ്ബാനയ്ക്കുശേഷം പ്രസിദ്ധമായ പൊന്നിൻകുരിശ് ദർശനത്തിന് ത്രോണോസിൽ സ്ഥാപിക്കും. രണ്ടുമണിക്കാണ് വിറകിടീൽ ചടങ്ങ്. നാല് മണിക്ക് ആഘോഷപൂർവ്വം പന്തിരുനാഴി പുറത്തെടുക്കും. തുടർന്ന് സന്ധ്യാപ്രാർത്ഥനയ്ക്കുശേഷം വി. ഗീവറുഗീസ് സഹദാ അനുസ്മരണ പ്രഭാഷണം ഡോ.ജോസഫ് മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്താ നിർവഹിക്കും. രാത്രി എട്ടിനാണ് പുതുപ്പള്ളി കവല ചുറ്റിയുള്ള ഭക്തിനിർഭരമായ പ്രദക്ഷിണം. ചരിത്രപ്രസിദ്ധമായ പൊന്നിൻകുരിശും അകമ്പടിയായി 100 വെള്ളിക്കുരിശും ആയിരക്കണക്കിന് മുത്തുക്കുടകളും വഹിച്ചുകൊണ്ടുള്ള പ്രദക്ഷിണം ഏഷ്യയിലെ തന്നെ ഏറ്റവും വലിയ പ്രദക്ഷിണങ്ങളിലൊന്നാണ്. പ്രദക്ഷിണം പള്ളിയിൽ എത്തുന്നതോടുകൂടി കരിമരുന്നു കലാപ്രകടനവും രാത്രിയിൽ അഖണ്ഡപ്രാർത്ഥനയും ഉണ്ടാകും.

വലിയപെരുന്നാൾ ദിനമായ മെയ് 7-ന് വെളുപ്പിനെ ഒരുമണിക്കാണ് വെച്ചൂട്ടിനുള്ള അരിയിടീൽ ചടങ്ങ്. രാവിലെ അഞ്ച് മണിക്കും എട്ടു മണിക്കും രണ്ട് വിശുദ്ധ കുർബ്ബാന ഉണ്ടാവും. രണ്ടാമത്തേത് വി.ഒമ്പതിന്മേൽ കുർബ്ബാനയാണ്. പരി. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാബാവായുടെ മുഖ്യകാർമ്മികത്വത്തിൽ വി. ഒമ്പതിന്മേൽ കുർബ്ബാന. പതിനൊന്ന് മണിക്കാണ് ചരിത്രപ്രസിദ്ധമായ വെച്ചൂട്ട് നേർച്ചസദ്യയും കുട്ടികൾക്കുള്ള ആദ്യ ചോറൂട്ടും. ഉച്ചകഴിഞ്ഞ് രണ്ട് മണിക്ക് പ്രദക്ഷിണം. നാല് മണിക്ക് നേർച്ചയായി അപ്പവും കോഴിയിറച്ചിയും വിതരണം ചെയ്യും. പെരുന്നാൾ ചടങ്ങുകൾ സമാപിക്കുമെങ്കിലും കൊടിയിറങ്ങുന്നതു വരെ പള്ളിയിൽ വി.ഗീവറുഗീസ് സഹദായുടെ സാന്നിദ്ധ്യാനുസ്മരണദിനങ്ങളായി ആചരിക്കും. പ്രത്യേകം മധ്യസ്ഥ പ്രാർത്ഥന ഉണ്ടായിരിക്കും.

നേർച്ചകാഴ്ചകൾക്ക് : വികാരി / കൈക്കാരൻ, സെന്റ് ജോർജ് ഓർത്തഡോക്സ് ചർച്ച് പുതുപ്പള്ളി, കോട്ടയം - 686 011., Phone : 0481 - 2352404, 2351808, Web : www.puthuppally pally.in, E-mail: puthuppally pally123@gmail.com

സാമൂഹ്യതിന്മകൾക്കെതിരെ ബോധവൽക്കരണ മാജിക്ഷോ

മദ്യം മയക്കുമരുന്ന്, ക്യാൻസർ, ജങ്ക്ഫുഡ് , പായ്ക്കറ്റ്ഫുഡ്, എന്നിവയ്ക്കെതിരെ

പള്ളിതിരുന്നാൾ കുടുംബയോഗങ്ങൾ സ്കൂളുകൾ, എന്നിവിടങ്ങളിൽ വിജയകരമായി അവതരിപ്പിച്ചു വരുന്നു

35 വർഷത്തെ അനുഭവ പരിചയം

മജീഷ്യൻനാഥ്
തിരുവനന്തപുരം

9847400080, 7025216165
Facebook: magiciannath
Email: magiciannath@gmail.com

ആരോഗ്യം ഉള്ള തലമുറയ്ക്കുവേണ്ടി



പുസ്തകശാല

ഓർത്തഡോക്സിയുടെ കാവൽഭടൻ

റമ്പാൻ ഏലിയാസ് കോശി (എഡി.)

അഭി. തോമാ മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്തായുടെ ജീവിതവും ദർശനവും അവതരിപ്പിക്കുന്നു. പത്തനാപുരം മൗണ്ട് താബോർ ദയറായുടെ ചരിത്രവും വിവിധ അനുസ്മരണങ്ങളും. അവതാരിക: ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്ത. മൗണ്ട് താബോർ ബുക്സ്, പത്തനാപുരം, പേജ്. 236, വില. 150.

തോമാശ്ലീഹായുടെ കേരള ക്രൈസ്തവസഭ

തട്ടുങ്കൽ സഖറിയാ മാണി

കേരള ക്രൈസ്തവർക്കും തമിഴ്നാട്ടുകാർക്കും ആഗോള ക്രൈസ്തവർക്കും ചരിത്രരേഖയായ ഗ്രീക്ക് ഭാഷയിലെ ഖരീതിയോൺ നാടകത്തിന്റെ മലയാള പരിഭാഷയും പഠനവും. ഈജിപ്തിൽ നിന്ന് കണ്ടെടുത്ത ഖരീതിയോൺ നാടകം ചരിത്ര പഠിതാക്കളുടെ സവിശേഷ ശ്രദ്ധ അർഹിക്കുന്നു. പേജ്-102, വില. 100.

മൂശയും മുറവും

ഫാ. വി. തോമസ് പട്ടാഴി



മലങ്കര ഓർത്തഡോക്സ് സഭയുടെ ഞായറാഴ്ച ഏവൻഗേല്യോൻ വായനകളുടെ പഠനം. ഏവർക്കും മനസിലാകുന്ന ഭാഷയും ശൈലിയുമാണ് ഇതിൽ സ്വീകരിച്ചിരിക്കുന്നത്. പ്രഭാഷണത്തിനും ധ്യാനത്തിനും ഉത്തമം. അവതാരിക: ഡോ. യൂഹാനോൻ മാർ മാർ ദിയസ്ക്കോറോസ്, MMTC, പട്ടാഴി, പേജ് 184, വില: 125.

പാമ്പാടിയിലെ മുനി ശ്രേഷ്ഠൻ

ജോയിസ് തോട്ടയ്ക്കാട് (എഡി.)



പാമ്പാടി തിരുമേനിയുടെ പ്രസിദ്ധമായ സുക്തങ്ങൾ, പ്രസംഗങ്ങൾ, കല്പനകൾ, ഡയറിക്കുറിപ്പുകൾ. പാമ്പാടി തിരുമേനിയെ അടുത്തറിഞ്ഞ പ്രമുഖരുടെ രചനകളും പാമ്പാടി തിരുമേനിയെക്കുറിച്ച് വിശദമായ പ്രൗഢ ലേഖന സൂചികയും. അത്യപൂർവ്വമായ അമൂല്യരേഖകളുടെ സമാഹാരം. അവതാരിക: ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ. സോഫിയാ ബുക്സ്, കോട്ടയം. പേജ്-300, വില: 150.

വായന

പാത്താമുട്ടം മാളികയിൽ എം.സി. കുറിയാക്കോസ് റമ്പാൻ

ഡോ. എം. കുര്യൻ തോമസ്

***പാ**ത്താമുട്ടം റമ്പാച്ചൻ* എന്ന പേരിൽ തന്റെ ജീവിതകാലം മുഴുവൻ മലങ്കരയെങ്ങും പ്രശസ്തനായ വ്യക്തിയായിരുന്നു വന്ദ്യ ദിവ്യശ്രീ മാളികയിൽ എം. സി. കുറിയാക്കോസ് റമ്പാൻ. തികഞ്ഞ സഭാ സ്നഹിയും, ഉത്തമ സന്യാസിയും, കാര്യവിചാരണയിൽ വിശ്വസ്ഥനും, പ്രഗൽഭനായ ചിന്തകനും, നല്ല ഒരു കവിയും, ആദർശന സമ്പന്നനായ എഴുത്തുകാരനും, ധ്യാനഗുരുവും ആയിരുന്നു പാത്താമുട്ടം റമ്പാച്ചൻ. വിവിധ വിഷയങ്ങളെ കുറിച്ച് വിശദ പഠനം നടത്തി വിലപിടിപ്പുള്ള അനേകം ലേഖനങ്ങളും ഗ്രന്ഥങ്ങളും *എം. സി. കുറിയാക്കോസ് റമ്പാൻ*, *പാത്താമുട്ടം* എന്ന പേരിലും *എം.സി.കെ.* എന്ന ചുരുക്കപ്പേരിലും അദ്ദേഹം പ്രസിദ്ധീകരിച്ചു.

അദ്ദേഹത്തിന്റെ പ്രവർത്തികളുടെ കൃത്യത തൽക്കാലത്തുതന്നെ പരക്കെ ആദരവു പിടിച്ചുപറ്റത്തക്കവിധം മേന്മയേറിയതായിരുന്നു. ആദ്യത്തെ കാതോലിക്ക നിധി സംഭരണം മുതലുള്ള സഭാപരമായ പിരിവുകൾക്ക് കൃത്യതയും സുതാര്യതയും ഉണ്ടാക്കിയത് അവയുടെ ചുമതലക്കാരനായ റമ്പാച്ചനാണ്. കൂടാതെ മർത്തമറിയം സമാജം, പ്രാർത്ഥനായോഗം, കൺവൻഷൻ ഇവ സംഘടിപ്പിച്ച റമ്പാച്ചൻ അവയ്ക്കൊക്കെ ചട്ടക്കൂടുകൾ ഉണ്ടാക്കുകയും പ്രാർത്ഥനായോഗം, കൺവൻഷൻ, എട്ടുനോമ്പ് ഇവ ക്രമബന്ധമായി നടത്താനുതകുന്ന കൈപ്പുസ്തകങ്ങൾ എഴുതി പ്രസിദ്ധീകരിക്കുകയും ചെയ്തു.

അക്ഷരങ്ങളെ പ്രണയിച്ച ഒരു പുണ്യപിതാവായിരുന്നു എം. സി. കുറിയാക്കോസ് റമ്പാൻ. ആശുപത്രിക്കിടക്കയിൽനിന്നുപോലും അദ്ദേഹം എഴുതിക്കൊണ്ടിരുന്നു. അത് തന്റെ ഒരു ദൈവീക ദൗത്യമായാണ് അദ്ദേഹം കരുതിയത്. ശാശ്വതമൂല്യമുള്ളവയെങ്കിലും അനേകം പ്രസിദ്ധീകരണങ്ങളിലായി ചിതറിക്കിടക്കുന്ന അദ്ദേഹത്തിന്റെ ലേഖനങ്ങൾ ഇന്നു ലഭ്യമല്ല. അതേപോലെ അദ്ദേഹത്തിന്റെ പുനഃപ്രസിദ്ധീകരിക്കപ്പെട്ട അപൂർവം ഗ്രന്ഥങ്ങളിലും അനേകം കൂട്ടിച്ചേർക്കലുകൾ വരുത്തി പൂർവരൂപത്തിൽനിന്നും ഇന്നു വ്യത്യസ്ഥമാക്കി. അതിനേക്കാൾ ഒക്കെ ഉപരി, അദ്ദേഹത്തിന്റെ രചനകളിൽ നിന്നുള്ള ആശയങ്ങൾ പല കവികളും എഴുത്തുകാരും സ്വന്തം പ്രസിദ്ധീകരണങ്ങളിൽ ശ്രോതസ് വെളിപ്പെടുത്താതെയും, കടപ്പാട് സൂചിപ്പിക്കാതെയും സ്വന്ത അഭിപ്രായങ്ങളായി ഇന്നു പ്രസിദ്ധീകരിക്കുന്നുണ്ട്.

ഈ സാഹചര്യത്തിലാണ് എം. സി. കുറിയാക്കോസ് റമ്പാച്ചന്റെ ജീവിതകാല സമ്പാദ്യവും അനർഘ നിക്ഷേപങ്ങളുമായ രചനകൾ സമാഹരിച്ച് ഒറ്റ വാല്യമായി പ്രസിദ്ധീകരിക്കാൻ ഞങ്ങൾ തീരുമാനിച്ചത്. പ്രശസ്ത ഗവേഷകനായ ഡോ. എം. കുര്യൻ തോമസാണ് ഇവ സമാഹരിച്ച് എഡിറ്റു ചെയ്തത്. മലങ്കര സഭയുടെ ഔദ്യോഗിക പ്രസിദ്ധീകരണവിഭാഗമായ എം.ഒ.സി. പബ്ളിക്കേഷൻസ് ഇതിന്റെ പ്രസാധനം ഏറ്റെടുത്തത് നന്ദിപൂർവം സ്മരിക്കട്ടെ.

എം. സി. കുറിയാക്കോസ് റമ്പാച്ചന്റെ ജീവിതരേഖയും, അദ്ദേഹത്തെപ്പറ്റിയുള്ള സ്മരണകളും, അദ്ദേഹത്തിന്റെ രചനകളും, അവയെപ്പറ്റിയുള്ള വിശകലനങ്ങളും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വിജ്ഞാനദാഹികൾക്ക് ഒരു മുതൽക്കൂട്ടാകുന്ന *മാളികയിൽ എം. സി. കുറിയാക്കോസ് റമ്പാൻ - സ്മരണകൾ രചനകൾ* എന്ന ഈ കൃതി സസന്തോഷം അവതരിപ്പിക്കുന്നു. ആയിരത്തിൽപ്പരം പേജുള്ള ഈ കൃതിയിൽ എം.സി. കുറിയാക്കോസ് റമ്പാച്ചന്റെ ജീവിതവും ദർശനവും സമഗ്രമായി മനസിലാക്കുവാൻ കഴിയുന്നു. ഇതിൽ എം.സി. കുറിയാക്കോസ് റമ്പാച്ചന്റെ എഴുത്തുകളുടെ സൗന്ദര്യം ദീർഘമായി ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ പഠനവിധേയമാക്കിയിട്ടുണ്ട്. ഇതിന്റെ പ്രസാധനത്തിൽ സഹകരിച്ച എല്ലാവർക്കും നന്ദിയും അറിയിക്കുന്നു. എം.ഒ.സി., കോട്ടയം. വില - 600 രൂപ.

- ഡോ. എം. എസ്. അലക്സാണ്ടർ

സെന്റ് ജോർജ് ഓർത്തഡോക്സ് സിറിയൻ ചർച്ച്

കമ്മന സീനായ്ക്കുന്ന്

കമ്മന പി. ഓ., മാനന്തവാടി, പിൻ – 670645



ദേവാലയ
പണിയിൽ
സഹകരിക്കൂ...
സഹായിക്കൂ...





മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

ദൈവകൃപയാൽ

സുൽത്താൻ ബത്തേരി മെത്രാസന ഇടവകയുടെ

ഏബ്രഹാം മാർ എപ്പിഫാനിയോസ് മെത്രാപ്പോലീത്തായിൽ നിന്നും

നമ്പർ : 88 / 2015

Abraham Mar Epiphanios

സുൽത്താൻ ബത്തേരി ഭദ്രാസനത്തിൽപ്പെട്ട കമ്മന സീനായ്ക്കുന്ന് ദേവാലയം 1960 കളിൽ കുടിയേറ്റക്കാരായ കർഷകരാൽ പണിയപ്പെട്ട ഓർത്തഡോക്സ് ദേവാലയമാണ്. 114 കുടുംബങ്ങളാണ് ഇവിടെയുള്ളത്. ഭൂരിഭാഗവും കൂലിപ്പണിക്കാരായ ചെറുകിട കർഷകരാണ്. നിലവിലുണ്ടായിരുന്ന ദേവാലയം കാലപ്പഴക്കത്താൽ പൊളിഞ്ഞു വീഴാറായി. 50 ലക്ഷം രൂപായിൽ തീരുന്ന ഒരു കൊച്ചു ദേവാലയമാണ്. അതുപ്രകാരം ഇടവകാംഗങ്ങളിൽ നിന്നും 30 ലക്ഷം രൂപയോളം കളക്ട് ചെയ്തു. എന്നാൽ പെട്ടെന്നുണ്ടായ എല്ലാവിധത്തിലുമുള്ള വില വർദ്ധന കാരണം പകുതി പണികൾ മാത്രമെ തീർക്കുവാൻ സാധിച്ചിട്ടുള്ളൂ. ഇനിയുള്ള പണികൾ തീർക്കുവാൻ പരിശുദ്ധ സഭാംഗങ്ങളുടെ ഹൃദയപൂർവ്വമായ സഹായ സഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു. പള്ളി പണിക്ക് ലഭിക്കുന്ന എല്ലാ തുകയ്ക്കും രസീത് നൽകുകയും കണക്കുകൾ അച്ചടിച്ച് പ്രസിദ്ധീകരിക്കുകയും ചെയ്യും. എല്ലാവരുടെയും സ്നേഹപൂർവ്വമായ കൈതാങ്ങലുകൾ പ്രതീക്ഷിച്ചുകൊള്ളുന്നു.

സ്നേഹത്തോടെ....

Fr. George Thomas Pattupala (Vicar)
George Pannekattu (Trustee)
Shibi Nellichuvattil (Secretary)

Mob. 9446959530

CHURCH ACCOUNT DETAILS

Bank : Canara Bank-Mananthavady
Name : Vicar and Trustee - St. George Orthodox Church Seenaikunnu Kammana
A/c No. : 0248101013759
IFC Code : CNRB0000248

വിജയികൾ

അഖില മലങ്കര സൺഡേ സ്കൂൾ മത്സര പരീക്ഷയിൽ ഒന്നാം സ്ഥാനം നേടിയ എം.ജി. എം. സൺഡേ സ്കൂൾ വിദ്യാർത്ഥിനി റീമാ രഞ്ജിത്ത്. പൊങ്ങന്താനം വെട്ടിക്കുന്നേൽ സെ. ജോർജ് പള്ളിയിൽ വാഴയ്ക്കൽ രഞ്ജിത്ത് ഇട്ടിയുടെയും മഞ്ജു രഞ്ജിത്തിന്റെയും മകൾ.

സെൻട്രൽ സോൺ ജൂണിയർ വേദവാക്യ മത്സരത്തിൽ ഒന്നാം സ്ഥാനം നേടിയ ദിയ എൽസ വർഗീസ്. കുഴിമറ്റം സെ. ജോർജ് സൺഡേ സ്കൂൾ വിദ്യാർത്ഥിനിയും എരുമത്താന്ത് പുവേലിൽ ഗീവർഗീസ് കുര്യന്റെയും സീമ മാത്യുവന്റെയും മകൾ.



സൺഡേ സ്കൂൾ സൗത്ത് സോൺ ഹയർ സെക്കണ്ടറി ഉപന്യാസ മത്സരത്തിൽ രണ്ടാം സ്ഥാനം ലഭിച്ച ചെങ്കുളം സെ. ജോർജ് ഇടവകയിലെ ജോർജ് മാത്യൂസ്. കൂടാരപ്പള്ളിൽ ബിജു എം. ജോർജിന്റെയും, ഷീല ബിജുവിന്റെയും മകൻ.

സൺഡേ സ്കൂൾ സൗത്ത് സോൺ ഹയർ സെക്കണ്ടറി വിഭാഗത്തിൽ പ്രസംഗ മത്സരത്തിന് രണ്ടാം സ്ഥാനം നേടിയ രേഷ്മ എൽ.ആർ. കടമ്പനാട് സെ. തോമസ് കത്തീഡ്രൽ ഇടവകയിലെ ഏഴാം മൈൽ വലിയവിള വടക്കതിൽ റെജി കുഞ്ഞുകുഞ്ഞിന്റേയും ലാലി റെജിയുടേയും മകൾ.



പരുമല സെമിനാരി : പരുമല സെമനാരിയിൽ നവീകരിച്ച ഓഫീസിന്റെ കൂദാശ പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവ നിർവ്വഹിക്കുന്നു. കുറിയാക്കോസ് മാർ ക്ലീമീസ്, എബ്രഹാം മാർ എപ്പിഫാനിയോസ്, ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്, സഖറിയാ മാർ അന്തോണിയോസ്, വൈദിക ട്രസ്റ്റി ഫാ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ട്, പരുമല സെമിനാരി മാനേജർ ഫാ. എം.സി. കുറിയാക്കോസ് എന്നിവർ സമീപം.

ഫാ.ഡോ.സി.ടി.ഈപ്പൻ അനുസ്മരണ സമ്മേളനം പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്യുന്നു. ഫാ. തോമസ് വർഗീസ് ചാവടിയിൽ, ഡി.കെ. ജോൺ, സഖറിയാസ് മാർ അന്തോണിയോസ്, ഫാ. കെ.സി. സാമുവൽ, എ.കെ. തോമസ്, ഫാ. ഡോ. കെ.എം. ജോർജ്, യാക്കോബ് മാർ ഏലിയാസ് എന്നിവർ സമീപം. *(പേജ് 42 കാണുക)*

മംഗല്യനിധി: പാമ്പാടി കുര്യാക്കോസ് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ ചരമ കനക ജൂബിലിയോടനുബന്ധിച്ച് പവിത്ര സ്മൃതി മംഗല്യ നിധി പദ്ധതിയിലൂടെ വിവാഹിതരായ ദമ്പതികളുടെ സംഗമം പാമ്പാടി ദയറായിൽ നടന്നപ്പോൾ.

പിതാക്കന്മാരുടെ ഓർമ്മപ്പെരുന്നാൾ

ചെങ്ങന്നൂർ:- യൂഹാനോൻ മാർ ഈവാനിയോസ് എപ്പിസ്ക്കോപ്പായുടെ 222-ാം ഓർമ്മ ഏപ്രിൽ 21-ന് ചെങ്ങന്നൂർ പഴയ സുറിയാനി പള്ളിയിൽ.

കടമ്പനാട്:- മൂന്നാം മാർത്തോമ്മായുടെ 328-ാം ഓർമ്മ ഏപ്രിൽ 22-ന് കടമ്പനാട് കത്തീഡ്രലിൽ.

അങ്കമാലി:- ഒന്നാം മാർത്തോമ്മായുടെ 346-ാം ഓർമ്മ ഏപ്രിൽ 25-ന് അങ്കമാലി ചെറിയ പള്ളിയിൽ.

വടക്കൻ പറവൂർ:- മാർ ഗ്രീഗോറിയോസ് അബ്ദൽ ജലീൽ ബാവായുടെ 345-ാം ഓർമ്മ ഏപ്രിൽ 27-ന് വടക്കൻ പറവൂർ പള്ളിയിൽ.

പാമ്പാക്കുട:- മാർ ബസേലിയോസ് പൗലോസ് പ്രഥമൻ കാതോലിക്കാ ബാവായുടെ 103-ാം ഓർമ്മ മെയ് 3-ന് പാമ്പാക്കുട ചെറിയ പള്ളിയിൽ.

കൊരട്ടി:- യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ 26-ാം ഓർമ്മ മെയ് 16-ന് കൊരട്ടി സീയോൻ സെമിനാരിയിൽ.

കോട്ടയം:- പുന്നത്ര മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്തായുടെ 191-ാം ഓർമ്മ മെയ് 19-ന് കോട്ടയം ചെറിയ പള്ളിയിൽ.

30th Death Anniversary
15-04-1986



Rev. Fr. P. J. Abraham Kallummoottil
(കല്ലുംമൂട്ടിൽ അച്ചൻ)
നെടുമ്പായിക്കുളം

സെന്റ് മേരീസ് ഓർത്തഡോക്സ് ഇടവകയുടെ
സ്ഥാപക വികാരി

P.C. Babychen *(Prop.)*
Pulimoottil

Mob : 9497748554
9995217132

PULIMOOTTIL METAL & VESSELS
Palace View
Changancherry - 686 101

Sales and Service : All Kinds of Church Goods

ഡോ. യൂഹാനോൻ മാർ ദിയസ്ക്കോറോസ്
കോട്ടയം ഭദ്രാസന സഹായ മെത്രാപ്പോലീത്താ



പാമ്പാടി: കോട്ടയം ഭദ്രാസന സഹായ മെത്രാപ്പോലീത്തായായി നിയമിതനായ മദ്രാസ് ഭദ്രാസനാധിപൻ ഡോ. യൂഹാനോൻ മാർ ദിയസ്ക്കോറോസ് മെത്രാപ്പോലീത്താ. അഭി. ഗീവർഗീസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ ദേഹവിയോഗത്തെ തുടർന്ന് 2013 ഏപ്രിൽ 12 മുതൽ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ കോട്ടയം ഭദ്രാസന ഭരണം നിർവ്വഹിച്ചു വരികയായിരുന്നു.

കോട്ടയം മെത്രാസന കേന്ദ്രമായ പാമ്പാടി മാർ കുറിയാക്കോസ് ദയറാ ആസ്ഥാനമാക്കി 2016 ഏപ്രിൽ 5 മുതൽ ഭദ്രാസന ഭരണം നിർവ്വഹിക്കും.

ഓർത്തഡോക്സ് വൈദിക സെമിനാരി പ്രൊഫസറും മലങ്കര സഭ മാസിക ചീഫ് എഡിറ്ററുമായിരുന്നു.

സൺഡേസ്ക്കൂൾ സൗത്ത് സെൻട്രൽ സോൺ സീനിയർ വിഭാഗം സഹപാഠ്യ മത്സരം പ്രസംഗത്തിൽ ഒന്നാം സ്ഥാനവും വേദവാക്യത്തിൽ രണ്ടാം സ്ഥാനവും പൊതുവിജ്ഞാനത്തിൽ രണ്ടാം സ്ഥാനവും നേടിയ ആഷ്നാ അന്നാ വർഗീസ്. പത്താം ക്ലാസ്സ് പരീക്ഷയിൽ A+ ഗ്രേഡും കരസ്ഥമാക്കിയിട്ടുണ്ട്. കനകപ്പാലം സെ. ജോർജ് വലിയ പള്ളിയിൽ പറപ്പള്ളിൽ പരേതനായ വർഗീസ് ചാക്കോയുടെയും റോസമ്മ വർഗീസിന്റെയും ഏകമകൾ



സൺഡേസ്ക്കൂൾ സെൻട്രൽ സോൺ ഹയർസെക്കണ്ടറി വിഭാഗം സഹപാഠ്യ മത്സരത്തിൽ വേദവാക്യത്തിന് രണ്ടാം സ്ഥാനം നേടിയ തോമസ് കുര്യൻ. കുറ്റപ്പുഴ മാർ ഗ്രിഗോറിയോസ് ഇടവകയിൽ കരുവേലിൽ കുര്യൻ തോമസിന്റെ മകൻ.

അശ്രുപൂജ

മരണം : 21 മാർച്ച് 2016



വെരി. റവ. സി. എം. ഫിലിപ്പോസ്
റമ്പാൻ കോർ എപ്പിസ്ക്കോപ്പ

ചക്കാലയിൽ
പുത്തൻകാവ്, ചെങ്ങന്നൂർ

(വാകത്താനം വള്ളിക്കാട്ട് ദയറാ മുൻ മാനേജരും മുൻ സഭാ മാനേജിംഗ് കമ്മിറ്റി അംഗവുമായ ചെങ്ങന്നൂർ പുത്തൻകാവ് ചക്കാലയിൽ സി.വി. മത്തായിയുടെയും അച്ചാമ്മയുടെയും മകൻ)

Inserted By

സഹോദരങ്ങൾ:

ജേക്കബ് മാത്യു, ദീനാമ്മ, പരേതനായ സി.എം. ജോർജ്,
സി.എം. തോമസ്, സി.എം. മത്തായി

THE MALANKARA SABHA,
CATHOLICATE ARAMANA, KOTTAYAM-686 004
Published on 10/April/2016

RNI No. 3076/57, Reg. No. KL/KTM/39/2015-17
License No. KL/CR/KTM/WPP-36/2015-17
Licensed to Post Without Pre-Payment

PRINTED AND PUBLISHED BY FR. DEEPU PHILIP, CATHOLICATE ARAMANA, DEVALOKAM ON BEHALF OF ORTHODOX VISWASA PARIPALANA SAMITHY, DEVALOKAM, KOTTAYAM. AND PRINTED AT CATHOLICATE PRESS, DEVALOKAM KOTTAYAM AND PUBLISHED AT CATHOLICATE ARAMANA, DEVALOKAM P.O., VIA MUTTAMBALAM, KOTTAYAM, KERALA-686004, CHIEF EDITOR FR. DR. JOHN THOMAS KARINGATTIL

Rs. 15/-